കടമ്പൂര് ഗ്രാമപഞ്ചായത്ത്


ജനകീയാസൂത്രണം

സമഗ്ര വികസനരേഖ



1996

കടമ്പൂർ ഗ്രാമപഞ്ചായത്ത്
വാർഡുകൾ



144 - 4

കടമ്പൂര് ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണം

വികസന റിപ്പോർട്ട്

1996

ജനകീയാസൂത്രണം
ജില്ലാ റിസോഴ്സ് പേഴ്സൺസ്
കടമ്പൂർ പഞ്ചായത്ത്

കണ്ടം ചിറക്കൽ നാരായണൻ
വി.ചന്ദ്രബാബു
എം. എൻ. പ്രസന്നകുമാർ
ദിനേശൻ. എം.
പ്രിയാ ആനപ്പാലം
കെ. വി.പത്മജ
ജയരാജൻ.കെ.വി (കുരിന്തവീട്ടിൽ)
ജയരാജൻ.കെ.വി. (റീനാലയം)
കെ. കെ.ഭാസ്കരൻ
പി.മോഹനൻ

കടമ്പൂർ ഗ്രാമപഞ്ചായത്ത്
ഭരണസമിതി



കെ. രോഹിണി
പ്രസിഡൻറ്



വി. ഖാലിദ് ഹാജി
വൈസ് പ്രസിഡൻറ്




എം. ടി. കുഞ്ഞിരാമൻ നമ്പ്യാർ
ചെയർമാൻ സ്റ്റാൻഡിങ്ങ് കമ്മിറ്റി

മെമ്പർമാർ




വി. വി. ഇബ്രാഹിം മാസ്റ്റർ




എടക്കാട് പ്രേമരാജൻ



സാവിത്രി രാഘവൻ




കെ. ദാസൻ



കണ്ണോത്ത് വിജയൻ



കെ. ശാരദ



''ഇന്ത്യതന്നാത്മാവു ഗ്രാമമാണെന്നുള്ള -
ഗാന്ധിയൻ സിദ്ധാന്തമേർക്കൊണ്ടുയരുവാൻ
അദ്ധ്വാനശീലർ തൻ ഗ്രാമീണ ശക്തിയാൽ
അർത്ഥവത്താക്കും വികസന വിപ്ലവം.

ഗ്രാമം പുതുക്കി പണിയാൻ യുവാക്കളാൽ
ക്ഷേമം പുലർത്തുവാൻ സ്വപ്നസാഫല്യമായ്
തൂവലും തൂമ്പയും മാറിമാറിപിടി -
ച്ചാസൂത്രണത്തിന്റെ ധാരയായ് മാറുവിൻ''

ആമുഖം

സ്വാതന്ത്ര്യസമരം ശക്തിപ്പെട്ടു തുടങ്ങിയ നാളുകളിൽ തന്നെ ഇന്ത്യയിലെ ദേശീയ നേതാക്കൾ ആസൂത്രണം സംബന്ധിച്ച ഗൗരവമായ ആലോചനകൾ നടത്തിയിരുന്നു. 1909 ൽ എഴുതിയ ഹിന്ദു സ്വരാജിൽ തന്റെ ഭാവനയിലുള്ള ഭാരതത്തെക്കുറിച്ച് ഗാന്ധിജി വ്യക്തമായ ഒരു ചിത്രം അവതരിപ്പിച്ചിരുന്നു. 1931 ലെ കറാച്ചി കോൺഗ്രസ്സ് സമ്മേളനം ഇന്ത്യയുടെ സാമൂഹ്യ വ്യവസ്ഥയെ കുറിച്ച് സമഗ്രമായി ചർച്ച ചെയ്തു. രാജ്യ വികസനത്തിന് ഒരു പദ്ധതി തയ്യാറാക്കാൻ തീരുമാനിക്കുകയുണ്ടായി. 1937 കളിലെ പ്രവിശ്യാ തെരഞ്ഞെടുപ്പുകളെ തുടർന്ന് അന്നത്തെ കോൺഗ്രസ്സ് പ്രസിഡൻറായിരുന്ന സുഭാഷ് ചന്ദ്രബോസ് 1939-ൽ ജവഹർലാൽ നെഹ്റു ചെയർമാനായി ഒരു ആസൂത്രണ സമിതിക്ക് രൂപം നൽകുകയുണ്ടായി. സർ. എം. വിശ്വേശ്വരയ്യ, വ്യവസായിയായ ജി.ഡി. ബിർള എന്നിവർ ഇതിനകം തന്നെ ഇന്ത്യയെ സമഗ്രമായി വ്യവസായ വൽക്കരിക്കുന്നതിനുള്ള പദ്ധതി രേഖകൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചിരുന്നു. വിവിധ മേഖലകളിൽ അടിസ്ഥാനപരമായ മാറ്റം വരുത്തുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ള ഗാന്ധിയൻ പദ്ധതിയും ഇന്ത്യൻ ആസൂത്രണ വിദഗ്ദ്ധരുടെ സജീവ പരിഗണനയ്ക്ക് വിധേയമാകുന്നുണ്ട്. വ്യത്യസ്ത സമീപനങ്ങളോട് കൂടിയ ഈ പദ്ധതി നിർദ്ദേശങ്ങളെല്ലാം കണക്കിലെടുത്ത് കൊണ്ടാണ്. ആദ്യത്തെ പ്രധാന മന്ത്രിയായ ജവഹർലാൽ നെഹ്റു പഞ്ചവത്സരപദ്ധതികൾക്ക് രൂപം നൽകിയത്.

ലക്ഷ്യമിട്ടിരുന്ന നേട്ടങ്ങൾ പൂർണ്ണമായി കൈവരിക്കാൻ കഴിഞ്ഞില്ലെങ്കിലും കാർഷിക മേഖലയിലും വ്യാവസായിക മേഖലയിലും ശാസ്ത്ര സാങ്കേതിക രംഗത്തുമെല്ലാം വൻ മുന്നേറ്റങ്ങളുണ്ടാക്കാൻ നമ്മുടെ പഞ്ചവൽസര പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്. ഭക്ഷ്യ വസ്തുക്കളുടെ കാര്യത്തിൽ സ്വയം പര്യാപ്തമാവാൻ കഴിഞ്ഞതും ഉരുക്ക് വ്യവസായങ്ങൾക്ക്

അടിത്തറയിട്ടതും ആണവോർജത്തിന്റെയും ഉപഗ്രഹ വിക്ഷേപണത്തിന്റെയും മേഖലയിൽ മുന്നേറാൻ കഴിഞ്ഞതുമെല്ലാം വിവിധ പദ്ധതികളുടെ നേട്ടങ്ങളാണ്.

പിന്നിട്ട പദ്ധതികളെ വിമർശനമായി വിലയിരുത്തുമ്പോൾ നമ്മുടെ ആസൂത്രണം മനുഷ്യ വിഭവശേഷിയെ പ്രയോജനപ്പെടുത്താതെ പോയെന്നും ഭൂപ്രകൃതി ജലലഭ്യത, കാലാവസ്ഥ എന്നിവയുടെ പ്രത്യേകതകൾ കണക്കിലെടുക്കാൻ കഴിയാത്ത വിധത്തിൽ കേന്ദ്രീകൃതമായി പോയെന്നും പലരും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. പദ്ധതിയുടെ ഗുണഫലങ്ങൾ താഴെ തട്ടിലേക്ക് എത്തുമ്പോൾ ചോർന്നു പോകുന്നുവെന്നും പലപദ്ധതികളും വിവിധ പദ്ധതികളുടെ ചുവപ്പു നാടയിൽ കുരുങ്ങി ഗണ്യമായ കാലതാമസത്തിന് ഇടയാക്കിയെന്നും വിമർശിക്കപ്പെട്ടിട്ടുണ്ട്. പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും ജന പങ്കാളിത്തം ഉറപ്പു വരുത്തിയാൽ മാത്രമേ ഈ പ്രശ്നങ്ങളെ മറികടക്കാൻ കഴിയൂ എന്ന് സാമ്പത്തിക വിദഗ്ദ്ധർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇതിന്റെയെല്ലാം വെളിച്ചത്തിൽ പുതിയ പഞ്ചായത്ത് രാജ് നിയമം അനുവദിക്കുന്ന സാധ്യതകൾ പ്രയോജനപ്പോടുത്തിക്കൊണ്ട് കേരളത്തിന്റെ 9ാം പദ്ധതി ജനകീയ പദ്ധതിയായി താഴെതലത്തിൽ നിന്ന് രൂപപ്പെടുത്തിയെടുക്കാനുള്ള ശ്രമമാണ് സംസ്ഥാന ഗവൺമെന്റും സംസ്ഥാന പ്ലാനിങ്ങ് ബോർഡും ആരംഭിച്ചിരിക്കുന്നത്. 9ാം പദ്ധതിയുടെ 35–40 ശതമാനം വരുന്ന തുക പഞ്ചായത്തുകളിലൂടെ ചെലവഴിക്കാനാവുന്ന വിധത്തിൽ പ്രാദേശിക വിഭവസമാഹാരത്തിന്റെയും സന്നദ്ധ പ്രവർത്തനങ്ങളുടെയും സാധ്യത ഉൾപ്പെടുത്തിക്കൊണ്ടുള്ള പഞ്ചവത്സര പദ്ധതി തയ്യാറാക്കാനാണ് പഞ്ചായത്തുകളോട് നിർദ്ദേശിച്ചിരിക്കുന്നത്.

പഞ്ചായത്ത് തലത്തിൽ പദ്ധതികൾക്ക് രൂപം നല്കുമ്പോൾ അത് ജനങ്ങളുടെ ആശയാഭിലാഷങ്ങൾ പ്രതിഫലിക്കുന്നതാവണം. അതേസമയം നാടിന്റെ

പൊതുവായ പ്രശ്നങ്ങൾ കണക്കിലെടുത്ത് കൊണ്ടുള്ള മുൻഗണനാക്രമങ്ങളിൽ നിന്ന് പിറകോട്ട് പോകാൻ പറ്റുകയുമില്ല. ഇക്കാര്യം വിശദീകരിച്ചുകൊണ്ടാണ് എല്ലാ പഞ്ചായത്തുകളിലും ജനകീയാസൂത്രണത്തെ പറ്റി ആലോചിക്കാനായി മാത്രം വിശേഷാൽ ഗ്രാമസഭകൾ ചേർന്നത്. മുഴുവൻ വാർഡുകളിലും ഗ്രാമസഭകൾ ചേരുകയും നിർദ്ദേശിക്കപ്പെട്ട മുഴുവൻ വികസന മേഖലകളെക്കുറിച്ചും ഫലപ്രദമായ ചർച്ചകൾ നടക്കുകയുമുണ്ടായി. ഗ്രാമസഭകളിൽ ചർച്ചകൾ നയിക്കാനും പഞ്ചായത്തിന്റെ സ്ഥിതി വിവരങ്ങൾ പഠിക്കുന്നതിനുമായി 44 പേർ അടങ്ങുന്ന ഒരു ഗ്രൂപ്പിന് ആദ്യ ഘട്ടത്തിൽ പരിശിലനം നൽകുകയുണ്ടായി. വിവിധ മേഖലകളിൽ വൈദഗ്ദ്ധ്യമുള്ള ആളുകളെ കൂടി പങ്കെടുപ്പിച്ചുകൊണ്ട് രണ്ടാം ഘട്ടത്തിൽ 58 പേർക്കും പരിശീലനം നല്കുകയുണ്ടായി. ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന നിർദ്ദേശങ്ങളും പഞ്ചായത്തിന്റെ സ്ഥിതി വിവര കണക്കുകളും പഞ്ചായത്ത് ഭരണ സമിതി അംഗങ്ങളും റിസോഴ്സ് ഗ്രൂപ്പും നടത്തിയ ഗ്രാമ പഠനത്തിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞ വിവരങ്ങളും പഞ്ചായത്തിലെ വിവിധ വകുപ്പുകളിൽ നിന്ന് ലഭിച്ച നടപ്പു പദ്ധതികളെ കുറിച്ചുള്ള അവലോകനവുമെല്ലാം ചേർത്തു കൊണ്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ചരിത്രം

പഴയകാല ചരിത്ര പുസ്തകങ്ങളിലൊന്നും കടമ്പൂരിന്റെ പേര് സ്ഥാനം പിടിച്ചതായി കാണുന്നില്ല. തൊട്ടടുത്തുള്ള ഒരികര, കോട്ടൂര്, കണ്ണാടിച്ചാൽ, ആഡൂര് ദേശങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു റവന്യൂ വില്ലേജ് രൂപീകരിക്കുന്നതുവരെ കടമ്പൂര് എന്നത് ഒരു ചെറിയ ദേശത്തിന്റെ പേരു മാത്രമായിരുന്നു. ഈ പ്രദേശത്തെ ഏതാനും കാവുകൾ മാത്രമാണ് പഴയകാല ചരിത്രത്തെ സംബന്ധിച്ച ചെറിയ സൂചനകളെങ്കിലും തരുന്നത്. കണ്ടൽ വർഗ്ഗത്തിൽ പെട്ട കടമ്പ് ചെടികളുടെ സാന്നിദ്ധ്യം കൊണ്ടാവുമോ കടമ്പൂര് എന്ന പേര് വന്നത് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

വില്യം ലോഗന്റെ 'മലബാർ മാനുവലിൽ' പരാമർശിച്ചിട്ടുള്ള 'രണ്ടത്തറ' (രണ്ടുതറ) യിൽ ഉൾപ്പെടുന്ന പ്രദേശമാണ് കടമ്പൂര്. ഇത് പഴയ ചിറക്കൽ താലൂക്കിന്റെ ഭാഗമായിരുന്നു. അടുത്ത കാലം വരെ ജാതി വ്യവസ്ഥ പ്രബലമായിരുന്നു. ഭൂസ്വത്തിന്റെ അവകാശികൾ നമ്പൂതിരിമാരോ, നമ്പ്യാർമാരോ ആയിരുന്നു. വെള്ളൂരില്ലം, മുല്ലപ്പള്ളി ഇല്ലം, അരയത്ത്, ആയില്ല്യത്ത്, കടയപ്രത്ത് എന്നിവരായിരുന്നു ഈ പ്രദേശത്തെ പ്രധാന ജന്മിമാർ. നമ്പൂതിരി നമ്പ്യാർ, തിയ്യർ, വാണിയർ, മലയർ, ചാലിയർ, വണ്ണാൻ, വളഞ്ഞിയർ (നാവുതീയർ), കാവുതീയർ , കണിയർ, പുള്ളുവർ, പുലയർ, ആശാരി, തട്ടാൻ, കൊല്ലൻ, കുശവൻ, വെളുത്തേടത്ത് നായർ, ഊരാളി നായർ, ചെട്ടിനായർ എന്നീ സമുദായക്കാർ ഈ പ്രദേശത്ത് വളരെക്കാലമായി ജീവിച്ചു പോരുന്നു. പിൽക്കാലത്ത് ഇസ്ലാം മതത്തിനും ഈ പ്രദേശത്ത് പ്രചാരമുണ്ടായി. അടുത്തകാലത്ത് ഏതാനും ക്രിസ്തീയ കുടുംബങ്ങൾ ഇവിടെ കുടിയേറി പാർത്തിട്ടുണ്ട്.

ജാതിവ്യവസ്ഥ നിലനിന്നിരുന്ന കാലത്ത് തീണ്ടലും തൊട്ടുകൂടായ്മയുമൊക്കെ ഉണ്ടായിരുന്നു. താഴ്ന്ന ജാതിക്കാർക്ക് ചില പ്രദേശങ്ങളിൽ കൂടി വഴി നടക്കാൻ പോലും സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. നമ്പൂതിരിമാരും മറ്റും വഴി പോകുമ്പോൾ തീണ്ടൽ ജാതിക്കാർ മാറിനില്ക്കാൻ വേണ്ടി അവരെ അനുഗമിക്കുന്ന പരിചാരകർ ശബ്ദമുണ്ടാക്കി കൊണ്ടാണ് പോയിരുന്നത്. ഉയർന്ന ജാതിക്കാരുടെ കിണറുകളിൽ നിന്ന് വെള്ളം കോരാനും സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. നമ്പൂതിരിമാർക്കും, നമ്പ്യാർമാർക്കും അല്ലാതെ ക്ഷേത്രക്കുളങ്ങളിൽ കുളിക്കാൻ പറ്റുമായിരുന്നില്ല. എന്നാൽ അക്കാലത്തും പല സമുദായക്കാർക്കും അവരുടേതായ കാവുകളുണ്ടായിരുന്നു. കച്ചേരിക്കാവ് നമ്പ്യാർമാരുടേതും, നായർമാരുടേതും, കടമ്പൂർകാവ് വാണിയരുടെതും പുതിലാട്ട്, പുത്തൻപുര മാപ്പുര, പനച്ചിക്കാവ്, കൂലോത്ത് കാവ് എന്നിവ തിയ്യരുടേതും നെല്ലിയോട്ട് ശ്രീ കൂർമ്പക്കാവ്, മേലേടത്ത് കാവ് ആശാരി മാരുടേതുമാണ്. വിദ്യാഭ്യാസം

പ്രചരിക്കുകയും ജനകീയ മുന്നേറ്റങ്ങൾ ഉണ്ടാവുകയും ചെയ്തതിന്റെ ഫലമായാണ് ജാതി വ്യവസ്ഥ ക്ഷയിച്ചത്.

പഴയകാലത്ത് ചില ജോലികൾ ചില ജാതിക്കാരുടെ കുലത്തൊഴിലായിരുന്നു. കള്ള് ചെത്തും, ചക്കര നിർമ്മിക്കലും തീയ്യരുടേതും കൊപ്രയാട്ടി എണ്ണ എടുക്കൽ വാണിയരുടേതും തുണി നെയ്ത്ത് ചാലിയരുടേതും മൺപാത്രനിർമ്മാണം കുശവരുടേതും ആയിരുന്നു. ഈ പ്രദേശത്തെ അംശം അധികാരിയുടെ ജോലി അന്ന് പാരമ്പര്യമായി തിക്കൽ വീട്ടുകാർക്കായിരുന്നു. ആദ്യത്തെ അധികാരി കണ്ണൻ അപ്പ നമ്പ്യാരായിരുന്നു. അദ്ദേഹം സംസ്കൃത പണ്ഡിതനും പ്രശസ്ത കവിയുമായിരുന്നു. തുടർന്ന് രാമൻ നമ്പ്യാർ, രാജഗോപാലൻ നമ്പ്യാരും ഈ സ്ഥാനം വഹിച്ചിരുന്നു. രാജഗോപാലൻ നമ്പ്യാർ റവന്യൂ ഇൻസ്പെക്ടറായാണ് വിരിഞ്ഞത്.

ഈ നൂറ്റാണ്ടിന്റെ ആരംഭം മുതൽക്ക് തന്നെ വിദ്യാഭ്യാസ പരിശ്രമങ്ങൾ ഈ പ്രദേശത്ത് ആരംഭിച്ചിരുന്നു. ഗുരുക്കൾ എന്ന് വിളിച്ചുപോന്ന നാട്ടാശാൻമാരാണ് മിക്കയിടങ്ങളിലും കുടിപ്പള്ളിക്കൂടങ്ങൾ ആരംഭിച്ചിരുന്നത്. അമരം, കാവ്യം രൂപം, സംഖ്യാക്രിയകൾ എന്നിവയായിരുന്നു. അക്കാലത്തെ പാഠ്യവിഷയങ്ങൾ . പഠിക്കുവാൻ ഓലയിലുള്ള പുസ്തകങ്ങളാണ് ഉപയോഗിച്ചിരുന്നത്. ഈ കുടിപ്പള്ളിക്കൂടങ്ങൾ പില്ക്കാലത്ത് ഗ്രാൻറ് വ്യവസ്ഥയിലുള്ള സ്ക്കൂളുകളായി പരിണമിച്ചു.

ഇന്ത്യയിലെ സ്വാതന്ത്ര്യസമര പ്രസ്ഥാനം ശക്തിപ്പെട്ടതോടെ അതിന്റെ പ്രതിഫലനങ്ങൾ ഈ പ്രദേശത്തും ഉണ്ടായിട്ടുണ്ട്. കാടാച്ചിറയിലെ നൈറ്റ് സ്ക്കൂളിൽ അധ്യാപകനായി ജോലി നോക്കിയിരുന്ന എ. കെ.ജി ഈ പ്രദേശത്തെ ചെറുപ്പക്കാരെ സംഘടിപ്പിച്ച് കോൺഗ്രസ്സ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കാടാച്ചിറയിലേയും, ആഡൂരിലേയും കള്ളുഷാപ്പ് വിക്കറ്റ് ചെയ്തപ്പോൾ ഷാപ്പുടമകളുടെ ഭാഗത്തു നിന്ന് കയ്യേറ്റമുണ്ടായിട്ടുണ്ട്. സ്വാതന്ത്ര്യസമര സേനാനിയായിരുന്ന കെ.എ. കേരളീയന്റെ തറവാട്ട് വീട് കാടാച്ചിറയിലെ കടയപ്രത്ത് വീടായിരുന്നു. ഹയർ എലിമെന്ററി സ്ക്കൂളിൽ പഠിക്കാനായി കാടാച്ചിറയിൽ താമസിച്ചു കൊണ്ടിരിക്കുന്ന കാലത്താണ് അദ്ദേഹം എ.കെ.ജി യുമായി പരിചയപ്പെടുന്നതും സ്വാതന്ത്ര്യസമരത്തിലേക്ക് ആകൃഷ്ടനാകുന്നതും.

സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന അധ്യാപക നേതാക്കളായ കെ.ഒ. രാമൻ നമ്പ്യാർ, എ. കുഞ്ഞിക്കണ്ണൻ മാസ്റ്റർ എന്നിവർ അധ്യാപകസമരത്തെത്തുടർന്ന് അക്കാലത്ത് ജയിൽ വാസം അനുഭവിച്ചിട്ടുണ്ട്. കൂടാതെ അദ്ധ്യാപക സംഘടനയുടെ കേന്ദ്രസംസ്ഥാനത്തിലെത്തിയ കെ.ഒ. രാമൻ നമ്പ്യാർ കെ.വി കുഞ്ഞിക്കണ്ണൻ നായർ എം.ടി കുഞ്ഞിരാമൻ നമ്പ്യാർ എന്നിവർ ഈ പ്രദേശത്തുകാരാണ്.

വടകരയിൽ വെച്ച് മഹാത്മാഗാന്ധിക്ക് ആഭരണങ്ങൾ സംഭാവനയായി നല്കിയ ഗാന്ധിയൻ ജീവിതം മാതൃകയാക്കിയ വി. കൗമുദി ടീച്ചർ പില്ക്കാലത്ത് ആടൂരിലാണ് സ്ഥിര താമസത്തിന് എത്തിയത്. കൗമുദിഅമ്മയുടെ പിതാവ് കടത്തനാട്ട് രാമവർമ്മ രാജാവും കോൺഗ്രസ്സ് പ്രവർത്തകനും സ്വാതന്ത്ര്യസമര സേനാനിയുമായിരുന്നു. കിട്ട് ഇന്ത്യാസമരകാലത്ത് ചാല മുതൽ ധർമ്മടം വരെയുള്ള റെയിൽവേ ട്രാക്കിലെ ടെലഫോൺ കമ്പി മുറിച്ചു മാറ്റിയതിനുശേഷം ഒളിച്ചോടി ഗാന്ധിജിയുടെ ആശ്രമത്തിൽ എത്തിച്ചേർന്ന സി. അമ്പുകുട്ടി പില്ക്കാലത്ത് പനോന്നേരിയിലാണ് താമസമാക്കിയിരുന്നത്.

മദ്രാസ് അസംബ്ലിയിൽ എം. എൽ. എ യും പിന്നീട് എം.പി യുമായിത്തീർന്ന റെയിൽവെ തൊഴിലാളി യൂനിയൻ നേതാവ് കെ. അനന്തൻ നമ്പ്യാർ കാടാച്ചിറയിലെ കടയപ്പുറത്ത് വീട്ടുകാരനാണ്. ടി.വി. മൊയ്തീൻ സാഹിബ്, ടി.എം. മൊയ്തുകേയി സി.എം. ഗോപാലൻ വൈദ്യർ , രാമപുരം കുഞ്ഞികൃഷ്ണൻ നമ്പ്യാർ എന്നിവരാണ് ഈ പ്രദേശത്തെ സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച മറ്റു പ്രമുഖർ ഖിലാഫത്ത് സമരത്തിൽ പങ്കെടുത്ത ഖിലാഫത്ത് അബ്ദുള്ള പില്ക്കാലത്ത് സമരത്തിൽ പങ്കെടുത്ത പനോന്നേരിയിലാണ് സ്ഥിര താമസമാക്കിത്.

സോഷ്യലിസ്റ്റ് പാർട്ടി കമ്മ്യൂണിസ്റ്റ് പാർട്ടി മുസ്ലീംലീഗ് എന്നീ സംഘടനകൾ രൂപീകരിക്കപ്പെട്ട ആദ്യ നാളുകളിൽ തന്നെ അതിന്റെ പ്രവർത്തനങ്ങൾ ഈ പ്രദേശത്ത് ആരംഭിച്ചിരുന്നു. സവിശേഷമായ ഒട്ടേറെ ആചാരങ്ങൾ ഈ പ്രദേശത്ത് നിലവിലുണ്ടായിരുന്നു. മരിച്ചവരുടെ ആത്മാക്കളെ പൂർവ്വീകരുടെ ആത്മാക്കളുമായി ബന്ധിപ്പിക്കുന്നതിന് എന്ന് കരുതപ്പെടുന്ന വടക്കേമാവ്, (വടക്കിനിവാവ്) ഇക്കൂട്ടത്തിൽ എടുത്ത് പറയേണ്ടതാണ് ഇതിനായി കോഴിയെയും മറ്റും ബലികൊടുക്കുമായിരുന്നു. ഭഗവതിക്കാവുകളിൽ നിന്നുള്ള '.വാളെഴുന്നള്ളിച്ചുവരൽ' വീടുകളിൽ നടത്താറുള്ള പൈങ്കുറ്റി വെക്കൽ മീനമാസത്തെ പൂരോത്സവത്തിന് മണ്ണ്കൊണ്ടോ ചാണകം കൊണ്ടോ കാമൻ, കന്നി, ഗണപതി, എന്നീരൂപങ്ങൾ നിർമ്മിച്ച് പൂജിക്കൽ എന്നിവ ഇവിടുത്തെ സവിശേഷാചാരങ്ങളാണ്. മാവിലാക്കാവിലെ അടിയുത്സവത്തിന്റെ ഭാഗമായി ഒരു ദിവസത്തെ അടി നടക്കാറുള്ള കച്ചേരിക്കാവ് നമ്മുടെ പഞ്ചായത്തിലാണ് .

പുരുഷൻമാർ കുടുമകെട്ടുന്ന പതിവ് ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ വ്യാപകമായുണ്ടായിരുന്നു. ചെറുപ്പക്കാർ കുടുമ മുറിച്ചിരുന്നത് അക്കാലങ്ങളിൽ ധിക്കാരമായി കണക്കാക്കിയിരുന്നു. ഈ നൂറ്റാണ്ടിന്റെ ആദ്യ പകുതിക്ക് ശേഷവും പുരുഷന്മാർ കാതിൽ കടുക്കനണിഞ്ഞിരുന്നു. പുരുഷൻമാർ മീശ വച്ചതുപോലും ഈ നൂറ്റാണ്ടിന്റെ തുടക്കത്തിലുള്ള ഒരു പരിഷ്കാരമാണ്. കവുങ്ങിൽ നിന്ന് ലഭിക്കുന്ന കൂമ്പാള കുട്ടികൾ നഗ്നത മറക്കാൻ ഉപയോഗിച്ചിരുന്നു. ഈ നൂറ്റാണ്ടിന്റെ ആരംഭ ദശയിലൊന്നും സ്ത്രീകൾ മാറ് മറിച്ചിരുന്നില്ല. സാരിയും ബ്ലൗസുമൊക്കെ പ്രചാരത്തിൽ വന്നിട്ട് എതാനും

ദശകങ്ങളെ ആയുള്ളൂ. പനയോലകൊണ്ട് നിർമ്മിക്കുന്ന ഓല ക്കുടകളുടെ വിവിധ രൂപങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നു. കാലുള്ള കുടകളും തൊപ്പിയായി ധരിക്കാവുന്ന കുടകളും. വയലിൽ പണിയെടുക്കുന്ന സ്ത്രീകൾക്ക് ഉപയോഗിക്കാൻ നീളത്തിലുള്ള പനയോലയാണ് ഉപയോഗിച്ചിരുന്നത് (ഇതിന് പിരിയോല എന്നാണ് പറയപ്പെട്ടിരുന്നത്)

ഈ നൂറ്റാണ്ടിന്റെ ആദ്യഭാഗം പിന്നിട്ടതോടെ തന്നെ സഹകരണ പ്രസ്ഥാനം ഈ പ്രദേശത്ത് നാമ്പെടുത്തിരുന്നു. 1917 ജൂൺ പതിനഞ്ചാം തീയ്യതി കൊട്ടയ്ത്ത് അപ്പു മാസ്റ്ററുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വെച്ചാണ് ഇന്ന് കാടാച്ചിറ സർവ്വീസ് ബാങ്കായി മാറിയ കാടാച്ചിറ സർവ്വീസ് സഹകരണ സൊസൈറ്റി രൂപീകരിക്കുന്നത്. കൊട്ടയ്ത്ത് അപ്പു മാസ്റ്റർ, സി. പി ബാപ്പു മാസ്റ്റർ, മംഗലാട്ട് നാരായണൻ നായർ, കെ. രൈരു നായർ, കെ. ജി. മാസ്റ്റർ, വള്ള വീട്ടിൽ ബാപ്പു, കെ. ഒ രാമൻ നമ്പ്യാർ, പഴയനിരത്ത് മുഹമ്മദ്, കെ. വി. ഇബ്രാഹിം കുട്ടി, കെ. അപ്പ നായർ, പാറ ഗോപി, ഇ. കുഞ്ഞമ്പു നായർ, പൂങ്കാക്കണ്ടി നാരായണൻ നായർ, സി. എം ഗോപാലൻ, കറുവൻ മാസ്റ്റർ എന്നിവരായിരുന്നു ഈ പ്രദേശത്തെ ആദ്യകാലത്തെ സഹകാരികൾ,

ഈ നൂറ്റാണ്ടിന്റെ ആരംഭം മുതൽക്കേ കാടാച്ചിറ, എടക്കാട് തപാലാഫീസുകൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്.കടമ്പൂർ ബ്രാഞ്ച് പോസ്റ്റാഫീസ് തുടങ്ങിയിട്ട് ഏതാനും ദശകങ്ങളേ ആയുള്ളൂ. 1983 ൽ ആരംഭിച്ച കാടാച്ചിറ ടെലിഫോൺ എക്സ്ചേഞ്ച് ഏതാനും വർഷം കാടാച്ചിറയിൽ തന്നെയായിരുന്നു പ്രവർത്തിച്ചിരുന്നത്. 1995ൽ അത് പാലയിലെ സ്വന്തം കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചു.

1911 ജനുവരി മൂന്നിനാണ് കാടാച്ചിറ സബ് രജിസ്ട്രാർ ആഫീസ് ആരംഭിച്ചത്. പെരളശ്ശേരി, മുഴപ്പിലങ്ങാട്, കടമ്പൂർ, ചെമ്പിലോട് എന്നീ പഞ്ചായത്തുകളിലും എടക്കാട്, എളയാവൂർ, ചേലോറ എന്നീ പഞ്ചായത്തുകളിലെ ഏതാനും പ്രദേശങ്ങളും ഈ സബ് രജിസ്ട്രാർ ആഫീസിന്റെ പരിധിയിൽ ഉൾപ്പെടുന്നു. ഉദ്ദേശം 4000 ത്തോളം ആധാരങ്ങൾ ഒരു വർഷം രജിസ്റ്റർ ചെയ്യാറുണ്ട്. രജിസ്ട്രാർ ആഫീസ് പ്രവർത്തിക്കുന്നതിനാൽ ആറോളം ആധാരമെഴുത്ത് ഓഫീസുകളും ഇതിന്റെ സമീപത്തായി പ്രവർത്തിക്കുന്നുണ്ട്.

സന്നദ്ധ പ്രവർത്തനത്തിന്റെ വിശിഷ്ടമായ പാരമ്പര്യം നമ്മുടെ പഞ്ചായത്തിനുണ്ട്. നമ്മുടെ പഞ്ചായത്തിലെ വായനശാലകളെല്ലാം പൊതുജനങ്ങൾ മുൻകൈയ്യെടുത്ത് നിർമ്മിച്ചവയാണ്. മിക്കവാറും റോഡുകളെല്ലാം നാട്ടുകാരുടെ ശ്രമദാനം വഴി പൂർത്തിയാക്കിയവയാണ്. പനോന്നേരി ശിവ ക്ഷേത്രം ,ആഡൂരിലെ കീർത്തിമംഗലം വാസുദേവക്ഷേത്രം എന്നിവയുടെ ജീർണ്ണോദ്ധാരണ പ്രവർത്തനങ്ങൾ നാട്ടുക്കാരുടെ മുൻകൈയ്യോടെയാണ് നടന്നത്. വിവാഹം തുടങ്ങിയ ആവശ്യങ്ങളുമായി ബന്ധപ്പെട്ട ജോലികൾ ഇവയെല്ലാം സന്നദ്ധപ്രവർത്തനമായാണ് നാട്ടുകാർ ഏറ്റെടുത്തിരിക്കുന്നത്. 1964 ൽ ഒരു ഹൈസ്കൂൾ

കാടാച്ചിറയിൽ സ്ഥാപിച്ചതും നാട്ടുകാരുടെ ശ്രമ ഫലമായിട്ടാണ്. പിന്നേയും പത്തു ഇരുപതു വർഷങ്ങൾ കഴിഞ്ഞാണ് സമീപത്തുള്ള പഞ്ചായത്തുകളിൽ ഹൈസ്കൂളുകൾ ആരംഭിക്കുന്നത്. ആസൂത്രണത്തിലും നിർവ്വഹണത്തിലും പഞ്ചായത്തിന് കൂടുതൽ പ്രാമുഖ്യം കൈവന്നിരിക്കുന്ന സാഹചര്യത്തിൽ പ്രാദേശിക തലത്തിൽ വിഭവങ്ങൾ സമാഹരിച്ചും സന്നദ്ധ പ്രവർത്തനങ്ങൾ വഴിയും പഞ്ചായത്തിന്റെ സമഗ്രമായ വികസനം ഉറപ്പു വരുത്തുവാൻ ഈ പാരമ്പര്യം നമുക്ക് പ്രചോദനമാകട്ടെ.

ഭൂപ്രകൃതി - ജനപ്രകൃതി

കുന്നുകളും താഴ്വരകളും വയലുകളും ഉൾപ്പെടുന്നതാണ് ഈ പഞ്ചായത്തിലെ ഭൂമി. വയലുകളെ തൊട്ടുകൊണ്ട് സമതലങ്ങളും ചെറിയ ചെരിവുകളും തുടർന്ന് കുത്തനെയുള്ള ചെരിവുകളും അതിനോട് ചേർന്ന് ഉയർന്ന പ്രദേശങ്ങളുമാണ് . വളരെ ചെറിയ ഭാഗം തീരദേശ സമതലവുമുണ്ട്.

കാറാട് മൊട്ട, തട്ടുപറമ്പ്, ആക്കാകുന്നിന്റെ ഭാഗം, വാളങ്കര, മാളികപറമ്പിനോട് ചേർന്ന ഭാഗം കോങ്ങാട്ട് കുന്ന്, കീരിക്കുന്ന്, പോക്കർ മെട്ട, എളവന മെട്ട, കോരമ്പേത്ത് മെട്ട, ശങ്കരൻ നമ്പ്യാർ മെട്ട, കോട്ടൂർ കുന്നമ്പ്രം, ആശാരികുന്ന്,വലിയമെട്ട കരുവാരത്തെരുട്ട എന്നിവപഞ്ചായത്തിലെ ഉയന്ന പ്രദേശങ്ങളാണ്.

മേപ്പാട്ട് താഴെ മന്നമ്പേത്ത് താഴെ ആലാട്ട് താഴെ, ഇടയത്ത് താഴെ, ഇല്ലത്താങ്കണ്ടി താഴെ, കോട്ടൂർ, ഒരികര, കടമ്പൂർ വയൽ, എളവന വയൽ എന്നിവ വയൽ പ്രദേശങ്ങളാണ്.

മമ്മാക്കുന്ന് പുഴയുടെ ഒരു കൈവഴി പഞ്ചായത്തിന്റെ തെക്കു കിഴക്കേ അതിരിലൂടെ കടന്നപോകുന്നു. വേലിയേറ സമയത്ത് ഉപ്പുവെള്ളം കയറുന്നതിനാൽ അതിനോട് ചേർന്ന പ്രദേശം കൃഷിയോഗ്യമല്ലാത്ത ചതുപ്പു നിലമാണ് അതുപൊലെ എടക്കാട്, ചെമ്പിലോട് , പെരളശ്ശേരി, മുഴപ്പിലങ്ങാട് എന്നീ പഞ്ചായത്തുകൾ നമ്മുടെ പഞ്ചായത്തിനോട് ചേർന്നു കിടക്കുന്നു.

മൺതരങ്ങൾ

മൺതരങ്ങളെ അടിസ്ഥാനമാക്കി പഞ്ചായത്തിന്റെ ഭൂപ്രകൃതിയെ ആറായി തരംതിരിക്കാം

1. പുഴയോട് ചേർന്ന ചതുപ്പു നിലം
2. എക്കൽ മണ്ണുള്ള വയൽ പ്രദേശം
3. വയലിനോട് ചേർന്നുള്ള താഴ്വരകൾ
4. ഇടത്തരം ചെരിവുകൾ
5. മേൽത്തട്ടിലെ ചെങ്കൽ പ്രദേശം
6. കടൽ തീരത്തിനടുത്തുള്ള പൂഴി പ്രദേശം

സമതല പ്രദേശങ്ങളാണ് ഉയർന്ന പ്രദേശങ്ങളേക്കാൾ കൂടുതലുള്ളത്.

കാലാവസ്ഥ

കേരളത്തെ പതിമൂന്ന് തരം കാർഷിക കാലാവസ്ഥകളായി തരം തിരിച്ചതിൽ 'വടക്കൻ ഇടനാട്' പ്രദേശത്താണ് നമ്മുടെ പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. സംസ്ഥാന ശരാശരിയെക്കാൾ മഴ കിട്ടുന്നുവെങ്കിലും മഴയുടെ നല്ലൊരു ഭാഗവും മൺസൂൺ കാലത്തെ രണ്ടുമൂന്നു മാസക്കാലത്താണ് ലഭിക്കുന്നത്.,

1991 ലെ മഴയുടെ ലഭ്യത പട്ടികയാക്കി താഴെ കൊടുത്തിരിക്കുന്നു.

മാസം	ജനുവരി	ഫിബ്രവരി	മാർച്ച്	ഏപ്രിൽ	മെയ്	ജൂൺ	ജൂലൈ	ആഗസ്റ്റ്	സപ്തംബർ	ഒക്ടോബർ	നവമ്പർ	ഡിസംബർ
മഴയുടെ അളവ് മി. മീറ്ററിൽ	0	0	.3	.4	101.9	844	1086.5	426.6	74.4	337.6	49.5	108.4

ജൂൺ, ജൂലൈ, ആഗസ്റ്റ്, മാസങ്ങളിലാണ് കൂടുതലായി മഴ ലഭിക്കുന്നത്. ഡിസംമ്പർ, ജനുവരി, ഫിബ്രവരി, മാസങ്ങളിൽ മഴ തീരെ ഇല്ലെന്നുതന്നെ പറയാം. മാർച്ച്, ഏപ്രിൽ മാസങ്ങളിൽ കഴിഞ്ഞ രണ്ട് മൂന്ന് വർഷങ്ങളിലായി വേനൽ മഴ ലഭിക്കാറുണ്ട്. പലപ്പോഴും ഗുണത്തെക്കാളേറെ ദോഷമാണ് ഇതുകൊണ്ടുണ്ടാകാറ്., ഡിസമ്പർ, ജനുവരി, ഫിബ്രവരി, മാസങ്ങൾ തണുപ്പുകാലവും മാർച്ച്, ഏപ്രിൽ മെയ് ഉഷ്ണ കാലവുമാണ്. ഫിബ്രവരി ആകുമ്പോഴേക്കും മിക്കവാറും തോടുകളെല്ലാം വറ്റിപ്പോകുന്നു.

സസ്യസമ്പത്ത്

തെങ്ങ്, നെല്ല്കവുങ്ങ്, കുരുമുള്ള്, കശുമാവ്, പച്ചക്കറികൾ എന്നിവയാണ്ഈ പ്രദേശത്തെ പ്രധാന കൃഷി. വീട് നിർമ്മാണത്തനായി കൃഷിഭൂമികളെ കൂടുതലായി ഉപയോഗപ്പെടുത്തുന്നതിനാൽ കൃഷിഭൂമിയുടെ വിസ്തീർണ്ണം കുറഞ്ഞുവരികയാണ്. നെൽകൃഷിയുടെ വിസ്തീർണ്ണമാണ് ഗണ്യമായി കുറഞ്ഞുവരുന്നത്. ഉഴുന്ന് ചെറുപയർ മുളക് എന്നിവയുടെ കൃഷി ഇന്ന് പേരിനു മാത്രമേ ഉള്ളൂ. . മമ്മാക്കുന്ന് കടവിനോട് ചേർന്ന് 5 ഏക്കറോളം ചതുപ്പുനിലത്ത് കണ്ടൽ വർഗ്ഗത്തിൽപ്പെട്ട സസ്യങ്ങളാണ്. ഇതുപോലെ പടിഞ്ഞാറെ അതിർത്തിയിലൂടെ ഒഴുകുന്ന എടക്കാട് പുഴയുടെ സമീപപ്രദേശത്തും ചതുപ്പു നിലങ്ങളും കണ്ടൽ ചെടികളുമുണ്ട്. വയലുകളിൽ നല്ലൊരു ഭാഗം തരിശായിട്ടിരിക്കയാണ്. പുതിയ. ഇനം നെൽവത്തുകൾ പ്രചരിച്ചതോടെ നാടൻ ഇനങ്ങളായ കഴമ, ചിറ്റേനി, തവളക്കണ്ണൻ, മുണ്ടോൻ തൊണ്ണൂറാൻ,എന്നീ വിത്തുകൾ തീർത്തും അപ്രത്യക്ഷമായിക്കൊണ്ടിരിക്കയാണ്. വടക്കൻ ചിറ്റേനി, ഒറീസ എന്നീ നാടൻ ഇനങ്ങൾ പ്രചാരത്തിലുണ്ട്.

മനുഷ്യവിഭവം

ഒരു പ്രദേശത്തിന്റെ വിഭവ ശേഷി വിലയിരുത്തുമ്പോൾ മനുഷ്യവിഭവശേഷിയുടെ കാര്യം എടുത്തുപറയേണ്ടതുണ്ട്. സാമൂഹ്യമായ ആവശ്യം കണക്കിലെടുത്ത് പ്രകൃതി വിഭവങ്ങളുടെ മൂല്യം പലമടങ്ങായി വർദ്ധിപ്പിക്കുന്നത് മനുഷ്യവിഭവ ശേഷിയെ അവയുമായി സമർത്ഥമായി കൂട്ടിയിണക്കുന്നതിലൂടെയാണ്.

1991 ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ജനസംഖ്യയുടെയും പട്ടിക ഇതോടൊപ്പം കൊടുക്കുന്നു.പഞ്ചായത്തിലെ അദ്ധ്വാന ശേഷിയുള്ള യുവജനങ്ങളിൽ നല്ലൊരു ഭാഗം തൊഴിൽ രഹിതരാണ്. അവരുടെ ബഹുവിധങ്ങളായ കഴിവുകൾ പ്രയോജനപ്പെടുത്തുവാനുള്ള അവസരങ്ങൾ അ വർക്ക് നൽകണം. കാർഷിക പരമ്പരാഗത വ്യവസായങ്ങളുടെ മേഖലയിൽ നിന്ന് പുതിയ തലമുറയിൽ പ്പെട്ടവരെ തീർത്തും അകറ്റിയതിൽ സേവന മേഖലയെ മാത്രം ലക്ഷ്യം വച്ചുകൊണ്ട് തയ്യാറാക്കിയ വിദ്യാഭ്യാസ പദ്ധതിക്കും വലിയൊരു പങ്കുണ്ട്. തൊഴിൽ രഹിതരായ ആളുകളുടെ എണ്ണം വർദ്ധിക്കുമ്പോഴും കാർഷിക ജോലികൾ ചെയ്യാൻ ആളുകളെ കിട്ടാനില്ലെന്ന പരാതികളും വ്യാപകമായുണ്ട്. കാർഷിക ചെറുകിട വ്യാവസായിക മേഖലകളെ കൂടുതൽ ആകർഷകമാക്കിയും, പ്രാദേശിക തലത്തിൽ സർവ്വീസ് ഏജൻസികൾ തുടങ്ങിയും യുവാക്കൾക്ക് കൂടുതലായി തൊഴിലവസരങ്ങൾ നൽകേണ്ടതുണ്ട്.

ജലപ്രകൃതി

മഴവെള്ളം കിനിഞ്ഞിറങ്ങുന്ന തരത്തിലുള്ള മണ്ണാണ് പഞ്ചായത്തിലെ സമതലങ്ങളിലുള്ളത്. കുന്നിൻമുകളിൽ മഴവെള്ളം കിനിഞ്ഞിറങ്ങാൻ സൗകര്യമില്ലാത്തതിനാൽ അവിടങ്ങളിലെ കിണറുകളിൽ വേനൽകാലത്ത് വെള്ളം വറ്റാറുണ്ട്. നമ്മുടെ സ്വാഭാവിക ജലസംഭരണികളായിരുന്ന വയലുകൾ നികത്താൻ തുടങ്ങിയത് മണ്ണിലേക്ക് വെള്ളം കിനിഞ്ഞിറങ്ങുന്നതിന്റെ തോതിനെ ബാധിച്ചിട്ടുണ്ട്. കനാലുകളും റോഡുകളും വന്നത് സ്വാഭാവിക ജലനിർഗ്ഗമന മാർഗ്ഗങ്ങൾക്ക് തടസ്സമുണ്ടാക്കിയതിനാൽ ചിലയിടങ്ങളിൽ നീർക്കെട്ടിന് കാരണമായിട്ടുണ്ട്. പഞ്ചായത്തിലെ പ്രധാന തോടുകൾ താഴെ പറയുന്നവയാണ്.

1. വാനമ്പേത്ത് മുക്ക് മുതൽ വെള്ളിച്ചിറവരെയുള്ള തോട്.
2. കാറാട്ട് മുക്കിൽ നിന്നതുടങ്ങി ആഡൂർ പാലം വഴി പോകുന്ന തോട്
3. മാണിക്കോത്തു താഴെ ആഡൂർ വളപ്പിൽ വഴി പനോന്നേരിയിലൂട ഒഴുകുന്ന തോട്.
4. കോട്ടൂർ തോട്
5. കണ്ണാടിച്ചാൽ തോട്
6. കടമ്പൂർ ഒരികര തോട്
7. ആനപ്പാലം- കണ്ണാടിച്ചാൽ വലിയതോട്
8. കോട്ടൂർകിഴക്കേ തോട്
9. കോട്ടൂർ പടിഞ്ഞാറെ തോട്
10. കിഴക്കേ ഒരികര തോട്
11. പടിഞ്ഞാറെ ഒരികര തോട്
12. ദേശസേവിനി മമ്മാക്കുന്ന് പുഴ തോട്
13. എളവന വയലിൽകൂടി അഞ്ചരക്കണ്ടി പുഴയിൽ ചേരുന്ന തോട്
14. കൊളപ്രം വയൽ- പാച്ചാക്കര പ്പുഴവരെയുള്ള തോട്
15. ഇണ്ടേരിതോട് പെരുമഠത്ത് വയൽ തോട്

പ്രാധാന കുളങ്ങൾ

1. പനോന്നേരി അമ്പലക്കുളം
2. വെള്ളൂർ ഇല്ലത്ത് കുളം
3. ഇടയത്ത് കുളം
4. പൂവർകുളം
5. പനോന്നേരി കുളം
6. കോൾത്തെ കുളം
7. ആക്കാവിലെ കുളം
8. കാപ്പുകുളം
9. മന്നമ്പേത്ത് കുളം
10. കണ്ണാടിച്ചാൽ കുളം
11. മഠത്തിൽ കുളം
12. പരിയാരത്ത് കുളം
13. കണ്ണോത്ത് കുളം
14. പൂത്തിരിക്കൽ കുളം

15. മാവിലാ പുതിയ വീട് കുളം
16. വണ്ണാത്തി ക്കുളം
17. മീത്തലെ വീട്ടിലെ കുളം
18. നയപ്പാക്കിൻകുളം
19. തിക്കൽ വീട്ടിൽ കുളം
20. കാവിൻ വളപ്പിൽ കുളം
22. കുന്നത്തു കുളം
23. എളവന വയലിലുള്ള കുളം
24. പൂങ്കാവ് കുളം
25. മണ്ടൂർ കുളം
26. മുച്ചിലോട്ട് കാവ് കുളം
27. ഇണ്ടേരി അമ്പലക്കുളം
28. കുന്നത്ത് പള്ളി കുളം

കുത്തനെയുള്ള ചെരിവ് പ്രദേശങ്ങളിൽ പൊതുവെ ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. പെരുമഠത്ത് തോടിൽ ഉപ്പുവെള്ളം കയറാറുണ്ട്. 7ാം വാർഡിൽ ഉപ്പുവെള്ളം കയറുന്നതിനാൽ വയലിൽ കൃഷി ചെയ്യാൻ സാധിക്കാറില്ല. പൊതുവെ മണ്ണിന് അമ്ലഗുണം കൂടുതലാണ്. ഇണ്ടേരിതോടിന് റെയിലിന് പടിഞ്ഞാറ് ഭാഗത്ത് ചീപ്പ് നിർമ്മിച്ചിട്ടുണ്ട്. അവിടെ കൃത്യമായി പലകയിടാറുണ്ട്. പുത്തൻ വീട്ടിൽ താഴെ പോതിയോടത്ത് ചിറയിൻ (7ാം വാർഡിൽ) ചീപ്പ് പൂർത്തിയാകുന്നതോടെ ഉപ്പുവെള്ളം കയറുന്നതിന് പരിഹാരം കണ്ടെത്താവുന്നതാണ്.

❖❖❖❖❖❖

കൃഷിയും ജലസേചനവും

കണ്ണൂർ തലശ്ശേരി പട്ടണങ്ങളിൽ നിന്ന് ഏകദേശം തുല്യ അകലത്തിലായി സ്ഥിതിചെയ്യുന്ന കടമ്പൂർ പഞ്ചായത്ത് പൊതുവെ കാർഷിക പ്രാധാനമായ ഒരു പ്രദേശമാണ്. കാര്യമായ വ്യവസായങ്ങളൊന്നും ഈ പ്രദേശത്തേക്ക് ഇനിയും കടന്നു വന്നിട്ടില്ല. കൃഷിയിൽ നിന്നുള്ള വരുമാനത്തെയാണ് ഇവിടത്തെ ജനങ്ങൾ മുഖ്യമായും ആശ്രയിച്ചിരുന്നത്. പഞ്ചായത്തിലെ വലിയൊരു ഭാഗം ഒരു കാലത്ത് വിശാലമായ നെൽവയലുകളായിരുന്നു. ഈ വയലുകളിൽ രണ്ടുവിള നെല്ല് കൃഷി എടുത്തു കഴിഞ്ഞാൽ മൂന്നാം വിളക്കാലത്ത് ഉഴുന്നു. ചെറുപയർ, മമ്പയർ, (വൻപയർ) വെള്ളരി, കുമ്പളം, ചീര, വെണ്ട, കോട്ടപ്പയർ തുടങ്ങിയ പച്ചക്കറികളും അക്കാലത്ത് കൃഷി ചെയ്തിരുന്നു. അക്കാലത്ത് വെള്ളരിയുടെ വിളവെടുപ്പ് ഉത്സവമായയോടെ നടന്നിരുന്നു. കുന്നിൻ പ്രദേശങ്ങളിലും ചെരിവുകളിലും കശുവണ്ടി, സമതല പ്രദേശങ്ങളിൽ തെങ്ങ്, കവുങ്ങ്, വാഴ, മാവ്, പ്ലാവ്, മുരിങ്ങ, പപ്പായ എന്നിവയും ഇടവിളയായി ചേമ്പ്, മരക്കിഴങ്ങ്, മുളക്, കൈതച്ചക്ക കൃഷി ചെയ്തുപോന്നു.

പഴയകാലത്ത് ഏതാനും ജന്മിമാരുടെയും ദേവസ്വത്തിന്റെയും കയ്യിലായിരുന്നു സ്വത്തിന്റെ ജന്മാവകാശം. ചാല ദേവസ്വം എടക്കാട് ദേവസ്വം ഉർപ്പഴശ്ശി ദേവസ്വം, പെരളശ്ശേരി ദേവസ്വം, മാവിലാക്കാവ്, കേയി കുടുംബം, ചിറക്കൽ രാജകുടുംബം, മുല്ലപ്പള്ളി ഇല്ലം, വെള്ളൂർ ഇല്ലം, അരയത്ത് വീട് അറക്കൽ രാജകുടുംബം എന്നിവയായിരുന്നു ഇവിടത്തെ ഭൂസ്വത്തിന്റെ അവകാശികൾ. വയലുകളിലും പുരയിടങ്ങളിലും കുഴിക്കാണം, വാരം, പാട്ടം എന്നിവ നല്കി കൃഷിചെയ്യുമെങ്കിലും ഏത് സമയത്തും ഒഴിപ്പിക്കാൻ ജന്മിമാർക്ക് അവകാശമുണ്ടായിരുന്നു. കൃഷിഭൂമിയിൽ ഇഷ്ടമുള്ളത് കൃഷി ചെയ്യാൻ മുൻകാലങ്ങളിൽ കർഷകന് അധികാരമുണ്ടായിരുന്നില്ല. ജന്മിയുടെ ഇഷ്ടത്തിനൊത്തുള്ള കൃഷിയേ സാധ്യമാകുമായിരുന്നുള്ളൂ. അതുകൊണ്ടുതന്നെ വളരെക്കാലം കൃഷി ഭൂമികളിലെ വിള ചേരുവകൾ വലിയ മാറ്റമില്ലാതെ തുടർന്നുപോന്നു. രോഗപ്രതിരോധ ശേഷിയുള്ളതും വലിയ തോതിൽ കീടബാധയേല്ക്കാതതുമായ നെൽവിത്തിനങ്ങളായിരുന്നു അക്കാലത്ത് കൃഷി ചെയ്തിരുന്നത്. കീടബാധയുണ്ടായാൽ തന്നെ വെണ്ണീർ പാറ്റുക, കരി അച്ചിൽ, ചേറുമരക്കൊമ്പ് വെച്ചുകൊടുക്കുക എന്നിവയായിരുന്നു പ്രതിവിധിയായി ചെയ്തിരുന്നത്. മിക്കവാറും കർഷകരുടെ വീടുകളിൽ മൂന്നും നാലും പശുക്കളുണ്ടായിരുന്നതിനാൽ ചാണകത്തിനും മറ്റും ഒട്ടും തന്നെ പ്രയാസമുണ്ടായിരുന്നില്ല. മറ്റു പച്ചിലവളങ്ങളും സമൃദ്ധമായി ലഭിച്ചിരുന്നു. വരമ്പുപൊട്ടിയും മണ്ണടിഞ്ഞും കൃഷിക്ക് വൻതോതിൽ നാശം സംഭവിക്കാറുണ്ടായിരുന്നു. കഷ്ടപ്പാടുകൾ സഹിച്ച് ഉത്പാദനം വർദ്ധിപ്പിച്ചാലും അതെല്ലാം പല പേരുകളിൽവാരമായും പാട്ടമായും ജന്മിക്ക് നല്കാൻ കർഷകർ നിർബന്ധിതരായിരുന്നു. 1959 ൽ ഭൂപരിഷ്കരണ നിയമംവന്നതോടെ കർഷകരുടെ പ്രയാസങ്ങൾക്ക് പരിഹാരമായെങ്കിലും അതിനെത്തുടർന്ന് നമ്മുടെ കൃഷിഭൂമിക്കുണ്ടായ മാറ്റം അഭിലഷണീയമായ ഒന്നാണെന്ന് പറഞ്ഞുകൂടാ. കേരളത്തെ 13 കാർഷിക കാലാവസ്ഥാ മേഖലയായി തരംതിരിച്ചതിൽ വടക്കൻ ഇടനാട്, മേഖലയിൽ ഉൾപ്പെടുന്ന പ്രദേശമാണ് കടമ്പൂർ. പഞ്ചായത്തിന്റെ ഒരറ്റം കടലോരത്തിനടുത്താണ് അഞ്ചരക്കണ്ടിപ്പുഴയുടെ ഒരു കൈവഴി പഞ്ചായത്തിന്റെ ഒരരികിൽ കൂടി കടന്നു പോവുന്നുണ്ട്. മുഖ്യമായും മഴയെ ആശ്രയിച്ചാണ് ഇവിടത്തെ കൃഷി. സംസ്ഥാന ശരാശരിയേക്കാൾ ഉയർന്ന അളവിൽ മഴ ലഭിക്കാറുണ്ടെങ്കിലും മഴയുടെ ലഭ്യത ഏതാനും മാസങ്ങളിൽ മാത്രമാണ് എന്നത് ജലലഭ്യതയെ കാര്യമായി

ബാധിക്കുന്നുണ്ട്. ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ശരാശരി ഒരു മില്ലീമീറ്ററിൽ കുറഞ്ഞ മഴ മാത്രമേ ലഭിക്കാറുള്ളൂ. ജൂൺ, ജൂലായ്, ആഗസ്റ്റ്, മാസങ്ങളിൽ വടക്കു പടിഞ്ഞാറെൻ കാലവർഷവും സമൃദ്ധമായി ലഭിക്കുന്നുവെങ്കിലും മഴവെള്ളത്തിന്റെ നല്ലൊരു ഭാഗവും കുത്തിയൊലിച്ചു കടലിലേക്ക് ഒഴുകിപോകുന്നു.

കൃഷിഭവനിലെ കണക്കനുസരിച്ച് പഞ്ചായത്തിലെ ഭൂവിനിയോഗം ഇപ്രകാരമാണ്.

ആകെ വിസ്തീർണ്ണം	-968 ഹെക്ടർ (7.5 ച. കി. മീറ്റർ)
ആകെ കൃഷി ഭൂമി	-867 ഹെക്ടർ
ഒന്നിലധികം വിള നടത്തുന്ന കൃഷി ഭൂമി	-20ഹെക്ടർ
കൃഷി യോഗ്യമെങ്കിലും തരിശായിട്ടിരിക്കുന്ന ഭൂമി	- 15ഹെക്ടർ
മറ്റാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തിയ ഭൂമി	- 84 ഹെക്ടർ
കൃഷി യോഗ്യമല്ലാത്ത ഭൂമി	- 2 ഹെക്ടർ

ആകെ കഷിഭൂമിയായുള്ള 867 ഹെക്ടർ ഭൂമി 4550 പേരുടെകൈലാണ്. ഭൂമിയുടെ കൈവശാവകാശം സംബന്ധിച്ച വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

	1-10 സെൻറ്	10-25 സെൻറ്	25-50 സെൻറ്	50-100 സെൻറ്	1-2 ഏക്കർ	2-5 ഏക്കർ	5 ഏക്കറിന് മേൽ
ഉടമസ്ഥരുടെ എണ്ണം	788	1475	1235	786	214	78	2

മേൽപ്പട്ടികയിൽ നിന്ന് നമ്മുടെ കൃഷി ഭൂമികൾ മിക്കവയും തുണ്ടം തുണ്ടമായി മാറിയിരിക്കുന്നു എന്ന് കാണാം. ഇവയിൽ തന്നെ വിവിധ വിളകൾ കൃഷി ചെയ്തു പോരുന്നതിന്റെ വിസ്തീർണ്ണം ചുവടെ കൊടുക്കുന്നു.

തേങ്ങ	- 800ഹെക്ടർ
നെല്ല്	-20 ഹെക്ടർ
മരക്കിഴങ്ങ്	- 5 ഹെക്ടർ
കുരുമുളക്	- 10 ഹെക്ടർ
നേന്ത്രവാഴ	- 5 ഹെക്ടർ
കശുവണ്ടി	- 35 ഹെക്ടർ
കവുങ്ങ്	-50ഹെക്ടർ

പയറുവർഗ്ഗങ്ങൾ	-10 ഹെക്ടർ
ഇഞ്ചി	- 1 ഹെക്ടർ
മഞ്ഞൾ	- 0.5ഹെക്ടർ
ജാതിക്ക	-0. 5ഹെക്ടർ
മാവ്	- 18 ഹെക്ടർ
കൈതച്ചക്ക	- 0.5ഹെക്ടർ
പ്ലാവ്	-5 ഹെക്ടർ
മധുരക്കിഴങ്ങ്	-0.5 ഹെക്ടർ
പച്ചക്കറി	-5 ഹെക്ടർ

നെൽവയലുകളുടെ വിസ്തീർണ്ണത്തിലുണ്ടായ മാറ്റവും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 1987 ൽ പഞ്ചായത്തിൽ കൃഷിഭവൻ സ്ഥാപിക്കുമ്പോൾ 45 ഹെക്ടർ സ്ഥലത്ത് നെൽ കൃഷിയുണ്ടായിരുന്നിടത്ത് ഇന്ന് 20ഹെക്ടർ പ്രദേശത്ത് മാത്രമേ നെൽകൃഷി അവശേഷിക്കുന്നുള്ളൂ.

നെൽകൃഷിചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം (ഹെക്ടറിൽ)	190-91	1991-92	1992-93	1993-94	1995-96	1996-97
ഒന്നാം വിള	35-5	32.5	30.5	25	20	20
രണ്ടാം വിള	30-5	30.00	30	25	20	20
മൂന്നാം വിള	0-5					

വയലുകൾ മുറിച്ചുകൊണ്ട് റോഡുകൾ വന്നതും വീടുവെക്കാനുള്ള സ്ഥലത്തിന്റെ പരിമിതിയും കൃഷിയോടുള്ള ആഭിമുഖ്യക്കുറവും ഗൾഫ് പണത്തിന്റെ അതിപ്രസരവുമെല്ലാം നെൽവയലുകൾ നികത്താൻ ആളുകൾക്ക് പ്രേരണയായിട്ടുണ്ട്. റോഡുകൾ വന്നതോടെ ചിലയിടങ്ങളിൽ വെള്ളക്കെട്ടുണ്ടായി കൃഷിക്കു പ്രയാസമുണ്ടായിട്ടുണ്ട്. കർഷകത്തൊഴിലാളികളിൽ പുരുഷന്മാക്ക് 90 കയും സ്ത്രീകൾക്ക് 50 ക.യുമാണ് ശരാശരി കൂലി നിരക്ക്.

പഞ്ചായത്തിലെ പ്രധാന മൺതരങ്ങൾ വെട്ടുകൽമണ്ണ് (ലാറ്ററേറ്റ്) ചരൽ മണ്ണ് (ചെമ്മണ്ണ്) എക്കൽ മണ്ണ്,പൂഴി മണ്ണ് എന്നിവയാണ്. സമതലങ്ങളിലെ ചരൽ മണ്ണും വയലുകളിലെ ഏക്കൽ മണ്ണുമാണ് കൂടുതലായും കാണാവുന്നത്. പഞ്ചായത്തിന്റെ പടിഞ്ഞാറേ അറ്റത്ത് കടലോരത്തിനടുത്തുള്ള ഏതാനും ഭാഗത്താണ് പൂഴി മണ്ണുള്ളത്.

നിലം ഉഴുതു മറിക്കുന്നതിന്റെ തവണകൾ കുറഞ്ഞതും ജൈവവളത്തിന്റെകുറവും കീട നിയന്ത്രണത്തിന്റെ കാര്യത്തിൽ കർഷകർ തമ്മിൽ കൂട്ടായ്മയില്ലാതെ പോകുന്നതു മെല്ലാം നെൽ കൃഷിയുടെ ഉല്പാദനക്ഷമതയെ കാര്യമായി ബാധിച്ചിട്ടുണ്ട്. നല്ലയിനം വിത്തുകൾ യഥാസമയം ലഭിക്കുന്നില്ല എന്നതും കൃഷിക്കാരെ സംബന്ധിച്ചിടത്തോളം പ്രശ്നമാകുന്നുണ്ട്. ഉത്പാദനക്ഷമത

വർദ്ധിപ്പിക്കാനുള്ള ശാസ്ത്രീയ സമീപനം അവലംബിച്ചുകൊണ്ട് മാത്രമേ വർദ്ധിച്ച കൂലി നിരക്കിന്റെതുപോലുള്ള പ്രശ്നങ്ങളെ മറികടക്കാനാവൂ.

തെങ്ങിന്റെ കാര്യത്തിലും ഉത്പാദന ക്ഷമതയുടെ കാര്യത്തിൽ നാം വളരെ പിന്നിലാണ്.ഒരു തെങ്ങിൽ നിന്ന് ശരാശരി 30തേങ്ങ ലഭിക്കുന്നു എന്നതാണ് കൃഷി ഭവനിലെ കണക്ക്. ഇത് സംസ്ഥാന ശരാശരിയേക്കാൾതാഴെയാണ് സംസ്ഥാന ശരാശരിയേക്കാൾഉയർന്നതാണ് നമ്മുടെ അയൽസംസ്ഥാനമായ തമിഴ്നാട്ടിലെ ഉത്പാദന ക്ഷമത എന്നത് നമ്മുടെ കണ്ണുതുറപ്പിക്കേണ്ടതാണ്. മണ്ണ് പരിശോധന നടത്തി പോഷകങ്ങൾ കൃത്യമായ അനുപാതത്തിൽ ലഭിക്കും വിധം വളം ചെയ്യുക, കീടരോഗനിയന്ത്രണ നടപടികൾ കൈക്കൊള്ളുക, തെങ്ങിൻ തൈകൾക്ക് നിശ്ചിതമായ അകലം പാലിക്കുക തുടങ്ങിയ നടപടികളിലൂടെ നാളികോല്പാദനം വർദ്ധിപ്പിക്കാൻകഴിയും.

തേങ്ങയെ അപേക്ഷിച്ച് നല്ലവില ലഭിക്കുന്ന കവുങ്ങ്, കശുവണ്ടി എന്നിവയുടെ കൃഷിയിൽ ഗൗരവമായ ശ്രദ്ധ കർഷകർ കാണിച്ചു തുടങ്ങിയിട്ടില്ല. മാഹാളി രോഗം ഫലപ്രദമായി നിയന്ത്രിക്കാമെന്നിരിക്കിലും രോഗബാധയുണ്ടായാൽ കർഷകർ മനസ്സു മടുത്തു കൃഷി ഉപേക്ഷിക്കുന്ന പതിവാണുള്ളത്. കശുവണ്ടിയുടെ കാര്യത്തിൽ ഉല്പാദന ശേഷി കൂടിയ ഒട്ടുതൈകൾ നട്ടുവളർത്തുന്നതിലോ കീടനിയന്ത്രണത്തിലോ വളം ചേർക്കുന്നതിലോ ഒന്നും കർഷകർ ശ്രദ്ധിക്കാറില്ല എന്നതാണ് വാസ്തവം. മുമ്പൊക്കെ നമ്മുടെ വീട്ടുപറമ്പുകളിൽ സമൃദ്ധമായിരുന്ന ഇടവിളകൾ നാമാവശേഷ മായിക്കൊണ്ടിരിക്കുന്ന അവസ്ഥ മാറ്റിയെടുക്കണം. ആളോഹരി ഭൂവിസ്തൃതി കുറഞ്ഞു വരുന്നതിനെ വിളസാന്ദ്രത വർദ്ധിപ്പിച്ചുകൊണ്ട് പരിഹരിക്കാനാണ് ശ്രമിക്കേണ്ടത്.സൂര്യപ്രകാശത്തേയും ജല ലഭ്യതയേയും പരമാവധി ചൂഷണം ചെയ്തുകൊണ്ട് പുരയിടങ്ങളിലും മറ്റും ഇടവിളകൾ വ്യാപിപ്പിക്കണം. പച്ചക്കറികൾ പപ്പായ, കൈതച്ചക്ക, മുരിങ്ങ, ചേമ്പ്, ചേന, കൂവ, മുളക്, മരച്ചീനി, മാവ് എന്നിവയുടെയെല്ലാം സാധ്യത പരിശോധിക്കണം. ഇതോടൊപ്പം അലങ്കാര സസ്യകൃഷി, ഓർക്കിഡ് ഉൾപ്പെടെയുള്ള പുഷ്പകൃഷി, കൂൺകൃഷി എന്നിവയുടെ സാധ്യതകളും ഉപയോഗപ്പെടുത്തേണ്ടതാണ്.

ജലസേചനം

9 മാസത്തോളം വെള്ളം ലഭിക്കുന്ന 15 ഓളം തോടുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ജലലഭ്യതയുടെ കാര്യത്തിൽ ദരിദ്രമെന്ന് പറയാവുന്ന പ്രദേശങ്ങൾ പൊതുവെ കുറവാണ്. പഞ്ചായത്തിന്റെ കയ്യിലുള്ള 4 കുളങ്ങൾ ഉൾപ്പെടെ 45 ഓളം കുളങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. 10 സെൻറിന് മുകളിൽ വിസ്തൃതിയുള്ള ഒരു കുളം മാത്രമേയുള്ളൂ.

ജലസേചനാവശ്യത്തിനായി 1500 ഓളം കിണറുകൾ പ്രയോജനപ്പെടുത്തുന്നുണ്ട്. ജലസേചന സൗകര്യം ലഭ്യമായിട്ടുള്ള പ്രദേശം 225 ഹെക്ടർ ആണെന്നാണ് കൃഷി ഭവൻ രേഖപ്പെടുത്തി കാണുന്നത്. വേനല്ക്കാല പച്ചക്കറി കൃഷിക്കുള്ള പ്രധാന പ്രയാസമായി പലരും ചൂണ്ടിക്കാണിക്കുന്നത് ജലസേചന സൗകര്യം ഇല്ല എന്നുള്ളതാണ്.

മണ്ണ്-ജല സംരക്ഷണം

മണ്ണ്, ജലം, സൂര്യപ്രകാശം, എന്നിവയെ സമർത്ഥമായി ഉപയോഗപ്പെടുത്തിയാണല്ലോ കൃഷി നടത്താറുള്ളത്. അതിനാൽ മണ്ണിന്റെറയും ജലത്തിന്റെറയും സംരക്ഷണം കൃഷിയുടെ കാര്യത്തിൽ തുല്യപ്രാധാന്യം അർഹിക്കുന്നു. മരങ്ങൾ വെട്ടി നശിപ്പിച്ചതോടെ കുന്നിൻ പ്രദേശങ്ങളിലെ വളക്കൂറുള്ള മേൽമണ്ണ് ഒലിച്ചു പോയി. അവമൊട്ടക്കുന്നുകളായി മാറുന്നു. വയൽ നികത്തുന്നതിന്റെറ ഭാഗമായി നല്ല എക്കൽ മണ്ണിന് മേൽ വളക്കൂറില്ലാത്ത ചെകിടി മണ്ണും മറ്റും നിറയ്ക്കുന്നതു വഴി മണ്ണിന്റെറ ഫലപുഷ്ടി പാടെ ഇല്ലാതാക്കുന്നു. അനേകം വർഷം കൊണ്ടാണ് ഫുലപുഷ്ടി പാടെ ഇല്ലാതാക്കുന്നു. അനേകം വർഷം

കൊണ്ടാണ് വളക്കൂറുള്ള ഒരടി മണ്ണുണ്ടാകുന്നതെന്ന കാര്യം മണ്ണ് സംരക്ഷണത്തെപ്പറ്റ പറയുമ്പോൾ പ്രത്യേകം ഓർക്കേണ്ടതായിട്ടുണ്ട്.

സമൃദ്ധമായ മഴ ലഭിക്കുന്നുണ്ടെങ്കിലും കൃഷി ക്കെന്ന് മാത്രമല്ല കുടിവെള്ളത്തിനു പോലും ക്ഷാമം അനുഭവിക്കുന്നുണ്ട്. മഴവെള്ളത്തെ മണ്ണിനടിയിലേക്ക് കിനിഞ്ഞിറങ്ങാൻ അനുവദിക്കുക എന്നതാണ് ഇതിനുവേണ്ടത്. ഇന്നേരി തോടിന് മാത്രമാണ് ഇപ്പോൾ ഒരു വി.സി.ബി. യുള്ളത് കുന്നിൽ വരമ്പുകളിട്ടുകൊണ്ടും കുന്നിൻ പുറങ്ങളിലും പുരയിടങ്ങളിലും കുഴികൾ കുഴിച്ചുകൊണ്ടും തോടുകളിൽ ചെറിയ തടയണകൾ നിർമ്മിച്ചുകൊണ്ട് ഒഴുക്കിന്റെ വേഗത നിയന്ത്രിച്ചും മരങ്ങൾ നട്ടുപിടിപ്പിച്ചുകൊണ്ടും ജലസംരക്ഷണം വ്യാപകമാക്കേണ്ടതാണ്.

വളം ഉപഭോഗം

രാസവളങ്ങളുടെവില വർധിച്ചത് അതിന്റെ ഉപയോഗത്തിൽ ഗണ്യമായ കുറവ് വരുത്തിയിട്ടുണ്ടെന്നാണ് കണക്കുകൾ കാണിക്കുന്നത്. ജൈവ വളത്തിന്റെ ലഭ്യത വർദ്ധിപ്പിച്ചുകൊണ്ട് ശാസ്ത്രീയമായ വളപ്രയോഗരീതി കർഷകരെ പരിശീലിപ്പിക്കേണ്ടതുണ്ട്.
കൃഷിഭവൻ മുഖേനയുള്ള കീടനാശിനികളുടെ വിപണനം വർധിച്ചുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കീടനാശിനി പ്രയോഗം മത്സ്യങ്ങൾക്കും ഉപകാരികളായ കീടങ്ങൾക്കും ഹാനികരമാകുന്നുണ്ട്. മാസങ്ങളോളം വിഷാംശം നില നില്ക്കുന്ന കീട നാശിനികളുടെ അശാസ്ത്രീയമായ പ്രയോഗം പല ആരോഗ്യ പ്രശ്നങ്ങൾക്ക് ഇടയാക്കുന്നതാണ്. പരിസ്ഥിതിക്ക് കോട്ടം വരുത്താത്ത കീടനിയന്ത്രണ മാർഗ്ഗങ്ങൾ പ്രചരിപ്പിക്കേണ്ടതുണ്ട്.

സ്ഥാപനത്തിന്റെ പേര്	രാസവള വിപണനം 1993-94	1994-95	1995-96
കാടാച്ചിറ സർവ്വീസ് സഹകരണ ബാങ്ക്	23368 ടൺ	26860 ടൺ	14660 ടൺ
ലക്ഷ്മണൻ (കാടാച്ചിറ (സ്വകാര്യം)	30 ടൺ	33 ടൺ	30 ടൺ
കുഞ്ഞിക്കണ്ണൻ എടക്കാട് (സ്വകാര്യം)	11 ടൺ	12ടൺ	10 ടൺ

കൃഷിഭവൻ

വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കൃഷിഭവനിൽ വിത്തുകളും തൈകളും ശേഖരിക്കാനുള്ള സൗകര്യം തീരെ കുറവാണ്. കൃഷി ഓഫീസറെകൂടാതെ രണ്ടു കൃഷി അസിസ്റ്റന്റും മാരാണുള്ളത്. കൃഷി ഉദ്യോഗസ്ഥന്മാരുടെ സേവനം കർഷകർക്ക് കൂടുതലായി ലഭ്യമാക്കാൻജനകീയ സമിതികൾ മുൻകൈയ്യെടുക്കേണ്ടതാണ്.

ജനകീയ സമിതികൾ

പഞ്ചായത്തിൽ 4 പാടശേഖര സമിതികളും 1 നാളികേര വികസന സമിതിയും 1 കുരുമുളക് വികസന സമിതിയും പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനം കുറെക്കൂടി വികേന്ദ്രീകൃതമായി

സംഘടിപ്പിക്കേണ്ടതുണ്ട്. കാർഷികോപകരണങ്ങളും മറ്റും വാങ്ങുവാൻ പാടശേഖര സമിതികൾ പരിപാടി തയ്യാറാക്കേണ്ടതുണ്ട്.

പ്രശ്നങ്ങൾ

1. കടമ്പൂർവയലിൽ ഉപ്പ് വെള്ളം കയറുന്നത് മുഴുവനായും തടയുവാൻകഴിഞ്ഞിട്ടില്ല
2. ഇന്ന് കാർഷിക മേഖലയിൽ തൊഴിലാളികൾ വേണ്ടത്രയില്ല. ചെറുപ്പക്കാർ ഈ മേഖലയിലേക്ക് കടന്നുവരുന്നില്ല.
3. ജൈവ വളങ്ങളുടെ ലഭ്യത കുറവും രാസവളങ്ങളുടെ വില വർദ്ധനവും പ്രയാസമുണ്ടാക്കുന്നു.
4. മഴയെ ആശ്രയിച്ചുകൊണ്ടുമാത്രമുള്ള കൃഷിയായതുകൊണ്ട് ലാഭകരമാക്കാൻ കഴിയുന്നില്ല.
5. മണ്ണ് പരിശോധനയുടെ റിസൾട്ട് കർഷകർക്ക് യഥാസമയം ലഭിക്കുന്നില്ല.

6. വിള ഇൻഷുറൻസ് സൗകര്യങ്ങളെപ്പറ്റി കർഷകർക്ക് അറിവില്ല.
7. കൃഷി അഭിവൃദ്ധിപ്പെടുത്താനുള്ള പദ്ധതികളെ പറ്റി കർഷകർക്ക് അറിവില്ല.
9. നെൽവയലുകൾ തരിശായി ഇട്ടിരിക്കുന്നു. നെൽവയലുകളുടെ വിസ്തൃതി കുറഞ്ഞു വരുന്നു. വയലുകൾ നികത്തുന്നു.
9. നമ്മുടെകൃഷി ഭവന്റെ ആഭിമുഖ്യത്തിൽ ട്രില്ലർ ഇല്ലാത്തതുകൊണ്ട് പ്രയാസമുണ്ട്
10. പല കൃഷിക്കാരും കൃഷിഭവന്റെ സേവനം ഉപയോഗപ്പെടുത്തുന്നില്ല.
11. കർഷകരിൽ പലർക്കും ശാസ്ത്രീയമായ വളപ്രയോഗത്തെപ്പറ്റി അറിവില്ല.
12. ഒരികരവലിയതോട്ടിൽ നിന്ന് അമിതമായി മണ്ണെടുക്കുന്നത് കാരണം തോടിന്റെ ആഴം കൂടുന്നു.
13. നെൽകൃഷിയുടെ പ്രാധാന്യം കണക്കിലെടുത്ത് അതിന് കൂടുതൽ ആനുകൂല്യങ്ങൾ നല്കണം
14. വയലുകളിൽ ചിലയിടത്ത് നീർക്കെട്ട് ഉണ്ട്
15. വയലുകളിൽക്കൂടി റോഡുകൾ ഉണ്ടാക്കുന്നതു കാരണം നല്ല വയലുകൾ നഷ്ടപ്പെടുവാൻ ഇടയാക്കുന്നു.
16. കാർഷിക ഉല്പന്നങ്ങൾക്കുള്ള വിയലിടിവ് പലപ്പോഴും കർഷകരെ തളർത്തുന്നു.
17.തെങ്ങ്, നെല്ല് എന്നിവയുടെ ഉല്പാദന ക്ഷമത നമ്മുടേ പ്രദേശത്ത് കുറവാണ്.
18. 10- 15വർഷമായിട്ടും കായ്ക്കാത്ത തെങ്ങുകൾ പലയിടത്തുമുണ്ട്
19. തേങ്ങയെ അപേക്ഷിച്ച് നല്ല വില കിട്ടുന്ന കവുങ്ങ്, കശുവണ്ടി, എന്നിവയുടെ കൃഷിയിൽ ഗൗരവമായ ശ്രദ്ധ കർഷകർ കാണിച്ചു തുടങ്ങിയിട്ടില്ല.
20. വയലുകളിൽ പച്ചക്കറി കൃഷിക്ക് ജലസേചന സൗകര്യമില്ല
21. കീടനാശിനികളും മറ്റും തയ്യാറാക്കുന്നതിൽ കർഷകർക്ക് പരിശീലനം നല്കാറില്ല.
22. തെങ്ങിൻ തോട്ടങ്ങളിലും കശുമാവിൻ തോട്ടങ്ങളിലും ഇടവിള കൃഷി സാധ്യതയെപ്പറ്റി കർഷകർക്ക് അറിവില്ല.
23. നല്ലയിനം തൈകളും വിത്തും ആവശ്യത്തിനു ലഭ്യമല്ല.
24. വിളകൾ ലഭ്യമല്ല. പലതരത്തിലുള്ള രോഗങ്ങൾ കണ്ടുവരുന്നു.

സാധ്യതകൾ

1. നീർമറി അടിസ്ഥാനത്തിൽ മണ്ണ് ജല സംരക്ഷണ നടപടികൾ കൈക്കൊള്ളുക
2. തരിശായി ക്കിടക്കുന്ന വയലുകളിൽ സഹകരണ അടിസ്ഥാനത്തിൽ കൃഷി നടത്തുക.
3. ഇടവിളയായി കൈതച്ചക്ക, വാഴ, ചേന, ചേമ്പ്, കൂവ, ഔഷധച്ചെടികൾ, പയറുവർഗ്ഗങ്ങൾ, എള്ള് എന്നിവ കൃഷിചെയ്ത് കൃഷി ഭൂമിയിൽ നിന്ന് വരുമാനം വർദ്ധിപ്പിക്കുക.
4. നല്ലയിനം കശുമാവിൻ തൈകൾ വിതരണം ചെയ്ത് കശുവണ്ടി ഉല്പാദനം പരമാവധി വർധിപ്പിക്കുക.

5. പുരയിടങ്ങളിലെ തെങ്ങിൻ തോട്ടങ്ങളിൽ കുരുമുളക്, കൃഷി, വ്യാപകമാക്കുക.

6. പഞ്ചായത്തിലെ കുളങ്ങളും മറ്റും സന്നദ്ധ പ്രവർത്തനം വഴി വൃത്തിയാക്കി ജലസേചന സൗകര്യം ലഭ്യമാക്കിക്കൊണ്ട് പച്ചക്കറി ഉല്പാദനം വർധിപ്പിക്കുക.

7. പഞ്ചായത്തിൽ ഗ്രൂപ്പായി കൃഷിയും പച്ചക്കറി തോട്ടവും ഉണ്ടാക്കാൻ മുന്നോട്ടു വരുന്ന സന്നദ്ധ സംഘടനകൾക്കും മറ്റും ആവശ്യമായ പ്രോത്സാഹനം കൊടുക്കുക.

8. കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിച്ചുകൊണ്ടും പച്ചില വളകൃഷി വ്യാപകമാക്കിയും ജൈവ വളത്തിന്റെ ലഭ്യത ഉറപ്പാക്കുക.

9. പഞ്ചായത്തിൽ അനുയോജ്യമായ സ്ഥലങ്ങളിലെല്ലാം തീറ്റപ്പുല്ല് നട്ടുവളർത്താനുള്ള സാധ്യത പരിശോധിക്കുക.

10. പഞ്ചായത്തിലെ എല്ലാ കൃഷിയിടങ്ങളിലേയും മണ്ണ് പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുക.

11. നാളികേരത്തിന്റെ വിലയിടിവിനെ ചെറുക്കാൻ ഇളനീർ പന്തലുകൾ തുടങ്ങുക.

12. തേങ്ങയിൽ നിന്ന് വൈവിധ്യമാർന്ന ഉല്പന്നങ്ങൾ നിർമ്മിക്കുക.

13. തെങ്ങിൻ തടി ഉപയോഗപ്പെടുത്തികൊണ്ട് ഫർണിച്ചർ നിർമാണയൂനിറ്റുകൾ തുടങ്ങുക.

14. കൈതച്ചക്ക, മാങ്ങ, ചക്ക, കശുമാങ്ങ എന്നിവ കൊണ്ട് ജാമുകളും ശീതള പാനീയങ്ങളും ഉണ്ടാക്കുക, നേന്ത്രക്കായ മരച്ചീനി, ചക്ക എന്നിവകൊണ്ടുള്ള ഉപ്പേരി നിർമ്മിക്കുക.

15. പച്ചക്കറികൾ ഉപയോഗപ്പെടുത്തി കൊണ്ടാട്ടങ്ങൾ, അച്ചാറുകൾ, മുതലായവ നിർമ്മിക്കുക.

16. കാർഷികമേഖലയിൽ യന്ത്രവല്കരണം നടപ്പാക്കിക്കൊണ്ട് ചെറുപ്പക്കാരെ ആകർഷിക്കുക.

17. രോഗബാധയും കീടശല്യവും നിയന്ത്രിക്കുന്നതിൽ കർഷകർക്ക് പരിശീലനവും നല്കുക

18. ശാസ്ത്രീയമായ വളപ്രയോഗരീതികൾ പ്രചരിപ്പിക്കുക.

19. ജൈവകീടനാശിനികൾ തയ്യാറാക്കുന്നതിൽ പരിശീലനം നല്കുക.

മൃഗസംരക്ഷണവും മത്സ്യപരിപാലനവും

കൃഷി ചെയ്യാൻ ആരംഭിക്കുന്നതിനും എത്രയോ മുൻപ് തന്നെ മനുഷ്യൻ കന്നുകാലി വളർത്തൽ ആരംഭിച്ചിരുന്നു. പാൽ, മാംസം, എന്നിവക്കും ഭാരം വലിക്കാനും ആയിരുന്നു ആദ്യമൊക്കെ മൃഗങ്ങളുടെ ആവശ്യം. പില്ക്കാലത്ത് നിലം ഉഴുകുന്നതിനും സവാരിക്കും ചക്കുകളിൽ എണ്ണയാട്ടുന്നതിനുമെല്ലാം മൃഗങ്ങൾ ആവശ്യമായി വന്നു. ഒട്ടേറെ ആചാരങ്ങൾക്ക് വേണ്ടിയും മൃഗങ്ങളെ ഉപയോഗപ്പെടുത്തിപ്പോന്നു. വിശാലമായ മേച്ചിൽപ്പുറങ്ങൾ ഉപേക്ഷിച്ച് കൃഷിസ്ഥലങ്ങൾ കേന്ദ്രീകരിച്ച് മനുഷ്യർ ജീവിക്കാൻ തുടങ്ങിയപ്പോൾ കൃഷിയിടങ്ങളിലെ പുല്ലും വയ്ക്കോലും, ഉപയോഗപ്പെടുത്തികൊണ്ട് കന്നുകാലികളെ പോറ്റാൻ തുടങ്ങി. വൈക്കോൽ തീറ്റയായും, ചാണകം വളമായും ഉപയോഗപ്പെടുത്തുന്നതിലൂടെ കൃഷിയും കന്നുകാലി വളർത്തലും പരസ്പര പൂരകമായ പ്രവൃത്തികളായി കർഷകൻ കരുതാൻ തുടങ്ങി. കന്നുകാലികുളുടെ എണ്ണം ഒരു കാലത്ത് പ്രൗഡിയുടെയും സമ്പത്തിൻെറയും അടയാളമായി കരുതി പ്പോന്നിരുന്നു.

ഭൂമി തുണ്ടു വല്കരിക്കപ്പെടുന്നതിനു മുമ്പ് ഇവിടെയുള്ള വിശാലമായ പറമ്പുകളിലേക്ക് കയറൂരിവിട്ട് കൊണ്ട് പശുക്കളെ മേയാനനുവദിക്കുന്ന രിതിയായിരുന്നു കർഷകർ സ്വീകരിച്ചിരുന്നത്. ഒന്നോ, രണ്ടോ കുട്ടികൾ പശുക്കളെ മേയ്ക്കാനായി കൂടെ ചെല്ലുകയും ചെയ്തിരുന്നു. മിക്കവാറും കുടിയാന്മാരുടെ വീടുകളിലെ കുട്ടികൾ ജന്മിമാരുടെ അല്ലെങ്കിൽ സാമ്പത്തിക ശേഷിയുള്ള വീടുകളിലെ പശുക്കളെ മേച്ച് ജിവിതം പുലർത്തുന്ന രീതിയായിരുന്ന അക്കാലത്ത്. പശുക്കളുടെ തീറ്റയുടെ കാര്യത്തിലോ മറ്റ് പരിപാലന കാര്യത്തിലോ ന്നെു പ്രത്യേകമായ ശ്രദ്ധ ആവശ്യമായി കരുതിയിരുന്നില്ല. ഒരു കാലത്ത് വൻകിട ഭൂവുടമകളിൽ മാത്രമുണ്ടായിരുന്ന കന്നുകാലി സമ്പത്തിൻെറ ഒരുപങ്ക് പാവങ്ങൾക്ക് ലഭ്യമായത് സവിശേഷമായ ഒരു കൊടുക്കൽ-വാങ്ങൽ രീതിയിലൂടെ ആയിരുന്നു. ഒരു പശുക്കുട്ടിയെ ചെറുതിൽ തന്നെ പോറ്റാൻ വാങ്ങിയതിന് ശേഷം അതിനെ പോറ്റി വലുതാക്കി ഒരു പ്രജനന കാലം മുഴുവൻ ഉപയോഗപ്പെടുത്തി രണ്ടാമത്തെ പ്രസവത്തോടെ തിരിച്ചേല്പിക്കുന്ന ഈ ഏർപ്പാടിനെ ' പശുവിനെ പോറ്റാൻ വാങ്ങുക' എന്നാണ് പറഞ്ഞിരുന്നത്. ആദ്യപ്രസവത്തിലെ കുഞ്ഞ് പോറ്റാൻ വാങ്ങുന്നവർക്ക് സ്വന്തമാകുന്നു.

പശു, ആട് എന്നിവയാണ് ഈ പ്രദേശത്തെ പ്രധാന കന്നുകാലികൾ. പശുക്കളിൽ നാടൻ ഇനങ്ങളേക്കാൾ സങ്കിയിനങ്ങളാണ് കൂടുതൽ. ഉഴവുകാളകളും വണ്ടിക്കാളകളും നാട്ടിൽ നിന്ന് തീരേ അപ്രത്യക്ഷമായിരിക്കുന്നു. വളർത്തു പക്ഷികളുടെ കൂട്ടത്തിൽ കോഴിയാണ് പ്രധാന. ചുരുക്കം ചിലർ താറാവിനെ വളർത്തുന്നുണ്ട്. മുട്ടയുടെആവശ്യത്തിനല്ലാതെ ഇറച്ചിക്ക് വേണ്ടി മാത്രമായി വളർത്തുന്ന ബ്രോയ്ലർ യൂണിറ്റുകൾ ഏതാനും എണ്ണം ഇവിടെ ആരംഭിച്ചിട്ടുണ്ട്.

മേന്മയേറിയ പശുക്കിടാങ്ങളെ ഉല്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കൃത്രിമ ബീജാദാന പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് 1962 കാലയളവോടെയാണ്. ആദ്യകാലത്ത് കർഷകർ ഇക്കാര്യത്തിൽ വലിയ താല്പര്യം കാട്ടിയിരുന്നില്ലെങ്കിലും ബോധവല്ക്കരണത്തിലൂടെ കഴിഞ്ഞിട്ടുണ്ട്. വായ്പാ സൗകര്യങ്ങളും ഇൻഷ്വറൻസ് പദ്ധതികളും പ്രയോജനപ്പെടുത്തി സങ്കരയിനം പശുക്കളെ വാങ്ങാൻ പലപകർഷകരും ഇപ്പോൾ മുന്നോട്ട് വന്നിട്ടുണ്ട്. പഞ്ചായത്തിൽ ഒരു ക്ഷീര സഹകരണ സംഘവും സഹകരണ സംഘത്തിൻെറ ശാഖയും പ്രവർത്തിക്കുന്നതുകൊണ്ട് പാലിൻെറ വിപണനത്തിൽ കർഷകർക്കുള്ള പ്രയാസങ്ങൾ വലിയൊരളവോളം പരിഹരിക്കപ്പെട്ടിട്ടുണ്ട്.

വളർത്തുപക്ഷിസംഖ്യ

വാർഡ് നമ്പർ	പൂവൻകോഴി	പിടക്കോഴി		താറാവ്		മറ്റുള്ളവ
		മുട്ടയിടുന്നത്	മുട്ടയിടാത്തത്	ആൺ	പെൺ	
I	62	174	51	-	-	-
II	41	169	27	-	-	-
III	74	207	64	-	-	-
IV	37	98	29	-	-	-
V	51	141	52	-	-	-
VI	36	79	24	-	-	-
VII	42	165	72	4	7	-
VIII	36	147	61	-	-	-
IX	35	204	84	-	-	-

എട്ടാം വാർഡിലും,രണ്ടാം വാർഡിലും ഇറച്ചിക്കോഴി വളർത്തുന്ന ഫാം ഉണ്ട്

വളർത്തുമൃഗ ഇനം	ആകെ എണ്ണം	കൃത്രിമ ബീജസങ്കലനം നടത്തിയവ	ഗർഭധരണത്തിന് രണ്ടിലധികംതവണ ബീജസങ്കലനം നടത്തിയവ
പശു	408	251	43
കിടാരി	362	164	37
എരുമ	-	-	-

സമ്പുഷ്ടമായ പോഷകാഹാരം എന്ന നിലക്ക് ജനങ്ങൾപാലിനെ കൂടുതലായ പ്രയോജനപ്പെടുത്തുന്നില്ല. ഒരാൾ ദിനം പ്രതി 280മി.ലി. പാൽ കുടിക്കണം എന്നാണ്ലോകാരോഗ്യ സംഘടനയുടെ കണക്ക്. നമ്മുടെ പഞ്ചായത്തിൽ സംഘടിത മേഖലയിൽ 800ലിറ്റർ പാൽ മാത്രമാണ ഉല്പാദിപ്പിക്കുന്നുള്ളൂ. ആളോഹരി പാൽ 10 മി. ലിറ്ററിൽ താഴെയാണ്. ചായയ്ക്ക് വേണ്ടിമാത്രമാണ പലരും പാൽ വാങ്ങുന്നത്. പോഷകാഹാര വിദഗ്ദർ നിർദ്ദേശിക്കുന്ന അളവിൽ ഓരോരുത്തർക്കു പാൽലഭ്യമാക്കാൻ പഞ്ചായത്തിലെ പാലുലപാദനം ഇനിയും എത്രയോ മടങ്ങ് വർദ്ധിപ്പിക്കണം. പാൽകേ വരാതെ സൂക്ഷിക്കാനും പാലിൽ നിന്ന് വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ നിർമിക്കുവാനും കഴിഞ്ഞാൽ ഈ മേഖലയിൽ ഒട്ടേറെ തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ കഴിയും. പഞ്ചായത്തിൽ ആവശ്യമായ കോഴിമുട്ടയുടെ വലിയൊരു ഭാഗവും ഇന്ന് അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ട് വരുന്നവയാണ്. മാംസത്തിന്റെ കാര്യത്തിലും പഞ്ചായത്ത് സ്വയം പരാപ്തമല്ല. ഒരു കാലത്ത് സ്ത്രീകൾ വലിയ ക്ലേശം കൂടാതെ വളർത്തിയിരുന്ന ആടുവളർത്തലിൽ പലർക്കും താൽപര്യം കുറഞ്ഞു വരുന്നതായാണ് കാണുന്നത് ശീലത്തിന്റെ ഭാഗമല്ലാത്തതുകൊണ്ട് എരുമവളർത്തൽ, പന്നിവളർത്തൽ, എന്നിവയിൽ നമ്മുടെപഞ്ചായത്തിലെ ജനങ്ങൾ ഒട്ടും താൽപര്യം കാണിച്ചു തുടങ്ങിയിട്ടില്ല. ഓണം, പെരുന്നാൾ, വിഷു തുടങ്ങിയ ആഘോഷ സമയത്തെ മാംസത്തിന് വേണ്ടിയുള്ള ഡിമാൻറ് കണക്കിലെടുത്ത് ആട്, കോഴി പന്നിവളർത്തൽ, യൂനിറ്റുകൾ പരമാവധി തുടങ്ങാൻ കഴിയണം.ആട്ടിൻപാലിന്റെ ഔഷധമേന്മയും മാലിന്യങ്ങൾ ഭക്ഷണമാക്കുന്നതിലൂടെ പന്നികൾ ചെയ്യുന സാമൂഹ്യസേവനവുമെല്ലാം ജനങ്ങളെ ബോധ്യപ്പെടുത്തി ഇക്കാര്യത്തിൽ താൽപര്യം വളർത്താൻ ശ്രമിക്കണം.

ഒന്നിലേറെ പശുക്കളെ വളർത്താൻ സൗകര്യമുള്ള വീടുകളിൽ ഗോബർ ഗ്യാസ് പ്ലാൻറുകൾ തുടങ്ങുന്നതുവഴി കന്നുകാലിവളർത്തലിന്റെ മറ്റൊരു സാധ്യത പ്രയോജനപ്പെടുത്താവുന്നതാണ്.

1990 മാർച്ച് മാസത്തിലാണ് പഞ്ചായത്തിലെ ഏക മൃഗസംരക്ഷണ സ്ഥാപനമായ കൃത്രിമ ബീജാധാനകേന്ദ്രം തുടങ്ങിയത് ആഡൂരിലെ ക്ഷീരസഹകരണ സംഘമാണ് ഈ സ്ഥാപനത്തിന്റെ വാടകയും മറ്റും കൊടുക്കുന്നത്.

പഞ്ചായത്തിലെ പശുക്കൾക് സാധാരണയായി കണ്ടുവരുന്ന രോഗങ്ങൾ കാലിവസന്ത, അ കിടുവീക്കം, വിരശല്യം വയറിളക്കം, പനി, കുളമ്പുരോഗം, തളർവാതം, എന്നിവയാണ്. കോഴിവസന്ത വിരബാധ എന്നിവ കോഴികളെയും ബാധിക്കുന്നു. പേൻ ശല്യവും കോഴിവളർത്തുകാരെ സംബന്ധിച്ചിടത്തോളം പ്രശ്നമകാറുണ്ട്.

പഞ്ചായത്തിൽ ഒരു മൃഗാശുപത്രി ഇല്ലെന്നത് കർഷകർക്ക് വലിയ പ്രയാസമുണ്ടാക്കുന്നു മൂന്നുപെരിയയിലേയും നടാലിലെയും മൃഗാശുപത്രികളെയാണ് കർഷകർ മുഖ്യമായും ആശ്രയിക്കുന്നത പഞ്ചായത്തിൽ പുതുതായി ഒരു മൃഗാശുപത്രി സ്ഥാപിക്കുന്നതിന് നടപടി കൈക്കൊണ്ടുവരുന്നു. അത്യുൽപാദനശേഷിയുള്ള നല്ലയിനം പശുക്കൾ നാട്ടിൽ പ്രചരിച്ചുവെങ്കിലും ആഡൂരിലെ ക്ഷീ സഹകരണസംഘത്തിന്റെ പരിധിയിൽ ഒരു പശുവിൽ നിന്ന് കിട്ടുന്ന പരമാവധി പാൽ 8 ലിറ്ററാണ കാലിത്തീറ്റയുടെ വിലക്കൂടുതൽ വൈക്കോലിന്റെ ലഭ്യതക്കുറവ് എന്നിവ ക്ഷീര കർഷകരെ സംബന്ധിച്ചിടത്തോളം വലിയ പ്രശ്നമായിത്തീരുന്നു.

പ്രശ്നങ്ങൾ

1. മേച്ചിൽ പുറങ്ങൾ ഇല്ല
2. വൈക്കോൽ പ്രാദേശികമായി ലഭ്യമല്ല
3. കാലിത്തീറ്റയ്ക്ക് വിലകൂടുതലാണ്
4. പാലിൽ നിശ്ചിത വിലയിൽ കൂടുതൽ ഈടാക്കാൻ പറ്റുന്നില്ല.

5. പാൽ കേടുകൂടാതെ സൂക്ഷിക്കാനോ സംസ്കരിച്ച് വൈവിധ്യമാർന്ന ഉൽപന്നമാക്കി മാറ്റാനോ കഴിയുന്നില്ല.

6.തീറ്റപ്പുൽകൃഷിക്ക് തീരെ പ്രചാരമില്ല.

7. വേനൽക്കാലത്ത് പച്ചപ്പുല്ല് തീരെ ലഭ്യമാകുന്നില്ല

8. പഞ്ചായത്തിൽ മൃഗാശുപത്രി ഇല്ല

9. കൃത്രിമ ബീജാദാനകേന്ദ്രം പഞ്ചായത്തിൽ ഒന്നു മാത്രമെ യുള്ളൂ.

10. വളർത്തുമൃഗങ്ങളെയും പക്ഷികളെയും പലതരത്തിലുള്ള രോഗങ്ങൾ ബാധിക്കുന്നു.

11. അത്യുൽപാദനശേഷിയുള്ള കന്നുകുട്ടികളെയും കോഴിക്കുഞ്ഞുങ്ങളെയും ലഭിക്കാൻ പ്രയാസമനുഭവപ്പെടുന്നു.

12. യുവാകൾക്ക് മൃഗസംരക്ഷണത്തിലും മറ്റും താൽപര്യം കുറവാണ്.

സാധ്യതകൾ:

1. പഞ്ചായത്തിൽ സാധ്യമായിടത്തെല്ലാം തീറ്റപ്പുൽ കൃഷി നടത്തുക, തീറ്റപുൽ വിത്തുകൾ സൗജന്യമായി നൽകുക.

2. തീറ്റപ്പുല്ലിന് വിപണന സൗകര്യം ഏർപ്പെടുത്തുക.

3. മഴക്കാലത്ത്പാഴായിപോകുന്ന പച്ചപ്പുല്ല് ശേഖരിച്ച് ഉണക്കി സൂക്ഷിക്കുവാനുള്ള ഏർപാടുകൾ പ്രോൽസാഹിപ്പിക്കുക.

4. സൈലേജ് നിർമ്മാണത്തിൽ കർഷകർക്ക് പരിശീലനം നൽകുക.

5. പഞ്ചായത്തിൽ മൃഗാശുപത്രി തുടങ്ങാനുള്ള സ്ഥലസൗകര്യങ്ങളും മറ്റും ലഭ്യമാക്കുന്ന നടപടി ത്വരിതപ്പെടുത്തുക.

6. കോഴി, താറാവ്, ആട് വളർത്തലിനും മറ്റും സ്ത്രീകൾക്കിടയിൽ പ്രചാരം നൽകുക.

7.തൊഴുത്ത് (ആല) നിർമ്മിക്കാൻ ധനസഹായം ലഭ്യമാക്കുക.

8. വളർത്തുമൃഗങ്ങൾക്കും പക്ഷികൾക്കുമെല്ലാം ഇൻഷ്വറൻസ് സൗകര്യം ഏർപ്പെടുത്തുക.

9. ക്ഷീര സംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് 'പ്രോത്സാഹന നിധി' ഏർപ്പെടുത്തുക.

10. പാൽ ഉൽപാദനം പ്രോത്സാഹിപ്പിക്കുന്നതിന് ക്ഷീരസംഘങ്ങൾക്ക് നൽകുന്ന പാലിന്റെ അളവിന് ആനുപാതികമായി കാലത്തീറ്റ സബ്സിഡിനിരക്കിൽ നൽകുക.

11. കൃത്രിമ ബീജസങ്കലനം വ്യാപിപ്പിക്കുന്നതിന് പഴയ പദ്ധതി മാതൃകയിൽ യുവാക്കൾക്ക് പരിശീലനം നൽകുക.

12. മാതൃകാ ഡയറി യൂനിറ്റുകൾ ഓരോ വാർഡിലും സ്ഥാപിക്കുക.

13. മീനെണ്ണ ധാതുലവണ മിശ്രിതം വിറ്റാമിൻ ടോണിക്കുകൾ തുടങ്ങിയ സാധനങ്ങൾ കർഷകർക്ക് സബ്സിഡി നിരക്കിൽ നൽകുക.

14. ആനുകാലിക വിജ്ഞാനങ്ങൾ നൽകാൻ കർഷക സമ്പർക്ക ക്ലാസ്സുകൾ നടത്തുക.

15. അലങ്കാര പക്ഷികളെ വളർത്തി പക്ഷികുഞ്ഞുങ്ങളെ വിപണനം നടത്തുക.

16. മുട്ട, മാംസം, ഉൽപാദനത്തിൽ പഞ്ചായത്ത് സ്വയം പര്യാപ്തമാവും വിധം കൂടുതൽ യൂനിറ്റുകൾ തുടങ്ങി തൊഴിവസരങ്ങൾ വളർത്തുക

17. അറവുശാലകൾക്ക് ലൈസൻസ് നിർബന്ധമാക്കുക.

18. അറവുശാലകളിൽ കശാപ്പുചെയ്യപ്പെടുന്ന മൃഗങ്ങൾക്ക് പകർച്ച വ്യാധിയും മറ്റും ഇല്ലെന്ന് ഉറപ്പുവരുത്തുക.

മത്സ്യബന്ധനം

പഞ്ചായത്തിൽ കടൽതീരം ഇല്ലെങ്കിലും കടൽതീരത്തിനോട് ചേർന്ന് കിടക്കുന്ന പ്രദേശത്ത് ഏതാനും മത്സ്യ തൊഴിലാളികളുണ്ട്. തോടുകളും കുളങ്ങളും ഏറെയുണ്ടെങ്കിലും മത്സ്യബന്ധനം പേരിനുമാത്രമെയുള്ളൂ. ചൂണ്ടൽ, ഒകല്, ചേണ്, കുണ്ടാച്ചി, കൈവല തുടങ്ങിയവ ഉപകരണങ്ങൾ ഉപയോഗിച്ച് സ്വന്തം ആവശ്യത്തിന് മാത്രമായി മീൻപിടിച്ചിരുന്ന പതിവ് പോലും ഇപ്പോൾ കുറവാണ്. വേലിയിറക്ക സമയം നോക്കി കടപ്പുറത്തുപോയി കല്ലുമ്മക്കായയും മറ്റും പറിച്ചെടുക്കുന്ന പതിവ് ചുരുക്കമായെങ്കിലും നിലനിൽക്കുന്നുണ്ട്.

ഇരുമീൻ, ചെമ്പല്ലി, നോങ്ങൾ, മാലാൻ, കൈച്ചൽ, മുശു, ചെമ്മീൻ, എന്നിവയാണ് ഈ പ്രദേശത്ത് കണ്ടുവരുന്ന പ്രധാന ശുദ്ധജലമത്സ്യങ്ങൾ. മമ്മാക്കുന്ന് കടവിനോട് ചേർന്ന് വെള്ളക്കെട്ടുള്ളസ്ഥലങ്ങളിൽ നിന്നും ചെമ്മീനും ഞണ്ടും ലഭിക്കാറുണ്ട്.

മത്സ്യകൃഷി എന്ന രൂപത്തിൽ മത്സ്യം വളർത്തിന്നതിന് പഞ്ചായത്തിൽ പ്രചാരം ലഭിച്ചിട്ടില്ല. പരീക്ഷണാർത്തം കടമ്പൂരിലെ ഒരു കുളത്തിൽ മത്സ്യം വളർത്തിയെങ്കിലും പരിചരിക്കാൻ ആളില്ലാത്തതിനാൽ അത് ഉപേക്ഷിക്കുകയാണ് ചെയ്തത്. ആവശ്യമായ മത്സ്യകുഞ്ഞുങ്ങൾ മത്സ്യതീറ്റ എന്നിവ ലഭ്യമാക്കിക്കൊണ്ട് ശുദ്ധജല മത്സ്യകൃഷി പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. ഞണ്ടിൻെറയും മറ്റും മുട്ടകൾശേഖരിച്ചുകൊണ്ട് ഇവിടെ ഞണ്ടുകൾ കൂടുതലായി വളർത്താൻ കഴിയും.

കടൽ മത്സ്യങ്ങൾ തലച്ചുമടായും വാഹനങ്ങളിലും കൊണ്ടുവന്ന് വിപണനം നടത്തുന്ന 100 ലധികം പേർ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിൽ ഒരിടത്ത് മാത്രമെ മത്സ്യ മാർക്കറ്റുള്ളൂ. റോഡരികിലും മറ്റുമാണ് മത്സ്യവിൽപ്പന നടക്കുന്നത് എന്നത് ഒട്ടേറെ മലനീകരണ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്.
ചില പ്രത്യേക കാലങ്ങളിൽ മത്സ്യങ്ങൾക്ക് രോഗങ്ങൾ കാണാറുണ്ട്. കീടനാശിനികളും മറ്റ് അനിയന്ത്രിതമായി പ്രയോഗിക്കുന്നത് മത്സ്യസമ്പത്തിൻെറ നാശത്തിന് ഇടയാക്കുന്നു.

പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ ഒരു മത്സ്യമാർക്കറ്റ് മാത്രമെയുള്ളൂ.
2. മത്സ്യവിപണന കേന്ദ്രങ്ങൾ പരിസര മലിനീകരണം ഉണ്ടാക്കുന്നു.
3. ശുദ്ധജല മത്സ്യകൃഷിയെ കുറിച്ച് അറിവുതരുന്ന സ്ഥാപനങ്ങൾ ഒന്നും പഞ്ചായത്തിൽ ഇല്ല
4. ഫീഷറീസ് ഉദ്യോഗസ്ഥൻമാരുടെ സേവനം പഞ്ചായത്തിന് ലഭ്യമാകുന്നില്ല.
5. മത്സ്യങ്ങൾക്ക് രോഗബാധയുണ്ടാകുന്നു.

സാധ്യതകൾ

1. പഞ്ചായത്തിലെ സ്വകാര്യകുളങ്ങളിൽ ശുദ്ധജലമത്സ്യകൃഷി തുടങ്ങുക
2, ഞണ്ടുവളർത്തിൻെറ സാധ്യതകൾ പരിശോധിക്കുക
3. പ്രധാന വ്യാപാര കേന്ദ്രങ്ങളിൽ മത്സ്യമാർക്കറ്റ് പണിയുക
4. മത്സ്യമാർക്കറ്റിലെ അവശിഷ്ടങ്ങളെ കോഴിത്തീറ്റയും മറ്റുമായി സംസ്കരിക്കുക.

വളർത്തുമൃഗ സംഖ്യ

വാർഡ് നമ്പർ	കാള നാടൻ		കാള സങ്കരം		പശു നാടൻ		പശു സങ്കരം		എരുമ		പോത്ത്	ആട്	പട്ടി	ആ ന
I	2	3	4	5	6	7	8	9	10	11	12	13	14	
I	-	-	-	-	9	13	54	24	-	-	-	17	72	-
II	-	-	-	-	8	6	37	23	-	-	-	29	70	-
III	-	-	-	-	14	7	27	32	-	-	-	34	61	-
IV	-	-	-	-	8	10	41	21	-	-	-	28	83	-
V	-	-	-	-	9	8	57	22	-	-	-	46	34	-
VI	-	-	-	-	12	14	39	22	-	-	-	40	36	-
VII	-	-	-	-	9	5	31	33	-	-	-	27	42	-
VIII	-	-	1	-	14	11	41	28	-	-	-	21	27	-
IX -	-	-	-		8	11	38	24	-	-	-	42	34	

••• വ്യവസായം •••

പ്രകൃതിദത്തമായ വിഭവങ്ങൾക്ക് മേൽ യുക്തമായ രീതിയിൽ മനുഷ്യാധ്വാനവും ഊർജ്ജവും പ്രയോഗിച്ച് കൊണ്ട് അവയെ ഉപയോഗയോഗ്യമായ ഉല്പന്നങ്ങളാക്കി മാറ്റുന്ന പ്രക്രിയയാണ് വ്യവസായം. കൃഷിഭൂമിയുടെ വിസ്തൃതി അനുദിനം കുറഞ്ഞുവരുന്ന സാഹചര്യത്തിൽ നാടിന്റെ സാമ്പത്തിക വളർച്ച ഉറപ്പ് വരുത്തുന്നതിന്ന് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമുള്ള പ്രധാന സാധ്യത വ്യവസായ മേഖലയിലാണ്. പ്രാദേശികമായ അസംസ്കൃതവസ്തുക്കൾ ഉപയോഗപ്പെടുത്തുന്നതും കുറഞ്ഞതോതിൽ ഊർജ്ജം മാത്രം ഉപയോഗിക്കുന്നതും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ വ്യവസായങ്ങളുമാണ് നമ്മുടെ നാടിന് അഭികാമ്യമായിട്ടുള്ളത്.

വ്യാവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ് കടമ്പൂര്. പരമ്പരാഗതമായ വ്യവസായമായ കൈത്തറി, നെയ്ത്ത്, ചക്കരചെത്ത്, അവൽ ഇടി, കൊപ്രയാട്ട് വ്യവസായങ്ങൾ നാമമാത്രമായിരിക്കുകയാണ്. ഇത് പോലെ കുടിൽ വ്യവസായങ്ങളായി മൺപാത്രനിർമ്മാണം, ചൂടിപിരിക്കൽ, ഓലക്കുട നിർമ്മാണം തുടങ്ങിയവയും ഉണ്ടായിരുന്നു. എന്നാൽ ഇന്ന് അവയെല്ലാം ഓർമ്മകളിൽ മാത്രമേയുള്ളൂ.

മൺപാത്ര നിർമ്മാണം കാടാച്ചിറ ഭാഗത്തും കൊപ്രയാട്ട് ആഡൂര്, കടമ്പൂര് ഭാഗങ്ങളിലും ഓലക്കുട നിർമ്മാണ പനോന്നേരി കടമ്പൂര് ഭാഗത്തും, കൈയിൽ തെരിയ, ഉറി, ചൂടിപിരിക്കൽ പായ നെയ്ത്ത് എന്നിവ പനോന്നേരി, ആഡൂര്, മീത്തലെക്കണ്ടി ഭാഗങ്ങളിലും ചക്കരചെത്ത്, കുഴിത്തറിനെയ്ത്ത്, വല നെയ്ത്ത്, എന്നിവ പഞ്ചായത്തിന്റെ പലഭാഗങ്ങളിലും നൂറ്റാണ്ടുകൾക്ക് മുൻപ് തന്നെ വിവിധ ജനവിഭാഗങ്ങളുടെ കുലതൊഴിലായിരുന്നു.

ഈ പഞ്ചായത്തിൽ വൻകിട വ്യവസായങ്ങൾ ഒന്നും തന്നെയില്ലെങ്കിൽ പോലും 1940- കാലഘട്ടം മുതൽ ആഡൂര്, കടമ്പൂര്, മീത്തലെക്കണ്ടി എന്നിവിടങ്ങളിൽ നെയ്ത്ത് ശാലകൾ സ്ഥാപിച്ച് വ്യവസായം ആരംഭിച്ചിട്ടുണ്ട്. നെയ്ത്ത് ശാലകൾ വന്നതോട് കൂടി ' കുഴിത്തറികൾ' അപ്രത്യക്ഷമായി.

1945 കാലഘട്ടത്തോടെ കടമ്പൂരിൽ ഈർച്ച വാൾ കൊണ്ട് മരങ്ങൾ ഈർന്ന് പലകൾ നിർമ്മിച്ച് തുടങ്ങിയിരുന്നു. ഇതേ കാലയളവിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ബീഡി വ്യവസായത്തിന്റെയും കൈത്തറി വ്യവസായത്തിന്റെയും ആവിർഭാഗത്തോടെ തൊഴിലാളികൾക്ക് ക്ലിപ്തപ്പെടുത്തിയ കൂലി നിരക്ക് പ്രാബല്യത്തിൽ വന്നു. 1960 ൽ കടമ്പൂര് മുച്ചിലോട്ട് കാവിന് സമീപമായി ഖാദിബോർഡിന്റെ നിയന്ത്രണത്തിൽ 'ബെസ്റ്റ്' എന്ന പേരിൽ ഒരു തീപ്പെട്ടി കമ്പനി പ്രവർത്തിച്ചിരുന്നു. എന്നാൽ സാമ്പത്തിക പരാധീനതകൾ കാരണം ഇത് അടച്ച് പൂട്ടുകയാണുണ്ടായത്. ഖാദിബോർഡിന്റെ കീഴിലുള്ള പ്രസ്തുത സ്ഥാപനം ഇന്നും ഒഴിഞ്ഞുകിടക്കുകയാണ്.

പല കുടിൽ വ്യവസായങ്ങളും ഇപ്പോൾ ഇല്ലാതായികൊണ്ടിരിക്കുകയാണ്. മൺപാത്ര നിർമ്മാണം നാമമാത്രമായിരിക്കുന്നു. അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യമാണ് പ്രധാനകാരണം. ഓലക്കുട, തെരിയ ഉറി, തുടങ്ങിയ സാധനങ്ങളുടെ ഉപയോഗം തന്നെ ഇല്ലാതായിരിക്കുന്നു.കടമ്പൂര് പഞ്ചായത്തിലെ വിവിധ വ്യവസായ മേഖലകളിലായി 598 പേർ ജോലിചെയ്യുന്നു. ഇതിൽ 382പേർ പുരുഷന്മാരും 216 പേർ സ്ത്രീകളുമാണ്.പരമ്പരാഗത തൊഴിലുകളായ കൈത്തറി, ബീഡി, കള്ളുചെത്ത്, മൺപാത്ര നിർമ്മാണം, ചെങ്കൽകൊത്ത് എന്നീ മേഖലകളിൽ തൊഴിലാളികൾ കുറഞ്ഞ് വരികയാണ്. താരതമ്യേന മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കുന്നത് കൊണ്ട് കെട്ടിട നിർമ്മാണ രംഗത്തേക്ക് പരമ്പരാഗത തൊഴിലാളികൾ കൂടുമാറുകയാണ്. ബീഡിമേഖലയിലേക്ക് സ്ത്രീകൾ കുടുതലായി കടന്ന് വരുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിലെ സഹകരണമേഖലയിൽ ബീഡിവ്യവസായവും, ക്ഷീരവ്യവസായവും വനിതഗാർമെൻറുമാണ് പ്രവർത്തിക്കുന്നത്.

വ്യവസായ മേഖലയിലെ വനിതാ പങ്കാളിത്തം തൊഴിലെടുക്കുന്ന പുരുഷന്മാരുടെ എണ്ണത്തിന്റെ (3177) നാലിൽ ഒന്ന് മാത്രമേയുള്ളൂ. തൊഴിലില്ലാത്ത പുരുഷന്മാരുടെ (4690) ഏകദേശം ഇരട്ടിയാണ് തൊഴിലില്ലാത്ത സ്ത്രീകളുടെ എണ്ണം (7636) ബീഡി, ഗാർമെൻറ്സ്, കെട്ടിട നിർമ്മാണം എന്നീ മേഖലകളിലാണ് സ്ത്രീ പങ്കാളിത്തം കൂടുതലുള്ളത്.

നമ്മുടെ പഞ്ചായത്തിൽ 'ആക്സ' എന്ന ക്ഷീരോൽപന്ന നിർമാണ യൂണിറ്റിന്റെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. ഉല്പന്നങ്ങൾക്ക് വൈവിധ്യമില്ലാത്തതും, തൊഴിലാളികളുടെ വൈദഗ്ദ്യക്കുറവും ഈ രംഗത്തെ പരാജയത്തിന് കാരണമാണ്.

വിവിധ രംഗങ്ങളിലെ പുരുഷ/സ്ത്രീ തൊഴിലാളികളുടെ കൂലി വിവര പട്ടിക

ക്രമ നമ്പർ	തൊഴിൽ മേഖല	പുരുഷൻ	സ്ത്രീ
1	നെയ്ത്ത് വ്യവസായം	35	35
2	ബീഡി വ്യവസായം	50	50
3	ബനിയൻ വ്യവസായം		15
4	ഇൻഡസ്ട്രി(ഗ്രിൽസ്)	45	
5	ചൂള		45
6	ഫർണിച്ചർ	100	
7	ഗാർമെൻറ്സ്		20

പ്രശ്നങ്ങൾ

1. വിദഗ്ദ തൊഴിലാളികളുടെ ദൗർലഭ്യം
2. കൈത്തറി രംഗത്ത് നൂൽ, ചായം എന്നിവയുടെ വിലവർദ്ധനവ്
3. മൺപാത്രം, പായനെയ്ത്ത് എന്നീ തൊഴിലുകൾ ആകർഷണീയ മല്ലാതായിരിക്കുന്നു.
4. ആധുനിക വൽക്കരണം, യന്ത്രവൽക്കരണം എന്നിവയുടെ അഭാവം
5. സംഘടിത ശ്രമങ്ങളില്ലായ്മ
6. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം
7. യുവതലമുറയ്ക്ക് പരമ്പരാഗത തൊഴിലിനോടുള്ള ആഭിമുഖ്യക്കുറവ്
8. പുതിയ വൈദ്യുതി കണക്ഷനുള്ള കാലതാമസം, വോൾട്ടേജ്കുറവ്, ലോഡ് ഷെഡ്ഡിംഗ് തുടങ്ങിയ വൈദ്യുത സംബന്ധമായ പ്രശ്നങ്ങൾ.
9. വായ്പാ സഹായങ്ങളുടെ ലഭ്യത ക്കുറവ്
10. സംരഭകർക്ക് മാർഗ്ഗ നിർദ്ദേശങ്ങളും, പരിശീലനവും ലഭിക്കായ്ക.
11. പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള സാങ്കേതിക വിദ്യ ലഭ്യമാക്കുന്നതിലെ പ്രയാസങ്ങൾ

12. വൻകിട കമ്പനികളുടെ പ്രചരണ തന്ത്രങ്ങൾക് മുന്നിൽ പിടിച്ചു നില്കാൻ കഴിയായ്ക

സാധ്യതകൾ

1. കൃഷി അനുബന്ധ വ്യവസായങ്ങൾ:

എ) തേങ്ങ ഉപയോഗിച്ച് ചകിരി വ്യവസായം

കയർ വ്യവസായം, കാർപെറ്റ്, കൗതുക വസ്തുക്കൾ എന്നിവ തുടങ്ങുക. തൊണ്ട് അഴുക്കാതെ നേരിട്ട് ചകിരിനാര് ഉല്പാദിപ്പിക്കാൻ പറ്റുന്ന സാങ്കേതിക വൈദഗ്ദ്യം ലഭ്യമാക്കുക, ചിരട്ടകൊണ്ടുള്ള കൗതുക വസ്തു നിർമ്മാണം തേങ്ങകൊണ്ട് തേങ്ങാപ്പൊടി, തേങ്ങ ക്രീം, മധുരപലഹാര നിർമ്മാണം (തേങ്ങ ചോക്ലേറ്റ്) കൊപ്ര കൊണ്ട് എണ്ണയാട്ട്, പിണ്ണാക്ക് കൊണ്ട് കാലിത്തീറ്റ നിർമ്മാണം തേങ്ങവെള്ളം കൊണ്ട് ലഘുപാനീയങ്ങൾ തേങ്ങ വെന്തയെണ്ണകൊണ്ട്ഹെയറോയിൽ, മെഡിക്കേറ്റഡ്ഹെയറോയിൽ, സോൾവൻറ് എക്സ്ട്രാക്ഷൻസ് എന്നിവ നിർമ്മിക്കുന്ന ചെറുകിട അനുബന്ധ വ്യവസായങ്ങൾ തുടങ്ങുക.

ബി) കൈതച്ചക്ക, പപ്പായ എന്നിവ ഉപയോഗിച്ച് പഴ സംസ്കരണ യൂണിറ്റുകൾജാം, സ്കാഷ് എന്നിവ നിർമ്മിക്കുക.

സി) മാങ്ങ ഉപയോഗപ്പെടുത്തികൊണ്ട് മാങ്ങത്തിര നിർമ്മാണം. കശുമാങ്ങ ഉപയോഗിച്ച് ജാം ലഘു പാനീയം എന്നിവ നിർമ്മിക്കൽ കുടിൽ വ്യവസായമായി കശുവണ്ടി സംസ്കരണം എന്നിവ.

ഡി) സോയബീനിൽ നിന്നും എണ്ണയെടുക്കുന്ന കേന്ദ്രങ്ങൾ സോയാബീൻ പിണ്ണാക്ക് ഉപയോഗപ്പെടുത്തി കാലിതീറ്റയുണ്ടാക്കൽ

ഇ) കാഞ്ഞിരക്കുരു, ചവക്കായ് താന്നിക്ക, തുടങ്ങിയ നാട്ടിൽ ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള വ്യവസായങ്ങൾ ആരംഭിക്കുക.

എഫ്) കുരുമുളക്, ചുക്ക്, മഞ്ഞൾ, മുതലായവയിൽ 'ഒളിയോറസിൻ' നിർമ്മാണം

ജി) അടയ്ക്ക ഉപയോഗപ്പെടുത്തികൊണ്ടുള്ള ഉല്പന്നങ്ങളുടെ സാധ്യത

എച്ച്) നേന്ത്രക്കായ, മരക്കിഴങ്ങ്, ചക്ക, എന്നിവ ഉപയോഗിച്ചുള്ള ചിപ്പ്സ് നിർമാണം

ഐ) . കുരുമുളകിൽ നിന്നും ഗ്രീൻപെപ്പർ, വൈറ്റ് പെപ്പർ എന്നിയുടെ ഉല്പാദനം

ജെ) നാട്ടിൽ സുലഭമായുള്ള ചക്കപ്പഴം ഉപയോഗിച്ച് ചക്ക ജാം, ചക്ക ഹൽവ, ചീപ്പ്സ് നിർമ്മാണം, കൊണ്ടാട്ട നിർമാണം തുടങ്ങിയവയ്ക്ക് സാധ്യത.

2. കസ്റ്റർ യൂണിറ്റുകളായി റെഡിമെയ്ഡ് ഗാർമെൻറ്സ്

നിർമ്മാണം ഒരു സ്ഥലത്ത് ഡിസൈൻ ചെയ്ത് പല വീടുകളിലായി തയ്ക്കുന്ന രീതി ആവാം. ഇവ ഒരേലേബലിൽ മാർക്കറ്റ് ചെയ്യാം. ഹാൻറിക്രാഫ്റ്റ് ഡിസൈനിംഗ് ആൻറ് മാർക്കറ്റിംഗ് സെൻറർ, ബ്ലോക്ക് തലത്തിൽ മാർക്കറ്റിംഗ് സൊസൈറ്റികൾ എന്നിവ ആകാം.

3. കസ്റ്റർ യൂണിറ്റായി സോപ്പ് നിർമ്മാണം:

പൊതുവായി അസംസ്കൃത വസ്തുക്കൾ കൊണ്ട് വരുവാനും ഉല്പന്നങ്ങൾ ഒരേ ബ്രാൻറിൽ മാർക്കറ്റ് ചെയ്യാനും സാധിക്കും.

പഞ്ചായത്ത് തലത്തിൽ ഇൻറസ്ട്രീയൽ പ്രമോഷൻ കൗൺസിൽ (വ്യവസായ വികസന സമിതികൾ) രൂപീകരിക്കണം. പശ്ചാത്തല സൗകര്യങ്ങൾ (വൈദ്യുതി, വെള്ളം, റോഡ്, വാർത്താ വിതരണം) ഉറപ്പാക്കണം.

സാമൂഹ്യമായ കാഴ്ചപ്പാടുണ്ടാക്കുന്നതിനും വ്യവസായങ്ങൾ ആരംഭിക്കുന്നതിനും മാർഗ്ഗ നിർദ്ദേശം നല്കുവാനും ഈ സമിതികൾ മുൻകൈ എടുക്കേണ്ടതാണ്.

ജില്ലാ വ്യവസായ കേന്ദ്രത്തിൻെറയും മറ്റു സഹകരണത്തോടെ വ്യവസായ സംരംഭകർക്ക് പരിശീലനം നല്കുക.

സെൽഫ്എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച് സ്വയം തൊഴിൽ

സന്നദ്ധതയുള്ള യുവാക്കളെ രജിസ്റ്റർ ചെയ്യിക്കുക.

വ്യവസായ യൂണിറ്റുകളില്ലാത്ത സ്വയം തൊഴിൽ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കപ്പെടണം. തെങ്ങ് കയറ്റം, ബ്യൂട്ടി പാർലർ, ഹോട്ടൽ മാനേജ്മെൻറ്, ഹോംനർസ്, അലക്ക് കേന്ദ്രങ്ങൾ, പഴയ കാര്യസ്ഥന്മാരുടെ മാതൃകയിൽഹോം മാനേജ് മെൻറ് എന്നിവ.,

പഞ്ചായത്ത് തലത്തിൽ ലേബർ കോൺട്രാക്ട് സൊസൈറ്റികൾ രൂപീകരിച്ച് വയർമെൻ, പെയിൻറർ, എന്നീ സർവ്വീസ് ജോലികൾ ചെയ്യുന്നതിനുള്ള ഏജൻസി ഇതിൻെറ നിയന്ത്രണത്തിൽ ആരംഭിക്കുക.

ഇളനീർ വെള്ളം ഉപയോഗിച്ചു ശീതളപാനീയങ്ങൾ ഉണ്ടാക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.



ഗതാഗതം

ഏതൊരു നാടിന്റെയും വാണിജ്യപരവും വ്യാവസായികവുമായ പുരോഗതിയിൽ ഗതാഗത സൗകര്യങ്ങൾക്ക് സുപ്രധാനമായ സ്ഥാനമുണ്ട്. ഗതാഗത സൗകര്യങ്ങളുടെ വ്യാപനം നാടിന്റെ മുഖഛായയിൽ തന്നെ മാറ്റം വന്നിരിക്കുന്നു. ഒരു കാലത്ത് പെരളശ്ശേരി , മാവിലായി, മൊകേരി , ചാല, ചെമ്പിലാട് തുടങ്ങിയ പ്രദേശങ്ങളിലെ ജനങ്ങൾക്ക് എടക്കാടുമായും , മുഴപ്പിലങ്ങാടുമായും തലശ്ശേരിയുമായും ബന്ധപ്പെട്ടിരുന്നത് കടമ്പൂർ-കാടാച്ചിറവയൽ വരമ്പിൽ കൂടി സഞ്ചരിച്ചായിരുന്നു. ആ വരമ്പ് ഇന്ന് നാട്ടുകാരുടെ ശ്രമ ഫലമായാണ് ബസ്സ് സർവ്വീസുള്ള റോഡായി മാറിയത്.

കടമ്പൂർ പഞ്ചായത്തിൽ കൂടി കടന്നു പോകുന്ന 300 മീറ്റർ ദേശീയപാതയും , കണ്ണൂർ കൂത്തുപറമ്പ് റോഡുമാണ് പഞ്ചായത്തിലെ പഴക്കം ചെന്ന റോഡുകൾ. മറ്റു റോഡുകളെല്ലാം സമീപകാലത്ത് നാട്ടുകാരുടെ ശ്രമദാനത്തിലൂടെ നിർമ്മിച്ചവയാണ്.

785 സ്കയർ കി. മി വിസ്തീർണ്ണമുള്ള നമ്മുടെ പഞ്ചായത്തിൽ ആകെ നിലവിലുള്ള റോഡുകളുടെ നീളം 55.883 കി. മി ആണ് ച കി. മീറ്ററിന് ശരാശരി 7 കി. മി റോഡ്. ഇതിൽ 2.200 കി. മി റോഡ് പി. ഡബ്ല്യൂ. ഡി യുടെയും 300 മി. ദേശീയ പാതയുടെതുമാണ്.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 95-96 റോഡ് റിപ്പയറിന് പഞ്ചായത്ത് ഫണ്ടിൽ നിന്നും 40,116 രൂപ ചിലവാക്കിയിട്ടുണ്ട്.

ദേശീയ പാതയ്ക്ക് സമാന്തരമായി 300 മീറ്റർ നീളത്തിൽ റയിൽ പാത നമ്മുടെ പഞ്ചായത്തിൽ കൂടി കടന്നുപോകുന്നുണ്ട്.നമ്മുടെ പഞ്ചായത്തിൽ ഉൾപ്പെടുന്ന റെയിൽവെ ക്രോസിംഗ് ഗെയിറ്റിന് കാവൽക്കാരനില്ല.

ക്രമനമ്പർ	ഉടമസ്ഥത	റോഡുകളുടെ എണ്ണം	ടാർ ചെയ്തത്	ടാർ ചെയ്യാത്തത്
1.	പഞ്ചായത്ത്	59	6.700 കി. മീ	45.883 കി.മീ
2.	പി. ഡബ്ല്യൂ. ഡി	1	2.200 കി. മീ	
3.	ദേശീയപാത	1	300 മീ.	
ആകെ			9.200 കി.മീ	45.883 കി.മീ

ദേശീയപാതയിലോ പി. ഡബ്ല്യൂ. ഡി റോഡിലോ എന്തെങ്കിലും തടസ്സം ഉണ്ടാവുകയാണെങ്കിൽ മുഴുവൻ വാഹനങ്ങളും കടന്നു പോകുന്നത് കാടാച്ചിറ- എടക്കാട് വയൽ വഴി റോഡിൽ കൂടിയാണ്. മാത്രമല്ല എഫ്. സി. ഐയിൽ നിന്നും ചക്കരക്കല്ല്, പെരളശ്ശേരി , കൂത്തുപറമ്പ് ഭാഗങ്ങളിലെ റേഷൻ ഷാപ്പുകളിലേക്കും ഭക്ഷ്യധാന്യങ്ങൾ കൊണ്ടുപോകുന്നതും ഈ റോഡു വഴിയാണ്.

പ്രശ്നങ്ങൾ

1. മിതമായ വാഹന വർദ്ധനവു താങ്ങാവുന്ന തരത്തിലല്ല കാടാച്ചിറ-എടക്കാട് വയൽ വഴി റോഡിന്റെ ഇന്നത്തെ സ്ഥിതി.
2. നാഷണൽ ഹൈവേ ഒഴികെ മറ്റെല്ലാ റോഡുകളുടെയും അവസ്ഥ വളരെ മോശമാണ്.
3. നാഷണൽ ഹൈവേയിൽ ഇലക്ട്രിക് പോസ്റ്റും ട്രാൻസ്ഫോർമരും ഗതാഗത തടസ്സം സൃഷ്ടിക്കുന്നു.
4. പല റോഡുകൾക്കും ഓടകളില്ല. ഉള്ളവ മണ്ണു നിറഞ്ഞ് ഉപയോഗശൂന്യമാണ്.
5. റെയിൽവേ ഗെയ്റ്റിന് കാവൽക്കാരില്ല.
6. റോഡുകൾ പൊതുവെ വീതി കുറഞ്ഞവയാണ്.
7. റോഡിന്റെ അറ്റക്കുറ്റപ്പണിക്ക് പഞ്ചായത്തിന്റെ കയ്യിൽ ആവശ്യത്തിനു പണമില്ല.
8. പഞ്ചായത്തിന്റെ റോഡുകളിൽ കാടാച്ചിറ- എടക്കാട് വയൽ വഴി റോഡ് കാടാച്ചിറ മമ്മാക്കുന്നു റോഡ് എടക്കാട് - മമ്മാക്കുന്നു റോഡ് എന്നിവ ടാർ ചെയ്തതാണ്. ഏതാനും ഭാഗം മാത്രമെ ടാർ ചെയതിട്ടുള്ളൂ.

സാധ്യതകൾ

1. എല്ലാ വാർഡുകളിലെയും റോഡുകൾ ജനപങ്കാളിത്തത്തോടു കൂടി അറ്റക്കുറ്റ പണികൾ നടത്തി ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതാണ്.
2. എല്ലാ റോഡുകൾക്കും ജനകീയ കമ്മിറ്റികൾ മുഖേന ഓടകൾ നിർമ്മിക്കുക
3. ഓടയിൽ മാലിന്യവും മറ്റും നിക്ഷേപിക്കുന്നത് കർശനമായി തടയുക.
4. കാടാച്ചിറ എടക്കാട് വയൽ വഴി റോഡിന്റെ വികസനത്തിന് അനുവദിച്ചു കിട്ടുവാൻ സമ്മത പത്രങ്ങൾ സംഘടിപ്പിക്കുക.
5. കാടാച്ചിറ - പൊതുവാച്ചേരി റോഡ് ബസ്സ് ഗതാഗതത്തിന് ഉപയോഗപ്രദമാക്കുക.
6. കാടാച്ചിറ- എടക്കാട് റോഡ് ജില്ലാപഞ്ചായത്ത് ഏറ്റെടുക്കുക.
7. മഴക്കാലത്ത് പഞ്ചായത്ത് റോഡുകളിൽ കൂടി ഭാരം കയറ്റിയ ലോറി ഗതാഗതം ഒഴിവാക്കുവാൻ ജനപങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുക.

2.പഞ്ചായത്തിലെ ആകെ റോഡുകൾ

ക്രമനമ്പർ	തരം	റോഡിന്റെ പേർ	നീളം	വീതി
1.	ടാർ	കാടാച്ചിറ- മമ്മാക്കുന്ന്	3 കി.മി	5 മി.
2.	ടാർ	എടക്കാട്- കാടാച്ചിറ കടമ്പൂർ വയൽവഴി.	4 കി.മി	5 മി.
3.	ടാർ	ചാല-തന്നട റോഡ് കടമ്പൂർ പഞ്ചായത്ത്	1 കി.മി	4 മി.
4.	ടാർ	എടക്കാട്- മമ്മാക്കുന്ന്	4.030	4.30
5.	മൺറോഡ്	എടക്കാട് കാടാച്ചിറ (മാളിക പറമ്പ് വഴി))	3.080	4മി
6.	മൺറോഡ്	ആഡൂർ-കോട്ടൂർ	3 കി.മി.	4 മി
7.	മൺറോഡ്	കുഞ്ഞമ്പുനായർ ടീഷോപ്പ് (കടമ്പൂർ വയൽ റോഡ്)	1കി.മി.	4മീ
8.	മൺറോഡ്	കക്കറ്റിനട-കച്ചേരി മൊട്ട പൂങ്കാവ് റോഡ്	1.050	4മീ.
9.	മൺറോഡ്	(1) കളരിയേടത്ത് പാൽ വെള്ളൂർ പാൽ	1കി.മി.	4മീ.
10.	മൺറോഡ്	VII കടമ്പൂർ ഹൈസ്ക്കൂൾ- ഒരികര വയൽ റോഡ്	3.050	4മീ
11.	മൺറോഡ്	കോട്ടൂർ- പൊതുവാച്ചേരിപ്പള്ളി കുനിയിൽപറമ്പുമുതൽ കാടാച്ചിറ)	1.060	5മീ.
12.	മൺറോഡ്	കുഞ്ഞിക്കാട്ടിൽ വീടിക നരിക്കുണ്ട് മുക്ക്	1.000	4മീ.
13.	മൺറോഡ്	രയരങ്കണ്ടി താഴെ- മേപ്പാട് റോഡ്.	0.050	4മീ.
14.	മൺറോഡ്	മുളളങ്കണ്ടി താഴെ മരപ്പാട് റോഡ്	0.050	4മീ
15.	മൺറോഡ്	കൊട്ടാടിച്ചാൽ- ഒരികര വയൽ	1.000	4മീ
16.	മൺറോഡ്	ശങ്കരൻ ഗുരുക്കൾ വീട് (തെക്കെയിൽ പറമ്പ് റോഡ്)	0.050	4മീ
17.	മൺറോഡ്	നെല്ലോട് താഴെമച്ചോത്ത് മുക്ക് റോഡ്	1.000കി.മീ.	4.മീ.

ക്രമ നമ്പർ	തരം	റോഡിന്റെ പേർ	നീളം കീ.മി.	വീതി മി.
18.	മൺറോഡ്	രയരം കണ്ടി വീട് അയ്യപ്പൻ കോട്ടം	**0.290**	4
19.	മൺറോഡ്	കരിപ്പച്ചാൽ മുക്ക് കാലിമ്പറമ്പ്	0.050	4
20.	മൺറോഡ്	മുണ്ടോൻഗേറ്റ് -കോട്ടൂർ വയൽ	1.250	4.
21.	മൺറോഡ്	കടമ്പൂർ ദേശസേവിനി വായനശാല വലിയ കോട്ട റോഡ്	.400	4
22.	മൺറോഡ്	ആഡൂർ പാലം- മാളികപറമ്പ്	1.275	5
23.	മൺറോഡ്	ആഡൂർ പാലം- ചെകുത്താങ്കണ്ടി കോട്ടൂർ റോഡ്	1.500	5
24.	മൺറോഡ്	കോയച്ചാത്തോത്ത്- എളവനവയൽ	0.500	4
25.	മൺറോഡ്	ആഡൂർ പീറ്റക്കണ്ടി മുക്ക് തന്നട റോഡ്	1.350	4
26.	മൺറോഡ്	IVകൂലോത്ത് താഴെ നിത്യാനന്ദവായനശാലാമുക്ക്	0.900	4
27.	മൺറോഡ്	മുണ്ടോൻ ഗേറ്റ്-കാട്ടിലപ്രത്ത് റോഡ്	1.500	4.500
28.	മൺറോഡ്	മന്നാക്കുന്ന്-ഒടുങ്ങോട്ടു റോഡ്	0.300	4
29.	താർ	എടക്കാട് ബസാർ കടപ്പുറം റോഡ്	.350	4
30.	മൺറോഡ്	പനോന്നേരി- വെള്ളൂരില്ലംറോഡ്	.600	4
31	മൺറോഡ്	വലിയമൊട്ട ഒരികര വയൽ റോഡ്	.425	4
32.	മൺറോഡ്	ചെത്തോത്ത് താഴെ.പൊതുവാച്ചേരി.	680.	4.500
33.	മൺറോഡ്	വലിയമെട- മന്നാക്കുന്ന് ഹെൽത്ത് സെൻറർ	580	4
34.	മൺറോഡ്	ആഡൂർ ഗ്രാമോദ്ധാരണ വായനശാല പഴയ നിരത്ത് റോഡ്.	620	4.500
35.	മൺറോഡ്	മുള്ളങ്കുന്നില്ലീത്തങ്കണ്ടിറോഡ്	248	4.
36.	മൺറോഡ്	കണ്ടിയിൽ പറമ്പ് മുതൽ താഴത്ത് പറമ്പുവരെ കിഴക്കെമൂല	1.00	4
37.	മൺറോഡ്	എള്ളുപാളയിൽ- ഒടുങ്ങോട്ട് റോഡ്	400	4
38.	മൺറോഡ്	കരിപ്പിടിക്കണ്ടിമുക്ക്-മണ്ടൂൽ വഴി എളവനവയൽ	350	4
39.	മൺറോഡ്	ലക്ഷം വീട് കോളനി- ഭയരം കണ്ടിചിറ	735	5

കമ നമ്പർ	തരം	റോഡിന്റെ പേർ	നീളം കീ.മി.	വീതി മി.
40.	മൺറോഡ്	ചെങ്കുത്താങ്കണ്ടി- കോങ്ങാട്ട് വളപ്പ്	300	4.500
41.	മൺറോഡ്	ആഡൂർ- കൊണ്ടോട്ടംന്നട റോഡ്	350	4
42.	മൺറോഡ്	കച്ചിപ്രം- കേളോത്ത് റോഡ്	650	4
43.	" "	രയരോത്ത് മുക്ക് മുതൽ -		
		കുഞ്ഞിമടത്തിൽ പറമ്പ് വരെ	750	4.500
44.	" "	ആഡൂർ- കെണ്ടോട്ടു-തന്നട റോഡിൽ നെല്ല്യോട്ട് താഴെ മച്ചോത്ത് റോഡ്	350	4
45.	" "	വെള്ളൂരില്ലം-സ്ക്കൂൾ റോഡിൽ പഞ്ചായത്ത് അതിർത്തി മുതൽ കാവുള്ളതിൽ പറമ്പുവരെ	275	4
46.	" "	കുഞ്ഞിക്കാട്ടിൽ പീടിക മുതൽ കടമ്പൂർ നോർത്ത് യു.പി. സ്ക്കൂൾ വരെ	0.150	4.
47.	" "	പൊതുവാച്ചേരി- കാടാച്ചിറ ഡിസ് പെൻസറി വഴി പള്ളിമുതൽ മുരിക്കോളി പറമ്പു വരെ.	700	4
48.	താർ	എടക്കാട്- മമ്മാക്കുന്ന്	1.500	4
49.	മൺറോഡ്	ചാലാഹൈസ്ക്കൂൾ കിഴക്കു വശത്തുനിന്ന് അക്കാവിൽ പറമ്പുവരെ	450	4
50.	" "	കാട്ടിലപ്രത്ത്- നരിക്കണ്ട് റോഡ്	300	4
51.	" "	IVമാളിക പറമ്പിൽ നിന്നും പടിഞ്ഞാറെ വലിയ വളപ്പുവരെ	270	4.
52.	" "	പഞ്ചായത്ത് സ്റ്റഫറിസ്ക്കൂൾ റോഡ്	.040	3
52.	(a) താർ	പാനോന്നേരി രയരം കണ്ടിച്ചിറ	220	3.
53.	"	പൊണ്ണെങ്കണ്ടി മുക്ക് മുതൽ കുന്നുമ്മൽ പറമ്പ് വരെ	260	3.500
54.	" "	IV മാളികപറമ്പുമുതൽ കനാൽ വരെ കടമ്പൂർ പഞ്ചായത്ത് ഭാഗം	0.350	3.500

കമ നമ്പർ	തരം	റോഡിന്റെ പേർ	നീളം കീ.മി.	വീതി മി.
55.	" "	പൊതുവാച്ചേരി-കാടാച്ചിറകനാൽ മുതൽ-കുനിയിൽ പറമ്പുവരെ	300	6.00
56.	" "	പൊതുവാച്ചേരി കാടാച്ചിറ മുരുങ്ങോളി പറമ്പുമുതൽ കനാൽവരെ	550	6.00
57.	" "	പൂങ്കാവ് ഇളവന ഹരിജൻ കോളനി	350	
58.	" "	രയരംങ്കണ്ടി ചിറ- മേപ്പാട് വരെ		
59.	" "	ഒരികര വയൽ- കുഞ്ഞി മഠത്തിൽ പറമ്പുവരെ	100	4
60.	" "	എടക്കാട് പാറന്റെവിട- ഇല്ലത്ത്		
		താഴെ	500	4

8. റോഡിന്റെ സംരക്ഷണത്തിനും അറ്റക്കുറ്റപ്പണികൾ നടതത്തുന്നതിനായി പ്രാദേശിക തലത്തിൽ വിഭവ സമാഹരണം നടത്തുക.

9. എടക്കാട്- കാടാച്ചിറ എന്നിവിടങ്ങളിൽ ടാക്സി സ്റ്റാന്റെ് നിർമ്മിക്കുക

10. മമ്മാക്കുന്നു കടവിനു പാലം പണഞ്ഞു കൊണ്ടു കാടാച്ചിറ- മമ്മാക്കുന്നു റോഡിനെ തലശ്ശേരി മേലുർ റോഡുമായി ബന്ധിപ്പിക്കുവാൻ നരപടി സ്വീകരിക്കുക.

11. എടക്കാട്- കാടാച്ചിറ വടൽ വഴി റോഡിൽ കൂടി ഭാരം കയറ്റി പോകുന്ന ലോറികൾക്ക് പ്രത്യേക ചുങ്കം ചുമത്തുക.

ഊർജം

ഏത് രാജ്യത്തിന്റെയും വികസന പ്രക്രിയയെ ത്വരിതപ്പെടുത്തുന്ന പ്രധാന ഘടകമാണ് ഊർജം. ഗാർഹിക രംഗത്തെ ഊർജ ഉപഭോഗം ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുമ്പോൾ വ്യവസായരംഗത്തെ ഊർജ ഉപഭോഗം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സഹായകമാവുന്നു. എന്നാൽ ഈ രംഗത്ത് നാം ഇന്ന് ഗുരുതരമായ പ്രതിസന്ധിയെ അഭിമുഖീകരിക്കുന്നു.

1959 ലാണ് ആദ്യമായി നമ്മുടെ പഞ്ചായത്തിൽ വൈദ്യുതി എത്തിച്ചേർന്നത്. മുണ്ടയോട് 110 K.V സബ്സ്റ്റേഷനിൽ നിന്നും പതിനൊന്ന് K.Vലൈനിൽ കൂടിയാണ് വൈദ്യുതി എത്തിച്ചേരുന്നത്. പഞ്ചായത്തിൽ ആകെയുള്ള 3552 വീടുകളിൽ 75% ത്തോളവും വൈദ്യുതീകരിച്ചതാണ്. എങ്കിലും കോട്ടൂർ പോലുള്ള ചില പ്രദേശങ്ങളിൽ വൈദ്യുതി ഇന്നും മരീചികയായി തുടരുന്നു. കോൺക്രീറ്റ് തൂണുകളും മറ്റ് വൈദ്യുത സാമഗ്രികളും ആവശ്യത്തിന് ഇല്ലെന്നതാണ് ഇതിന് കാരണമായി പറയുന്നത്.

ഊർജം എന്നു കേൾക്കുമ്പോൾ നമ്മുടെ മനസ്സിൽ ആദ്യം ഓർമ്മവരിക വൈദ്യുതിയുടെ കാര്യമാണ്. എന്നാൽ നാം ഏറ്റവും കൂടുതൽ ഊർജം ഉപയോഗപ്പെടുത്തുന്നത് പാചകത്തിന് വേണ്ടിയാണ് എന്ന കാര്യം മറന്ന് പോകുന്നു. വൈദ്യുതിയുടെ ഉൽപാദനച്ചെലവ് കണക്കിലെടുക്കുമ്പോൾ പാചകത്തിന് അത് ഉപയോഗപ്പെടുത്തുന്നത് ഒട്ടും തന്നെ അഭിലഷണീയമല്ല. ഇറക്കുമതി ചെയ്യുന്ന പാചക വാതകത്തെയും, മണ്ണെണ്ണയെയും ഉപയോഗത്തിനും പരിമിതിയുണ്ട്. നല്ലൊരു ഭാഗം ആളുകൾക്കും പാചകത്തിന് വിറകിനെതന്നെ ആശ്രയിക്കേണ്ടതുണ്ട്. വിറക് വിലകൂടിയ വസ്തു ആകുന്നത് നമ്മുടെ ജീവിതത്തെ വലിയ പ്രതിസന്ധിയിലാക്കും. വിറകിന്റെ ഉപയോഗം പരമാവധി കുറക്കുന്ന മെച്ചപ്പെട്ട വിറകടുപ്പുകൾ പ്രചരിപ്പിക്കേണ്ടതിന്റെ പ്രാധാന്യത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

പരമ്പരാഗത വിറകടുപ്പുകളാണ് ഈ പ്രദേശത്തെ കൂടുതൽ പേർ ഉപയോഗിക്കുന്നത്. 300 ഓളം വിടുകലിൽ മാത്രമാണ് ആധുനാക രീതിയലുള്ള ഭക്ഷതയേറിയ പുകയില്ലാത്ത അടുപ്പുകൾ ഉപയോഗിക്കുന്നത്. 400 ഓളം വീടുകൾ വിറകിന് പുറമേ മണ്ണെണ്ണ സ്റ്റൗ ഉപയോഗിക്കുന്ന. 150 വീടുകലിൽ മാത്രമാണ് പാചക വാതകം ഉപയോഗിക്കുന്നത്. പ്രശ്നങ്ങൾ

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ വൈദ്യുതി ഇനിയും എത്തിയിട്ടില്ല. അപ്രഖ്യാപിത പവർ കട്ടും പ്രഖ്യാപിത പവർകട്ടും മൂലം വിഷമതകൾ നേരിടുന്നു.
2. വൈദ്യുതിക്ക് അപേക്ഷനൽകി കാത്തിരിക്കുന്നവർ ഏറെയുണ്ട്.
3. മരച്ചില്ലകളും മറ്റും വൈദ്യുത ലൈനിൽ തട്ടി നിൽക്കുന്നതിനാൽ പ്രേക്ഷണ നഷ്ടമുണ്ടാകുന്നു. ഒരു വിഭാഗം ആൾക്കാർ വോൾട്ടേജ് സ്റ്റെബിലൈസർ ഉപയോഗിക്കുന്നത് കൊണ്ട് ആ സമയങ്ങളിൽ വോൾട്ടേജ് ക്ഷാമം കൂടുതൽ അനുഭവപ്പെടുന്നു.
4. വൈദ്യുത ലൈനിൽ പ്രശ്നങ്ങളുണ്ടായാൽ റിപ്പയർ ചെയ്യാൻ കാലതാമസം ഉണ്ടാകുന്നു.
5. 133 സ്ട്രീറ്റ് ലൈറ്റുകളുണ്ടെങ്കിലും അവയിൽ മിക്കവാറും ഉപയോഗശൂന്യമാണ്.
6. ചുരുക്കം ചിലയിടങ്ങളിൽ സാമൂഹ്യവിരുദ്ധർ തെരുവു വിളക്കുകൾ നശിപ്പിക്കാറുണ്ട്.
7. വിറകിന്റെ ക്ഷാമം രൂക്ഷമാണ്.

<u>സാധ്യതകൾ</u> : –

1. സംസ്ഥാനത്ത് പുതിയ വൈദ്യുതി പദ്ധതികൾ ആരംഭിക്കുന്ന മുറക്ക് പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും വൈദ്യുതി എത്തിക്കുക.
2. പരമാവധി ലൈനുകൾ ത്രീ ഫേസ് ആക്കിയും പുതിയ ട്രാൻസ് ഫോമറുകൾ സ്ഥാപിച്ചും വോൾട്ടേജ്ക്ഷാമംപരിഹരിക്കുക.
3. ഇലക്ട്രോണിക്ക് ചോക്ക്, കുറഞ്ഞ വോൾട്ടേജിൽ കത്തുന്ന കോംപാക്ട് ഫ്ലൂറസെന്റ് ലാമ്പ് എന്നിവ സബ്സിഡിയോട് കൂടി പ്രവർത്തിക്കുക.
4. കച്ചിപ്പെട്ടി, പ്രഷർ കുക്കർ, എന്നിവ ഇന്ധനം ലാഭിക്കുവാനായി പ്രചരിപ്പിക്കുക.
5. അനർട്ട് തുടങ്ങിയ ഏജൻസികളുടെ സഹായത്തോടെ മുഴുവൻ വീടുകളിലും മെച്ചപ്പെട്ട വിറകടുപ്പുകൾ പ്രചരിപ്പിക്കുക.
6. ഊർജ ഉപഭോഗം പരമാവധി കുറക്കേണ്ടതിനേപ്പറ്റി വീട്ടമ്മമാർക്ക് ക്ലാസുകൾ നല്കുക.
7. ഏടക്കാട് ബ്ലോക്കിൽ അനുയോജ്യമായ സ്ഥലത്ത് ഒരു ഡീസൽ പ്ലാന്റ് സ്ഥാപിക്കുവാനുള്ള സാധ്യതകൾ കണ്ടെത്തുക.
8. വിറകിന് പ്രയോജനപ്പെടുന്ന മരങ്ങൾ വ്യാപകമായി നട്ടു വളർത്തുക.
9. പഞ്ചായത്തിൽ തെരെഞ്ഞടുത്ത ഏതാനും കേന്ദ്രങ്ങളിൽ സൗര വിളക്കുകൾ സ്ഥാപിക്കുക.

മാർക്കറ്റ്

കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനും ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കിക്കൊണ്ട് ഉപഭോക്താക്കൾക്ക് സാധനങ്ങൾ നേരിട്ട് ലഭ്യമാക്കുന്നതിനും മാർക്കറ്റ് സൗകര്യങ്ങൾ സഹായകമാണ്. അടുത്ത കാലം വരെ കൊപ്ര, അടയ്ക്ക, കുരുമുളക്, എന്നിവ വിറ്റഴിക്കാൻ കണ്ണൂർ തലശ്ശേരി, പട്ടണങ്ങളിലെ മാർക്കറ്റുകളെയാണ് കകർഷകർ ആശ്രയിച്ചിരിക്കുന്നത്. വാഹനക്കൂലിയായും ചുമട്ടു കൂലിയായും ഭാരിച്ച നഷ്ടം കർഷകർക്ക് ഉണ്ടാവാറുണ്ട്. ഇപ്പോൾ കാടാച്ചിറയിൽ ഇത്തരം ഉല്പന്നങ്ങൾ സംഭരിക്കുന്നതിനുള്ള സൗകര്യം ഉണ്ട്. എന്നാൽ നമ്മുടെ പഞ്ചായത്തിൽ തന്നെ പ്രവർത്തിക്കുന്ന റെഡിമെയ്ഡ് വസ്ത്രസ്ഥാപനങ്ങൾ, നെയ്ത്തുശാലകൾ എന്നിവിടങ്ങളിലെ ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള മാർക്കറ്റ് സൗകര്യം ലഭ്യമല്ല. പച്ചക്കറി സീസണിൽ അവ സംഭരിക്കാനും വിറ്റഴിക്കാനുമുള്ള സൗകര്യങ്ങൾ ഏർപ്പാട് ചെയ്യുന്നത് സഹായകരമായിരിക്കും. വിപണി സൗകര്യമുണ്ടെന്ന് കണ്ടാൽ കരകൗശല വസ്തുക്കളും മറ്റും നിർമ്മിക്കുന്ന ആളുകൾക്ക് അത് പ്രോൽസാഹനമാവുകയും ചെയ്യും. വിത്തിനങ്ങൾ, നല്ലയിനം തൈകൾ, എന്നിവ കർഷകർക്ക് ലഭ്യമാക്കാനും മാർക്കറ്റ് സൗകര്യങ്ങൾ വികസിപ്പിക്കുന്നത് വഴി സാധ്യമാകും. മത്സ്യം വിറ്റു ഉപജീവനം നടത്തുന്നവർക്ക് ആരോഗ്യകരമായ സാഹചര്യങ്ങളിൽ വിപണനം നടത്തുവാനുള്ള സാഹചര്യം ഉണ്ടാക്കേണ്ടതാണ്.

<u>നിർദ്ദേശങ്ങൾ : -</u>

1. സഹകരണബേങ്കുകളുടെയും മറ്റും സഹായത്തോടെ ഷോപ്പിംഗ് കോപ്ലക്സുകൾനിർമ്മിക്കുക.
2. വിപണന സാധ്യതയുള്ള വാർഡുകളിൽ ആഴ്ച ചന്തകൾ തുടങ്ങുക.
3. കാടാച്ചിറയിൽ മത്സ്യമാർക്കറ്റും ഇറച്ചി മാർക്കറ്റും തുടങ്ങുക.
4. മീത്തലെക്കണ്ടിയിലെ മത്സ്യമാർക്കറ്റ് നവീകരിക്കുകയും അതിനോട് ചേർന്ന് ഇറച്ചി

മാർക്കറ്റ് സ്ഥാപിക്കുകയും ചെയ്യുക.

5. വിശേഷാവസരങ്ങളിൽ റഡ്ഡീമെയ്ഡ് വസ്ത്രങ്ങളുടെയും മറ്റ് നാടൻ ഉല്പന്നങ്ങളുടെയും പ്രദർശനവും വിൽപനയും നടത്തുക.

6. കൊപ്ര, കുരുമുളക്, അടക്ക മുതലായവയ്ക്ക് മാർക്കറ്റ് വില ലഭിക്കുവാൻ സൊസൈറ്റികൾ പഞ്ചായത്തിൽ സ്ഥാപിക്കുക.

7. അന്യ സംസ്ഥാനങ്ങളിൽ നിന്നും ധാന്യങ്ങൾ നേരിട്ട് ഇറക്കുമതി ചെയ്ത സഹകരണ സ്ഥാപനങ്ങൾ വഴി പഞ്ചായത്ത് വഴി വിൽപന നടത്തുക.

8. നിത്യോപയോഗ സാധനങ്ങളുടെ വില ഏകീകൃതമാക്കുക.

9. ഫുഡ് ഇൻസ്പെക്ടർമാരുടെ സേവനം ലഭ്യമാക്കുക.

	പേര്	ആരംഭിച്ച വർഷം	അംഗങ്ങൾ	വായ്പകൾ
1.	കാടാച്ചിറ സർവീസ് സഹകരണബേങ്ക്			കാർഷികം കർഷികേതരം
2.	കടമ്പൂർസർവീസ് സഹകരണബേങ്ക്			കാർഷികം കർഷികേതര
3.	കാടാച്ചിറകൺസ്യൂമർ കോ-ഓപ് . സ്റ്റോർ			
4.	ആഡൂർ ക്ഷീരോൽപാദക സഹകരണസംഘം			
5.	ചൊവ്വ സഹകരണ റൂറൽ ബേങ്ക്			
6.	ചൊവ്വ സഹകരണ റൂറൽ ബേങ്ക് എടക്കാട്			
7.	കണ്ണൂർ ജില്ലാ സഹകരണബേങ്ക്			
8.	കടമ്പൂർ വനിതാ സഹകരണബേങ്ക്			

കുടിവെള്ളവും പൊതുജനാരോഗ്യവും

ആരോഗ്യ സംരക്ഷണത്തിനും ഭക്ഷണത്തിനും പുറമെ അവശ്യം വേണ്ട ഘടകമാണ് ശുദ്ധമായ കുടിവെള്ളം.ജീവൻ നിലനിർത്തുന്നതിന് വെള്ളം ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. നമ്മുടെ നാട്ടിൽ കണ്ടുവരുന്ന രോഗങ്ങളിൽ നല്ലൊരു ശതമാനം വെള്ളത്തിലൂടെ പകരുന്നവയാണ്. ഉദാഹരണം, ടൈഫോയിഡ്, കോളറ, മഞ്ഞപ്പിത്തം, വിരരോഗങ്ങൾ തുടങ്ങിയവ.ശുദ്ധമായ കുടിവെള്ളം ഉറപ്പാക്കുന്നതു വഴി 80% പകർച്ച വ്യാധികളും തടയാൻ കഴിയും. മഴവെള്ളം പിടിച്ചു നിർത്തി സംരക്ഷിക്കുന്നതോടൊപ്പം ജല സ്രോതസ്സുകൾ മലിനപ്പെടാതെ നോക്കേണ്ടതുമുണ്ട്. കിണറുകൾക്ക് ആൾമറകെട്ടി മലിനജലം കിണറിൽ എത്തിപ്പെടുന്നത് നിർബന്ധമായും ഒഴിവാക്കണം. വർഷകാലാരംഭത്തോടെ വയറിളക്കരോഗങ്ങൾ വ്യാപിക്കുന്നത് ആൾമറയില്ലാത്ത കിണറുകളിലെ വെള്ളം ഉപയോഗിക്കുന്നവരിലാണ്. അതുപോലെ കക്കൂസുകൾ നിർമ്മിക്കുന്നതും ജലസംരക്ഷണത്തിൽ പ്രാധാന്യമർഹിക്കുന്ന സംഗതിയാണ്. തുറസ്സായ സ്ഥലങ്ങളിലെ മലവിസർജ്ജനം നമ്മുടെ ജലസ്രോതസ്സുകളെ മലിനീകരിക്കുന്നതിൽ മുഖ്യപങ്ക് വഹിക്കുന്നു. അതുകൊണ്ടു തന്നെ വിസർജ്ജ്യ നിർമ്മാർജ്ജനവും ശുദ്ധമായ കുടിവെള്ളലഭ്യതയും ഒരേ നാണയത്തിന്റെ രണ്ടു വശങ്ങളാണെന്നു പറയാം. 91 ലെ സെൻസസ് പ്രകാരം നമ്മുടെ പഞ്ചായത്തിൽ മൂന്ന് കുഴൽ കിണറുകളും 12 പൊതുകിണറുകളും ഒൻപത് പൊതു ടാപ്പുകളുമുണ്ട്. നമ്മുടെ പഞ്ചായത്തിന് സ്വന്തമായ ജലവിതരണ സംവിധാനങ്ങളില്ല. പഞ്ചായത്തിലെ ചുരുക്കം ആളുകൾക്ക് മുഴപ്പിലങ്ങാട് പഞ്ചായത്തിലെ ജലവിതരണ സംവിധാനം പ്രയോജനപ്പെടുത്തുന്നുണ്ട്. ജലക്ഷാമം പരിഹരിക്കുന്നതിനായി പഞ്ചായത്ത് ചില സ്ഥലങ്ങളിൽ പൊതുകിണറുകൾ നിർമ്മിച്ചിട്ടുണ്ട്.

കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ

വാർഡ് പ്രശ്ന മേഖല

1. കാറാട്ട് മൊട്ട, തട്ടുപറമ്പ് കോളനി
2. മാളിക പ്പറമ്പിന്റെ അതിർത്തി പ്രദേശം, കോങ്ങാട്ട് പീടികക്ക് സമീപം
3. കുട്ടിക്കുന്നു പ്രദേശം
4. മാളികപ്പറമ്പിന്റെ പെരുവിൽ കുന്നുമ്മൽ പീടിക മുതൽ കുഞ്ഞിക്കാട്ടിൽ പീടിക വരെയുള്ള പ്രദേശം
5. പ്രാഥമികാരോഗ്യ കേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലത്ത്
6. ഉച്ചൂളിക്കുന്ന് ഭാഗത്ത്
7. ദേശസേവിനി വലിമെട്ട റോഡ്, നിത്യാനന്ദ വായനശാല പ്രദേശം
8. പാറക്കെട്ട് എന്നറിയപ്പെടുന്ന് പ്രദേശം, പുത്തൻ പറമ്പത്ത് പ്രദേശം,പൂങ്കാവ് മെ ട്ട പ്രദേശം
9. എടക്കാട് റെയിലിനു പടിഞ്ഞാറു ഭാഗത്ത്

പ്രശ്നങ്ങൾ

1. നമ്മുടെ പഞ്ചായത്തിലെ ഉയരമുള്ള പ്രദേശങ്ങളായ തട്ടുപറമ്പ് കാറാട്ട് മൊട്ട, എളവനമെട്, മാളികപ്പറമ്പിൻെറ ചെരിവുകൾ കരടലോരത്ത് ചേർന്ന് കിടക്കുന്ന പ്രദേശങ്ങൾ എന്നിവിടങ്ങളിൽ വേനൽക്കാലത്ത് ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. -
2. പട്ടികജാതിക്കാരുടേത് ഉൾപ്പെടെ പല കുടുംബങ്ങൾക്കും സ്വന്തമായി കിണറില്ല
3. ചില വീട്ടുകാർക്ക് മഴക്കാലത്ത് പോലും വെള്ളം കൊണ്ടുവരാൻ .5 കി. മീറ്റർ ദൂരം സഞ്ചരിക്കേണ്ടി വരുന്നുണ്ട്.
4. കിണറുകളിൽ ചിലത് ആൾമറയില്ലാത്തവയാണ്.
5. പഞ്ചായത്തിലെ നാലിലൊന്ന് വീടുകൾക്ക് കക്കൂസില്ല.
6. പഞ്ചായത്തിന് സ്വന്തമായ ജലവിതരണ സംവിധാനങ്ങളില്ല
7. പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ ഉപ്പുവെള്ളമായതിനാൽ കിണറുകൾ കുഴിക്കുന്നത് ആശ്വാസ്യമല്ല.
8. എടക്കാട് ബസാറിലെയും കാടാച്ചിറ പ്രാഥമികാരോഗ്യകേന്ദ്രത്തിലേയും കിണറുകൾ ഉപയോഗശൂന്യമാണ്.

സാധ്യതകൾ

1. പഞ്ചായത്തിലെ ഉയരമുള്ള ഒന്ന് രണ്ട് പ്രദേശങ്ങളിൽ ബഹുജനസഹകരണത്തോടെ ടാങ്കുകൾ നിർമ്മിച്ച് ജലം പമ്പ് ചെയ്തു വിതരണം നടത്തുക.
2. ജല ലഭ്യതയുള്ള സ്ഥലങ്ങളിൽ പൊതുകിണറുകൾ, കുഴൽക്കിണറുകൾ, എന്നിവ നിർമ്മിക്കുക.
3. ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നത് ജനപങ്കാളിത്തത്തോടെ തടയുക.
4. കിണറുകൾക്ക് ആൾമറകെട്ടാനും കക്കൂസുകൾ നിർമ്മിക്കാനും ധനസഹായം നൽകുക.
5. പൊതുകിണറുകൾ, കുളങ്ങൾ എന്നിവ സന്നദ്ധ പ്രവർത്തനം വഴി വൃത്തിയാക്കുക.

കുടിവെള്ള സ്രോതസ്സ്

1. സാനിറ്ററി വെൽ	9
2. സാധാരണ കിണർ	2565
3. കുളം	3
4. നദി	
5. പൈപ്പ്	9
6. പൊതുവിതരണം	4

പൊതുജനാരോഗ്യം

ആയുർദൈർഘ്യം, കുറഞ്ഞ ശിശുമരണനിരക്ക്, കുറഞ്ഞ ജനന നിരക്ക് എന്നീ ആരോഗ്യഘടകങ്ങളിൽ മൂന്നിലാണെങ്കിലും രോഗാതുരതയുടെ നിരക്ക് നമ്മുടെ സംസ്ഥാനത്ത് പൊതുവെ കൂടുതലാണ്. എന്ന് പഠനങ്ങൾ കാണിക്കുന്നു. നിർമ്മാജ്ജനം തുടങ്ങി എന്ന് കരുതിയ രോഗങ്ങൾ തിരിച്ചുവരുന്നതായി കാണുന്നു. മാരകമായ എയ്ഡ്സ് രോഗം മറ്റ് പകർച്ചവ്യാധികളുടെ വ്യാപനത്തിനും ഇടയാ ക്കുന്നതാണ്. ആരോഗ്യ സംരക്ഷണം കൂടുതൽ കണിശമായ സാമൂഹ്യ നിയന്ത്രണത്തിലാ

കേണ്ടതിന്റെ പ്രാധാന്യത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

രോഗനിർണ്ണയത്തിനും മറ്റും കൂടുതൽ സാങ്കേതിക മാർഗ്ഗങ്ങൾ വികസിച്ചു വന്നതോടെ സ്വകാര്യ ആശുപത്രി സൗകര്യങ്ങൾ സാധാരണ ജനങ്ങൾക്ക് അപ്രാപ്യമായി കൊണ്ടിരിക്കയാണ്. പൊതുചികിത്സാ കേന്ദ്രങ്ങളിൽ പരിമിതമായ സൗകര്യങ്ങൾ അവയുടെ വിശ്വാസ്യത നശിപ്പിക്കുയും ജനങ്ങളെ സ്വകാര്യമേഖലയുടെ ചൂഷണത്തിലേക്ക് വഴങ്ങാൻ നിർബന്ധിതമാക്കുകയും ചെയ്യുന്നു.

ഡോക്ടർ, ആശുപത്രി, മരുന്ന്, എന്നീ ഘടകങ്ങൾ മാത്രം ചേർന്നതാണ് ആരോഗ്യപരിരക്ഷ എന്ന ധാരണ മാറ്റേണ്ടിയിരിക്കുന്നു. ആസ്ഥാനത്ത് ശുദ്ധവായു, ശുദ്ധ ജലം, മതിയായ പോഷകാഹാരം വൃത്തിയുള്ള പരിസരം എന്നിവയാണ് ആരോഗ്യപരിപാലനത്തിന് അവശ്യം വേണ്ടതെന്ന ധാരണ വളർത്തിയെടുക്കണം.രോഗചികിത്സയിൽ ആധുനിക വൈദ്യശാസ്ത്രത്തിന്റെ സാധ്യതകളും ഇതര ചികിത്സാ സമ്പ്രദായങ്ങളും പ്രോത്സാഹിക്കപ്പെടേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ഏതാനും ആയുർവ്വേദ വൈദ്യശാലകളും നാല് സ്വകാര്യ ക്ലിനിക്കുകളും ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രവും ഒരു സബ്ബ് സെൻറ്ററുമാണുള്ളത്.

പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ഡോക്ടർ, ഹെൽത്ത് ഇൻസ്പെക്ടർ, ഫാർമസിസ്റ്റ് എന്നിവരുടെ സേവനം ലഭ്യമാണ്.

ജനന മരണ വിവരങ്ങൾ

വർഷം	ജനനം	മരണം	ചാപിള്ള ജനനം
1993-94	210	72	1
1994-95	210	62	3
1995-96	217	60	3

പകർച്ച വ്യാധി

വർഷം	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ	മറ്റുള്ളവ
1993-94	17	35	3	106
1994-95	24	43	4	92
1995-96	15	7.8	2	110

അംഗവൈകല്യമുള്ളവർ

1. അന്ധർ	5
2. ബധിരർ	6
3. മൂകർ	6
4. ബധിര-മൂകർ	6
5. ചലനവൈകല്യങ്ങൾ	24
ആകെ	47

മന്ദബുദ്ധികൾ എണ്ണം

പ്രായം	എണ്ണം
0-5	6
6-10	4
11-15	12
16 ന് മേൽ	6
ആകെ	28

ഒ.പി.യിൽ ശരാശരി 48 രോഗികൾ ചികിത്സക്കായി എത്താറുണ്ട്. പ്രാഥമിക ആരോഗ്യ കേന്ദ്രം കുന്നിൻ പുറത്ത് ആയതിനാൽ അവിടെ എത്തിച്ചേരുന്നതിനുള്ള പ്രയാസം പലരും പറയാറുണ്ട്. അവിടത്തെ നല്ല ആഴമുള്ള കിണർ മണ്ണിടിഞ്ഞ് ഉപയോഗശൂന്യമായിരിക്കയാണ്. സമീപത്തുള്ള കുഴൽക്കിണറിലെ വെള്ളമാണ് ഇപ്പോൾ ഉപയോഗപ്പെടുത്തുന്നത്. കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ഒരു ആശുപത്രിയായി ഇതിനെ ഉയർത്തേണ്ടതുണ്ട്.

ഇന്ന് രോഗചികിത്സക്കായും മറ്റും നമ്മുടെ പഞ്ചായത്തിലുള്ളവർ കണ്ണൂർ, തലശ്ശേരി, ചക്കരക്കല്ല്, പെരളശ്ശേരി, എന്നിവടങ്ങളിലെ ആശുപത്രികളെയാണ് ആശ്രയിക്കുന്നത്.

ആവശ്യത്തിന് മരുന്നുകൾ പി. എച്ച്. സി. യിൽ ലഭ്യമല്ല. പഞ്ചായത്തിൽ ഇപ്പോൾ 4 സ്വകാര്യ മെഡിക്കൽ ഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ട്.

കഴിഞ്ഞ മഴക്കാലത്ത് പഞ്ചായത്തിലെ ചിലവീടുകളിൽ കോളറ ബാധയുണ്ടായി. ആരോഗ്യ പ്രവർത്തകരും സന്നദ്ധ സംഘടനകളും ഉണർന്ന് പ്രവർത്തിച്ചതിന്റെ ഫലമായി രോഗം നിയന്ത്രണ വിധേയമാക്കാൻ കഴിഞ്ഞു. മലമ്പനി തുടങ്ങിയ രോഗങ്ങളും സമീപകാലത്ത് പഞ്ചായത്തിൽ വിരളമായി ബാധിച്ചിട്ടുണ്ട്. മന്ത്, കുഷ്ഠം, തുടങ്ങിയ രോഗങ്ങളും മറ്റ് പകർച്ച വ്യാധികൾക്ക് പുറമെ ഇവിടെ നിലനൽക്കുന്നുണ്ട്.

കുട്ടികളിലെ വയറിളക്കം, പ്രമേഹം, കാൻസർ, ഫ്ളൂ, പനി, ടൈഫോയ്ഡ് ചിക്കൻ പോക്സ്, ക്ഷയം ന്യൂമോണിയ ഹൃദ്രോഗം, വിളർച്ച, പോഷണക്കുറവ്, വാതരോഗം, ചെങ്കണ്ണ്, തൊക്ക് രോഗം എന്നിവയാണ് സാധാരണയായി കണ്ടുവരുന്ന രോഗങ്ങൾ.

പി. എച്ച്. സി. രോഗികളുടെ എണ്ണം

വർഷം	ഔട്ട് പേഷ്യൻറ്	ത്വക്ക് രോഗം	വാത രോഗം എല്ലാ വിഭാഗവും	പകർച്ച വ്യാധികൾ	മറ്റുള്ള രോഗങ്ങൾ	ആകെ
1992-93	7781	12	52	17	12	11925
93-94	9094	18	70	25	18	14249
94-95	10497	25	89	21	25	16407
95-96	14598	36	140	25	36	27312

രണ്ട് കുട്ടികൾ എന്ന ആശയത്തിന് വ്യാപകമായ സ്വീകാര്യത ഉണ്ടായിട്ടുണ്ട്. എന്നാൽ കുട്ടികൾക്കിടയിലെ ഇടവേള വളരെചെറുതാണ് എന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്.

പഞ്ചായത്തിൽ അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. അങ്കണവാടികൾ മുഖേന അമ്മമാർക്കും കുഞ്ഞുങ്ങൾക്കും സൗജന്യ പോഷക ആഹാരം വിതരണം ചെയ്യുന്നുണ്ട്.

പ്രശ്നങ്ങൾ:

1. നിർമ്മാർജ്ജനം ചെയ്യപ്പെട്ട് എന്ന് കരുതിയ രോഗങ്ങൾ തിരിച്ചു വരുന്നു. (മലമ്പനി, കോളറ, ക്ഷയം)
2. പകർച്ച വ്യാധികൾ പഞ്ചായത്ത് പ്രദേശത്ത് വിട്ടുമാറാതെ നിൽക്കുന്നുണ്ട്.
3. ജനങ്ങൾ മതിയായ അളവിൽ പോഷകാഹാരം കഴിക്കുന്നില്ല. പോഷകാഹാരത്തെപ്പറ്റി ജനങ്ങൾക്ക് ശരിയായ ധാരണകളില്ല.
4. പി. എച്ച്.സി.യിലെസൗകര്യങ്ങൾ പരിമിതമാണ്.
5. രോഗചികിത്സക്കായി 8-10 കി.മീറ്റർ യാത്ര ചെയ്യേണ്ടിവരുന്നു.
6. പി. എച്ച്. സി. യിലെ ആവശ്യത്തിന് മരുന്ന് ലഭ്യമല്ല. ജീവനക്കാരും ആവശ്യത്തിനില്ല.
7. കുടുംബക്ഷേമ മാർഗ്ഗങ്ങൾക്ക് സ്വീകാര്യതയുണ്ടെങ്കിലും അടുത്തടുത്തുള്ള പ്രസവങ്ങളുടെ ഇടവേള കുറവാണ്.
8. മിക്ക വീടുകളിലും കക്കൂസില്ല
9. ഓടകളിലും മറ്റും മലിനജലം കെട്ടിക്കിടന്ന് കൊതുകുകൾ പെരുകുന്നു.
10. എല്ലാ വാർഡിലും അങ്കണവാടികളില്ല.

സാധ്യതകൾ:

1. പ്രഥമ ശുശ്രൂഷ, പോഷണം എന്നി വിഷയങ്ങളിൽ സന്നദ്ധ പ്രവർത്തകർക്ക് പരിശീലനം നൽകുക.
2. സന്നദ്ധ പ്രവർത്തകരെ ഉപയോഗപ്പെടുത്തി കിണറുകളിൽ ക്ലോറിനേഷൻ നടത്തുക.
3. പുതിയ ആയുർവ്വേദ ഹോമിയോ ഡിസ്പെൻസറികൾ സ്ഥാപിക്കുക.
4. അങ്കണവാടികൾ കേന്ദ്രീകരിച്ച് സ്ത്രീകൾക്ക് ആരോഗ്യക്ലാസ്സുകൾ നടത്തുക.
5. പി.എച്ച്.സി.യെ കിടത്തിചികിത്സിക്കാൻ സൗകര്യമുള്ള ആശുപത്രിയായി ഉയർത്തുക
6. ബഹുജന പങ്കാളിത്തത്തോടെ ആശുപത്രി സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
7. പുതിയ അങ്കൺ വാടികൾ തുടങ്ങുക.

8. മദ്യം , മയക്കു മരുന്ന്, വെറ്റിലമുറുക്ക്, പുകവലി, പാൻ പരാഗ് ഉപയോഗം എന്നീ ദുശ്ശീലങ്ങൾക്കെതിരെ വ്യാപകമായ പ്രചാരണം നടത്തുക.
9. കണ്ണൂർ ജില്ലാ ക്യാൻസർ കേർ സൊസൈറ്റിയുമായി ബന്ധപ്പെട്ട് പഞ്ചായത്തിനെ ക്യാൻസർ വിമുക്തമാക്കാനുള്ള പദ്ധതി ആരംഭിക്കുക.
10. മാലിന്യ സംസ്കരണ യൂണിറ്റുകൾ തുടങ്ങുക.
11. ഓടയിലും മറ്റും മാലിന്യങ്ങൾ നിക്ഷേപിക്കുന്നതും പൊതുവഴിയിലേക്ക് മലിന ജലം ഒഴുക്കുന്നതും കർശനമായി തടയുക.
12. രക്തദാനം, നേത്രദാനം എന്നിവ പ്രോൽസാഹിപ്പിക്കുക.
13. ഇലക്കറികൾ, മറ്റു പച്ചക്കറികൾ എന്നിവയുടെ കൃഷി വ്യാപകമാക്കുക.
14. മദ്യ-പുകവലി വിമുക്തപഞ്ചായത്തായി മാറ്റുക.

പരിസര ശുചിത്വം

മാലിന്യമില്ലാത്ത പ്രദേശം, ശുദ്ധജലം, ശുദ്ധവായു എന്നിവയുടെ ലഭ്യതയെയാണ് ശുചിയായ പരിസരം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. പരിസ്ഥതി സംരക്ഷണത്തിൽപരിസര ശുചിത്വം വളരെ പ്രാധാന്യമർഹിക്കുന്ന സംഗതിയാണ്. ജൈവവിഘടനത്തിന് വിധേയമാകാത്ത പ്ലാസ്റ്റിക് മാലിന്യങ്ങളാണ് ഏറെടുത്ത കാലത്തായി ഗുരുതരമായ പരിസരപ്രശ്നങ്ങളുണ്ടാക്കുന്നത്.

മണ്ണിൽ വെള്ളം കിനിഞ്ഞിറങ്ങാതിരിക്കാനും, കൊതുകുകൾ പെരുകാനും പ്ലാസ്റ്റിക്ക് സഞ്ചികൾ കാരണമാകുന്നുണ്ട്. അറവുശാലകളിൽ നിന്നുള്ള മാലിന്യങ്ങൾ, മാർക്കറ്റിൽ നിന്നുള്ള മാലിന്യങ്ങൾ, വീടുകളിൽ നിന്ന് മലിനജലം റോഡുകളിലേക്ക് ഒഴുകുന്നത് എന്നിവയും മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. പുനർചാക്രിക പ്രക്രിയക്ക് വിധേയമാക്കുന്നതിനായി പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ വീടുകൾ തോറും ശേഖരിക്കണം. ഹോട്ടലുകളിലേയുംകടകളിലേയും ഖര-ദ്രവമാലിന്യങ്ങൾ വ്യാപാരികളുടെ പങ്കാളിത്തത്തോടെ സംസ്കരിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്. വീടുകളുടെ അനുബന്ധമായി കമ്പോസ്റ്റ് കുഴികൾ നിർബന്ധമാക്കണം. സാധ്യതയുള്ളിടത്തെല്ലാം വനവൽക്കരണം നടത്തണം.

പ്രധാന കവലകളിലെല്ലാം മാലിന്യങ്ങൾ നിക്ഷേപിക്കാനുള്ള കുപ്പത്തൊട്ടിക ൾ സ്ഥാപിക്കുക.

എടക്കാട്-കാടാച്ചിറ എന്നീ സ്ഥലങ്ങളിൽ മൂത്രപ്പുരകൾ സ്ഥാപിക്കുക.

വിദ്യാഭ്യാസം

ഈ നൂറ്റാണ്ടിന്റെ ആരംഭം മുതൽക്കുതന്നെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തുൾപ്പെടുന്ന പ്രദേശങ്ങളിൽ സജീവമായി തുടങ്ങിയിട്ടുണ്ട്. ബ്രിട്ടീഷ് ഗവർമ്മെണ്ട് ഗ്രാൻറ് സ്കൂളുകൾക്ക് അംഗീകം കൊടുത്തു തുടങ്ങിയ 1920 നു മുമ്പുതന്നെ ആഡൂർ, ഒരികര കടമ്പൂർ എന്നിവിടങ്ങളിൽ എഴുത്തു പള്ളികൾ ആരംഭിച്ചിരുന്നു. സംസ്കൃതം ജ്യോതിഷം, വൈദ്യം എന്നീ വിഷയങ്ങളിൽ പണ്ഡിതന്മാരായിരുന്ന തന്നടയിലെ കുമാരൻ ഗുരുക്കൾ, രാമൻഗുരുക്കൾ, കടമ്പൂരിലെ ഗോവിന്ദൻ ഗുരുക്കൾ, ഒരികരയിലെ കല്ല്യാണി ഗുരുക്കൾ എന്നിവരായിരുന്നു ഇത്തരം എഴുത്തു പള്ളികൾക്ക് തുടക്കം കുറിച്ചത്. ഈ എഴുത്തു പള്ളികൾ പിന്നീട് ഗ്രാൻറ് ലഭിക്കുന്ന എലിമെൻററി സ്കൂളുകളായി മാറി.

എലിമെൻറി സ്കൂളിലെ പഠനം പൂർത്തിയാക്കിയവർ തുടർന്നു പഠിക്കാൻ ചാല, പെരളശ്ശേരി മുഴപ്പിലങ്ങാട്, നടാൽ, എന്നിവിടങ്ങളിലെ ഹയർ എലിമെൻററി സ്കൂളുകളെയായിരുന്നു ആശ്രയിച്ചിരുന്നത്. അഞ്ചാംതരം മുതൽ മാസം പ്രതി ഫീസ് നൽകേണ്ടി വന്നതിനാൽ സാമ്പത്തികശേഷിയുള്ള കുടുംബത്തിലുള്ളവർക്കുമാത്രമേ ഹയർ -എലി:സ്കൂളിൽ ചേർന്നു പഠിക്കാൻ സാധിച്ചിരുന്നുള്ളൂ.

പിൽക്കാലത്ത് മലബാർ, ഡിസ്ട്രിക് ബോർഡ് ഹയർ-എലിമെൻററി സ്കൂളിൽ ഫീസ് ഒഴിവാക്കിയത് ഇടത്തരം കുടുംബത്തിൽ പെട്ട ആളുകൾക്ക് വിദ്യാഭ്യാസത്തിൽ മുന്നേറാൻ വളരെ സഹായകമായിരുന്നു. മദ്രാസ് ഗവൺമെൻറ് ബോയ്സ് റെയ്ഞ്ച്, ഗേൾസ് റെയിഞ്ച് ,മുസ്ലിം റെയ്ഞ്ച് എന്നിങ്ങനെ ലിംഗപരമായും മതപരമായും പ്രത്യേകം സ്കൂളുകളും ഓഫീസുകളും സ്ഥാപിച്ചു തുടങ്ങിയതിന്റെ ഭാഗമായി ആഡൂർ, കാടാച്ചിറ, ഒരികര, കടമ്പൂർ എന്നിവിടങ്ങളിൽ അടുത്തടുത്തായി സ്കൂളുകൾ ആരംഭിച്ചതായി കാണാം. ഗ്രാൻറ് സ്കൂളുകൾക്ക് അംഗീകാരം ലഭിച്ചുതുടങ്ങുകയും പുതുതായി വിദ്യാലയങ്ങൾ ആരംഭിക്കുകയും ചെയ്തതോടെ യോഗ്യതയുള്ള അദ്ധ്യാപകർക്ക് ക്ഷാമം നേരിട്ടു.

എഴുത്തു പള്ളികളിൽ പഠിച്ചു വന്നിരുന്ന യോഗ്യത ഇല്ലാത്ത അദ്ധ്യാപകർക്ക് 3 മാസത്തോളം നൈറ്റ് സ്കൂളുകളിൽ വെച്ച് പരിശീലനം നൽകി ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥനായ ഇൻസ്പെക്ടർ വന്ന്സർട്ടിഫിക്കറ്റ് നൽകി യോഗ്യതയുള്ളവരാക്കി മാറ്റിയിട്ടുണ്ട്. ചാല ബോർഡ് ഹയർ എലിമെൻററി സ്കൂളിൽ അദ്ധ്യാപകനായിരുന്ന എ.കെ.ജി. കാടാച്ചിറയിലെ എലിമെൻററി സ്കൂളിൽ നൈറ്റ് ക്ലാസ്സ് നടത്തിയിരുന്നു.. യുവാക്കളെ സംഘടിപ്പിച്ച് രാഷ്ട്രീയപ്രവർത്തനം നടത്തുന്നതിന് ഈ നൈറ്റ് സ്കൂൾ പ്രവർത്തനം എ.കെ. ജി. ക്ക് വളരെ സഹായകമായിരുന്നു.

വിദ്യാഭ്യാസ കാര്യത്തിൽഈ പ്രദേശത്തുള്ള ആളുകളുടെ പ്രത്യേക താല്പര്യത്തിന്റെ ദൃഷ്ടാന്തമാണ് 1946ൽ തന്നെ ഇവിടെ ഒരു ഹൈസ്കൂൾ ആരംഭിക്കാൻ കഴിഞ്ഞു എന്നത് സ്ഥലവും കെട്ടിട നിർമ്മാണ സാമഗ്രികളും മുടക്കു മുതലുമെല്ലാം പ്രാദേശികമായി സമാഹരിച്ചുകൊണ്ടുള്ള സന്നദ്ധപ്രവർത്തനത്തിന്റെ നല്ലൊരു മാതൃകയായി കാടാച്ചിറ ഹൈസ്കൂൾ സ്ഥാപിച്ചതിനെ കണക്കാക്കാവുന്നതാണ്.1980 വരെ ഈ സ്കൂളിൽ രണ്ടായിരത്തിലേറെ കുട്ടികൾ പഠിക്കാൻ എത്തിയിരുന്നു. രണ്ട് ഹൈസ്കൂളുകൾ പ്രവർത്തിക്കുന്ന ചുരുക്കം ചില ഗ്രാമപഞ്ചായത്തുകളിൽ ഒന്ന് എന്ന പദവി ഈ പഞ്ചായത്തിനുണ്ട്.

തുച്ഛമായ വേതനമേ ലഭിച്ചിരുന്നുള്ളൂ എന്നതിനാൽ അദ്ധ്യാപക ജോലിവിട്ട് നെയ്ത്ത് തുടങ്ങിയ തൊഴിൽ മേഖലകളിലേക്ക് മാറിയവർപോലുമുണ്ട്. എന്നത് അക്കാലത്തെ അദ്ധ്യാപകരുടെ ദയനീയ സ്ഥതിയിലേക്ക് വിരൽചൂണ്ടുന്നതാണ്. ആണ്ടിലൊരിക്കൽ കിട്ടുന്ന ഗ്രാൻറ് കൊണ്ട് ദാരിദ്ര്യം മാറ്റാനാകാത്ത അദ്ധ്യാപകൻ 'മണലടികഴിക്കുക' എന്ന ചടങ്ങുകളും മറ്റും നടത്തി രക്ഷിതാക്കളിൽ നിന്നും സാമ്പത്തിക സഹായം പറ്റിയിരുന്നു. 1957ൽ അദ്ധ്യാപകർക്ക് നേരിട്ട് ശമ്പളം കൊടുക്കാൻ അന്നത്തെ ഗവൺമെൻറ് തീരുമാനിച്ചതാണ്. അദ്ധ്യാപക സമൂഹത്തിന് ഇന്ന് കാണുന്ന സാമൂഹ്യ അംഗീകാരവും മാന്യതയും നേടിക്കൊടുത്തത്.ഈ പഞ്ചായത്തിൽ ഇന്ന് ഒമ്പത് വാർഡുകളിലായി 8 എൽ. പി. സ്കൂളുകൾ 2 യു.പി.സ്കൂളുകൾ 2 ഹൈസ്കൂളുകൾ എന്നിങ്ങനെ 12 വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ മുഴുവൻ കുട്ടികൾക്കും നടന്ന് എത്താവുന്ന ദൂരത്തിലാണ് മിക്കവാറും വിദ്യാലയങ്ങൾ ഉള്ളത്.

ഭൗതിക സാഹചര്യങ്ങൾ:

വിദ്യാലയങ്ങൾ എല്ലാം തന്നെ സ്വകാര്യമേഖലയിലുള്ളതാണ്. പ്രൈമറി വിദ്യാലയങ്ങളെല്ലാം പ്രീ. കെ. ഇ. ആർ. എന്ന നിലയിൽ തുടരുന്നവയായതുകൊണ്ട് മിക്കതിനും കെട്ടിടം സ്ഥിതിചെയ്യാനുള്ള സ്ഥലം മാത്രമേയുള്ളൂ. ഉള്ളവതന്നെ അർദ്ധ-സ്ഥിരമായതും ഒന്നോ രണ്ടോ ഹാളുകൾ ആയിട്ടുള്ളതുമാണ്. 2 ഹൈസ്കൂളുകൾക്കൊഴികെ ഇവയ്ക്കൊന്നും തന്നെ വേർതിരിച്ച മുറികൾ ഇല്ലെന്നു തന്നെ പറയാം. അതുകൊണ്ട് സൗകര്യപ്രദമായ രീതിയിൽ പഠനം നടത്തുവാൻ സാധിക്കുന്നില്ല.

പ്രാഥമിക സൗകര്യങ്ങളിൽ പെടുന്ന മൂത്രപ്പുര,കക്കൂസ്, കുടിവെള്ളം, കളിസ്ഥലം എന്നിവ പ്രൈമറി വിദ്യാലയങ്ങളിൽ ഇല്ലെന്നു തന്നെ പറയാം. മൂത്രപ്പുരയില്ലാത്ത 6 സ്കൂളുകളും കക്കൂസ് ഇല്ലാത്ത 9 സ്കൂളുകളും ഉണ്ട്. കളിസ്ഥലം നിർമ്മിക്കാൻ തീരെസ്ഥലമില്ലാത്ത 5 സ്കൂളുകളെങ്കിലും ഇക്കൂട്ടത്തിലുണ്ട്. മറ്റുള്ളവയ്ക്ക് ഈ വക സൗകര്യങ്ങളുണ്ടാക്കാൻ ശ്രമിച്ചാൽ സാധിക്കുന്നതാണ്.

ആവശ്യമായ ഫർണിച്ചറിൻെറ അഭാവം മിക്ക സ്കൂളുകളുടെ പഠനത്തേയും പ്രതികൂലമായി ബാധിക്കുന്നു.കുട്ടികൾക്ക് ഉപയോഗിക്കാനുള്ളതുമായ ഫർണിച്ചർ മിക്ക വിദ്യാലയങ്ങളിലും അപര്യാപ്തമാണ്.പഠനോപകരണങ്ങൾ വേണ്ടത്ര ഇല്ലാത്തതും ഉള്ളവതന്നെ ഭദ്രമായി സൂക്ഷിക്കാൻ കഴിയാത്തതുമായ സ്ഥിതി വിശേഷം ഇവിടങ്ങളിൽ നിലനിൽക്കുന്നു. എൽ. പി. , യു. പി. സ്കൂളുകളിൽ ഓപ്പറേഷൻ ബ്ലാക്ക് ബോർഡ്'' സ്കീമിൽ ലൈബ്രറി പുസ്തകങ്ങളും സയൻസ് കിട്ടും ലഭിച്ചുട്ടെണ്ടെങ്കിലും സൂക്ഷിക്കുവാനുള്ള അലമാരകളോ മറ്റു സംവിധാനങ്ങളോ ഇല്ല. അതുകൊണ്ടുതന്നെ ലാബ്. ലൈബ്രറി, എന്നിവ വേണ്ട വിധത്തിൽ ഉപയോഗിക്കുവാൻ കഴിയുന്നില്ല.

അക്കാഡമിക്ക് തലം

വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മാറ്റിനിർത്തിയാൽ ശ്രദ്ധിക്കപ്പെടേണ്ട മറ്റു രണ്ടുതലങ്ങളാണ് അക്കാഡമിക്ക് തലവും അക്കാഡമിക്ക് നിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനവും

എ) വിദ്യാർത്ഥി പ്രവേശനം: ഒന്നാം ക്ലാസ്സിൽ പ്രവേശിപ്പിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണവും കടമ്പൂർ നോർത്ത് യു. പി. കടമ്പൂർ ദേവീ വിലാസം എൽ. പി. കടമ്പൂർ സൗത്ത് എൽ. പി. കടമ്പൂർ ഈ സ്റ്റ് യു. പി. കോട്ടൂർ മാപ്പിള എൽ. പി.ഒരികര എൽ. പി.കാടാച്ചിറ എൽ.പി. എന്നിവടങ്ങളിൽ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. പട്ടികയിൽ നിന്നും ഇക്കാര്യം വ്യക്തമാകുന്നു. കഴിഞ്ഞ അഞ്ചുവർഷക്കാലം കൊണ്ട് ഒന്നാം ക്ലാസ്സിൽ ചേർക്കുന്ന കുട്ടികളുടെ എണ്ണം താതമ്യേന

കുറഞ്ഞുകൊണ്ടിരിക്കുന്നു. ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള രക്ഷാകർത്താക്കളുടെ ആഭിമുഖ്യവും പൊതുവിദ്യാലയങ്ങളിലെ പഠനനിലവാരം കുറയുന്നു എന്ന നിലവിലുള്ള ധാരണയും ഒട്ടൊക്കെ ഇതിന് കാരണമാകാം.

ബി) കൊഴിഞ്ഞുപോക്ക്:

ഭൂരിപക്ഷം വിദ്യാലയങ്ങളിലും കൊഴിഞ്ഞുപോക്ക് ഇല്ലെന്ന് കാണാം. എന്നാൽ 91-96 വർഷങ്ങളിൽ കടമ്പൂർ ഈസ്റ്റ് യു. പി. സ്കൂളിൽ 117 കുട്ടികൾ കൊഴിഞ്ഞു പോയിട്ടുണ്ട്. അതുപോലെ കാടാച്ചിറ ഹൈസ്കൂളുമുലും ഈ അഞ്ചു വർഷത്തിനുള്ളിൽ 65 കുട്ടികൾ കൊഴിഞ്ഞുപോയിട്ടുണ്ട്. ഒരികര എൽ. പി. എസ്സിൽ 5ും കോട്ടൂർ മാപ്പിള എൽ. പി. എസ്സിൽ 8ും കുട്ടികളാണ് കൊഴിഞ്ഞുപോയിട്ടുള്ളത്. 95-96 വർഷത്തിൽ ഈ കൊഴിഞ്ഞുപോക്ക് കടമ്പൂർ ഈസ്റ്റ് യു. പി. എന്നിവയും കാടാച്ചിറ എച്ച്. എസ്. ലുമായി ചുരുങ്ങിയിരിക്കുന്നു. ഇത്രമാത്രം കുട്ടികൾ കൊഴിഞ്ഞുപോകുന്നതിന്റെ കാരണം പ്രത്യേകം വിലയിരുത്തി മനസ്സിലാക്കേണ്ടതാണ്.

അക്കാഡമിക്ക് നിലവാരം

വിദ്യാർത്ഥികളിൽ 30% നിരക്ഷരരാണെന്നും പൊതു വിദ്യാലയങ്ങളിൽ പഠന നിലവാരം കുറഞ്ഞുകൊണ്ടിരിക്കുന്നു എന്നുമുള്ള കണക്കുകളും ധാരണകളും നാം പരിശോധിക്കേണ്ടിയിരിക്കുന്നു. പ്രൈമറി വിദ്യാലയങ്ങളിൽ നിന്ന് ഉയർന്ന ക്ലാസ്സുകളിലേക്ക് പോകുന്ന കുട്ടികൾക്ക് വേണ്ടത്ര അക്ഷരജ്ഞാനമോ അക്കജ്ഞാനമോ ഉണ്ടാകുന്നില്ല എന്നത് വസ്തുതയാണ്. എസ്. എസ്. എൽ. സി. വിജയ ശതമാനം പെരുപ്പിച്ചു കാണിക്കേണ്ടി വരുന്നതും പഠന നിലവാരത്തിന്റെ പോരായ്മയാണ്. ഇതെല്ലാം പരിഹരിക്കുന്നതിന്റെ ഭാഗമായി ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ തുടക്കം കുറിച്ചിട്ടുള്ള '' ഗുരുകുലം'' പദ്ധതി സ്വാഗതാർഹമാണ്. അദ്ധ്യാപകൻ പഠിപ്പിക്കുക. വിദ്യാർത്ഥികൾ പഠിക്കുക. രക്ഷാകർത്താക്കൾ ഭൗദിക സാഹചര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുക എന്ന ലക്ഷ്യം ഇതു വഴിനേടാൻ ഉദ്ദേശിക്കുന്നു. അക്കാഡമിക്ക് തലത്തിലും പാരാ അക്കാഡമിക്ക് തലത്തിലും ഇതിന്റെ പ്രവർത്തനം ഒരുമിപ്പിക്കേണ്ടതുണ്ട്. മാത്രമല്ല പഞ്ചായത്തു തലത്തിലും വാർഡ് തലങ്ങളിലും നടക്കേണ്ട കമ്മിറ്റികളും അയൽക്കൂട്ട രൂപീകരണവും ഇതിന്റെ ഭാഗമാണ്. പ്രൈമറി വിദ്യാലയങ്ങളിൽ ഇതിന്റെ അക്കാഡമിക്ക് തല പ്രവർത്തനങ്ങൾ കുറേയേറെ മുന്നോട്ടുപോയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് തലത്തിൽ വേണ്ട വിധത്തിൽ മുന്നോട്ട്പോയിട്ടില്ല.രണ്ടു ഹൈസ്കൂളുകളെ കേന്ദ്രീകരിച്ച് കോംപ്ലക്സ് പ്രവർത്തനങ്ങളും ഇവിടെ നടത്താൻ കഴിയുന്നതാണ്. അതിന്റെ പ്രവർത്തനങ്ങളും നടക്കുന്നില്ല. കൊഴിഞ്ഞുപോകുന്ന കുട്ടികളെക്കുറിച്ചും പഠനനിലവാരത്തിൽ മോശമായ കുട്ടികളെക്കുറിച്ചും അവരുടെ പഠന സൗകര്യങ്ങളുടെ അപര്യാപ്തതയെക്കുറിച്ചും അയൽക്കൂട്ട രൂപീകരണത്തിലൂടെയും അതിന്റെ പ്രവർത്തനങ്ങളിലൂടെയും പരിഹരിക്കാൻ കഴിയും. ഇതുവഴി വിദ്യാർത്ഥികളെ മുഴുവൻ സാക്ഷരരാക്കാനും മറ്റുവിഷയങ്ങളിൽ അടിസ്ഥാനബോധമുള്ള വരാക്കാനും സാധിക്കുന്നതാണ്.
അക്കാഡമിക്ക് നിലവാരപട്ടികയിൽ മുപ്പതിന്നും നാല്പതിനും ശതമാനത്തിനിടയിൽ മാർക്ക് ലഭിച്ചിട്ടുള്ള കുട്ടികളാണ് അധികവും എന്ന് കാണാവുന്നതാണ്. ഇതിന്റെ അടിസ്ഥാന കാരണങ്ങൾ മനസ്സിലാക്കേണ്ടതാണ്.

പഞ്ചായത്തിലുള്ള രണ്ട് ഹൈസ്കൂളുകളിൽ കഴിഞ്ഞ 5 വർഷക്കാലത്തെ എസ്. എസ്. എൽ. സി. വിജയശതമാനം പരിശോധിച്ചാൽ കടമ്പൂർ ഹൈസ്കൂളിൽ താരതമ്യേന വർദ്ധിച്ചുവരുന്നതായി പട്ടിക സൂചിപ്പിക്കുന്നു. ഭൗതിക സാഹചര്യങ്ങളിലും പി. ടി. എ. യുടെ പ്രവർത്തനങ്ങളിലും മാനേജ്മെൻറിന്റെ സഹായങ്ങളിലും ഇവിടെ പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നുണ്ട്. എങ്കിലും കുറേക്കൂടി

സഹായങ്ങളിലും ഇവിടെ പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നുണ്ട്. എങ്കിലും കുറേക്കൂടി പഠനനിലവാരം മെച്ചപ്പെടുത്താൻ കഴിയേണ്ടതാണ്. എന്നാൽ ഭൗതിക സാഹചര്യങ്ങൾ ഒട്ടനവധിയുണ്ടെങ്കിലും എസ്.എസ്.എൽ. സി. വിജയ ശതമാനത്തിൽ കാടാച്ചിറ ഹൈസ്കൂൾ വളരെ പിന്നോട്ടുപോകുന്നതായി കാണുന്നു. ഇതിന്റെ അടിസ്ഥാന കാരണം കണ്ടെത്തുകയും പരിഹാരം കാണേണ്ടതുമാണ്.

സാങ്കേതിക സ്ഥാപനങ്ങൾ

3,4,5,8,9, എന്നീ വാർഡുകളിലായി ഓരോ ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിട്യൂട്ടുകൾ ഉണ്ടെന്നതൊഴിച്ചാൽ കാര്യമായ മറ്റു സാങ്കേതിക സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല. കമ്പ്യൂട്ടറിന്റെ ആധിപത്യം വന്നതോടെ ഇവയുടെ പ്രവർത്തനത്തിന് മങ്ങലേറ്റിരിക്കയാണ്. കമ്പ്യൂട്ടർ പഠനം പോലുള്ള സാങ്കേതിക തൊഴിൽ പരിശീലനത്തിന് വിദ്യാസമ്പന്നർ പുറത്തേക്ക് പൊയ്കൊണ്ടിരിക്കുകയാണ്. ഇത്തരത്തിലുള്ള കമ്പ്യൂട്ടർ സെൻററുകളും മറ്റും ഒന്നോ രണ്ടോ ഈ പഞ്ചായത്തിൽ ആരംഭിക്കാവുന്നതാണ്. സാമ്പത്തിക ശേഷിയുള്ള വരിൽ നിന്ന് ഷെയറുകൾ പിരിച്ചോ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് സഹായങ്ങൾ നേടിയെടുത്തോ ഇതിൽ പഞ്ചായത്തിന് നേതൃത്വപരമായ പങ്ക് നിർവഹിക്കാൻ കഴിയണം.

അംഗൻവാടികൾ:

2,4,5,6,8 വാർഡുകളിലായി മൊത്തം 8 അംഗൻ വാടികളുണ്ട്. പഞ്ചായത്തിലെ അംഗൻവാടി പ്രായത്തിലുള്ള കുട്ടികളുടെ കണക്കനുസരിച്ച് ഇവ അപര്യാപ്ത മാണെന്ന്1,3,7,9 വാർഡുകളിൽ അ ംഗൻവാടികൾപോലും ഇല്ലെന്നുള്ളത്കാര്യമായി ശ്രദ്ധിക്കേണ്ടതുണ്ട്.16441 ജനസംഖ്യയുള്ളഈ പഞ്ചായത്തിൽ വാർഡുകളിൽ ശരാശരി 2 അംഗൻവാടികൾവീതമെങ്കിലും ഉണ്ടാകേണ്ടതാണ്. ഇന്നുള്ള അ ംഗൻവാടികളിൽ കെട്ടിട സൗകര്യമോ പഠനോപകരണങ്ങളുടെ ലഭ്യതയോ പ്രാഥമികമായ മറ്റു സൗകര്യങ്ങളോ ഇല്ല. രണ്ടാം വാർഡിൽ പഞ്ചായത്ത് മെമ്പർ വി. വി. ഇബ്രാഹിം കുട്ടിയുടെ പരിശ്രമഫലമായി ഒരു അംഗൻവാടികെട്ടിടം നിർമ്മിച്ചു പഞ്ചായത്തിന് റജിസ്ട്ര് ചെയ്തു തന്നിട്ടുണ്ട്. പഞ്ചായത്തിൽ സ്വന്തമായി മൂന്ന് അംഗൻവാടിയേയുള്ളൂ. സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതോടൊപ്പം നിശ്ചിത പരിശീലനം പൂർത്തിയാക്കിയവരെ അദ്ധ്യാപകരായി നിയമിക്കുകയും അവരുടെ പ്രയാസങ്ങൾ ദൂരീകരിക്കുയും ചെയ്യണം. പഞ്ചായത്തിലാവശ്യമായ അംഗൻവാടികളുടെ എണ്ണം തിട്ടപ്പെടുത്തിസൗകര്യമുള്ള വായനശാലകളിലോക്ലബ്ബുകളിലോ പഠനം തുടങ്ങുകയും ക്രമത്തിൽ ഭൗതിക സാഹചര്യങ്ങൾ ഉണ്ടാക്കുകയും ചെയ്യാവുന്നതുമാണ്.

നഴ്സറി വിദ്യാലയങ്ങൾ

പഞ്ചായത്തിൽ ആകെ 6 നഴ്സറി വിദ്യാലയങ്ങൾ ഉണ്ട്. ഇംഗ്ലീഷ് മലയാളം, മീഡീയങ്ങളിൽ പ്രവർത്തികുന്നവയാണ് മിക്കതും. വാർഡ് ഒന്ന്, മൂന്ന് ഒമ്പത് എന്നിവയിൽ ഇംഗ്ലീഷ് ഓരോന്നുവീതവും വാർഡ് 5ൽ മൂന്നും നഴ്സറി സ്കൂളുകളും ഉണ്ട്. 2,4,7,8 വാർഡുകളിൽ ഒന്നുപോലുമില്ല. നഴ്സറി വിദ്യാലയങ്ങളിൽ ഇപ്പോഴുള്ള പഠന സമ്പ്രദായങ്ങൾ ശിശു മന: ശാസ്ത്രം കണക്കിലെടുത്ത് കൊണ്ടുള്ളതല്ല. കളിച്ചു പഠിക്കേണ്ട പ്രായത്തിൽ കുട്ടികളെ പ്രോത്സാഹന ജനകമല്ലാത്ത ഇംഗ്ലീഷ് മീഡിയത്തിലൂടെ മുരടിപ്പിക്കുകയാണ് ചെയ്യുന്നത്. അദ്ധ്യാപകർക്ക് നിശ്ചിത യോഗ്യതയും അർഹമായ വേതനവും ഉറപ്പുവരുത്തണം. ആവശ്യമായ പഠനോപകരണങ്ങളും കളിക്കോപ്പുകളും ലഭ്യമാക്കണം.

സാക്ഷരതാ പ്രവർത്തനം

1990 ലെ സാക്ഷരതാപ്രവർത്തനത്തിന്റെ ഫലമായി ഈ പഞ്ചായത്തിലെ നിരക്ഷരരെ സാക്ഷരരാക്കാൻ കഴിഞ്ഞെങ്കിലും തുടർവിദ്യാഭ്യാസത്തിന്റെ അപര്യാപ്തതമൂലം വീണ്ടുമവർ

പൂർവ്വസ്ഥിതിയിലെത്തിയിരിക്കുകയാണ്. ഈ പ്രവർത്തനം വീണ്ടും സജീവമാക്കികൊണ്ടു വരേണ്ടതാണ്. ഒന്നാം ഘട്ട പ്രവർത്തനത്തിന്റെ മാതൃക അവലംബിച്ചാൽ മാത്രമേ ഇത് സാദ്ധ്യമാവുകയുള്ളൂ.

പ്രശ്നങ്ങൾ

1. മിക്ക പ്രൈമറി സ്കൂളിലേയും ഭൗതിക സാഹചരങ്ങൾ (ഫർണിച്ചർ, കളിസ്ഥലം, മൂത്രപ്പുര, ചുറ്റുമതിൽ, എന്നിവ) പരിമിതമാണ്. സ്വകാര്യവിദ്യാലയങ്ങളായതിനാൽ രക്ഷിതാക്കൾ ഇക്കാര്യത്തിൽ താലപര്യം എടുക്കുന്നില്ല.
2. കാടാച്ചിറ ഹൈസ്കൂളിലും കടമ്പൂർ ഈസ്റ്റ് യു. പി. സ്കൂളിലും കുട്ടികളുടെ കൊഴിഞ്ഞുപോക്ക് നിരക്ക് കൂടുതലാണ്.
3. ഒന്നാം ക്ലാസ്സിൽ ചേരുന്ന കുട്ടികളുടെ എണ്ണം മിക്ക സ്കൂളുകളിലും കുറഞ്ഞു വരുന്നു.
4. പല രക്ഷിതാക്കൾക്കും ഇംഗ്ലീഷ്- മീഡിയത്തോട് ഭ്രമം കണ്ടു തുടങ്ങിയിട്ടുണ്ട്.
5. മിക്ക സ്കൂളുകളിലും പി. ടി. എ. പേരിന് മാത്രമേ പ്രവർത്തിക്കുന്നുള്ളൂ.
6. മാതൃസംഘങ്ങൾ തുടർച്ചയായി ചേരുന്നില്ല.
7. സ്കൂളിലെ പഠന-ബോധനപ്രവർത്തനങ്ങൾ ആകർഷമാകുന്നില്ല.
8. സ്കൂളുകളിൽ പരിഹാരബോധനം' ശരിയായി നടക്കുന്നില്ല.
9. പരീക്ഷകളിൽ കുട്ടികളുടെ മന:പാഠം പഠിക്കാനുള്ള കഴിവ് മാത്രമേ പരിശോധിക്കപ്പെടുന്നുള്ളൂ.
10. പഞ്ചായത്തിലെ മുഴുവൻ കുട്ടികൾക്കും പ്രീ പ്രൈമറി വിദ്യാഭ്യാസത്തിനുള്ള സൗകര്യം ലഭിക്കുന്നില്ല.
11. വിദ്യാലയങ്ങളിലെ ലാബ-ലൈബ്രറി സൗകര്യങ്ങൾ അപര്യാപ്തമാണ്
12. പഞ്ചായത്തിലെ രണ്ട് ഹൈസ്കൂളുകൾതമ്മിൽ എസ്.എസ്. എൽ. സി. വിജയ ശതമാനത്തിൽ ഗണ്യമായ അന്തരം നിലനില്ക്കുന്നു.
13. ദൃശ്യ മാധ്യമങ്ങൾ കുട്ടികളുടെ പഠനത്തിന് തടസ്സാമുകുന്നുണ്ട്
14. തുടർസാക്ഷരതാ പ്രവർത്തനങ്ങൾ നടക്കാത്തതിനാൽ നവസാക്ഷരരിൽപലരും നിരക്ഷരരായിരിക്കുന്നു.

സാദ്ധ്യതകളും നിർദ്ദേശങ്ങളും

1. എല്ലാ സ്കൂളുകൾക്കും കുറഞ്ഞസ്ഥലസൗകര്യം ഇത്രയെന്ന് നിശ്ചയിച്ച് അതുണ്ടാക്കാൻ നടപടി സ്വീകരിക്കുക.
2. സ്കുളുകളോട്ചേർന്നു ഒരു കളി സ്ഥലം കണ്ടെത്തുക.
3. എല്ലാ സകൂളുകളിലു കുടിവെള്ളവിതരണത്തിന് സൗകര്യങ്ങൾ ഉണ്ടാക്കുക.
4. പ്രി. . കെ. ഇ. ആർ. കെട്ടിടങ്ങൾ നിശ്ചിത വിസ്തീർണ്ണത്തോട് പുതുക്കിപ്പണിയാൻ നടപടി സ്വീകരിക്കുക.
6. സ്കൂളിലേക്ക് നടന്ന് വരാൻ സൗകര്യപ്രദമായ വഴി നിർമിക്കുക. റോഡരികിലുള്ള വിദ്യാലയ.ങ്ങൾക്ക് ചുറ്റമുതിൽ നിർബന്ധമാക്കുക.
7. കടമ്പൂര് പഞ്ചായത്തിലുൾപ്പെടുന്ന ചാല ഹൈസ്കൂൾ ഗ്രൗണ്ട് ബ്ലോക്ക് പഞ്ചായത്തിന്റെ സഹായത്തോടെയും സന്നദ്ധ പ്രവർത്തനത്തിലൂടെയും നന്നാക്കുക.
8. കൊഴിഞ്ഞുപോകുന്നതിനുള്ള കാരണത്തെപ്പറ്റി അധ്യാപകരും രക്ഷിതാക്കളും പഠനം നടത്തുക.
9. പാഠ്യേതര പ്രവർത്തനങ്ങൾ നടക്കാറുണ്ടെന്ന് ഉറപ്പു വരുത്തുക.
10. കുട്ടികളെ കൈത്തൊഴിലുകൾ പരിശീലിപ്പിക്കുക.
11. പഠനം ആകർഷകമാക്കുക.
12. പഠനോപകരണങ്ങൾ നിർമ്മിക്കുന്നതിൽ അധ്യാപകർക്ക് പരിശീലനം നല്കുക

13. സ്കൂൾതലത്തിലുള്ള പി.ടി. എ. മാതൃസംഘങ്ങൾക്ക് പുറമെ ക്ലാസ്സുകൾ തോറും ഇത്തരം സമിതികൾ രൂപീകരിക്കുക.

14. രക്ഷാകർത്തൃസമിതിയുടെ പ്രാധാന്യത്തെപ്പറ്റി രക്ഷിതാക്കളെ ബോധവല്ക്കരിക്കുക.

15. രക്ഷാകർത്തൃസമിതികൾ ഒഴിവുദവിസങ്ങളിൽ ചേരാനും വികേന്ദ്രീകരിച്ചുകൊണ്ട് വിളിച്ചു ചേർക്കാനും ശ്രമിക്കുക.

16. കുട്ടികളുടെവിവിധങ്ങളായ കഴിവുകൾ വിലയിരുത്തുന്നവിധം പരീക്ഷയിൽ മാറ്റം വരുത്തുക.

17. പഠനത്തിൽ തീരെ പിന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് പരിഹാരബോധത്തിനായി പുതിയ ബോധനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തുക.

18. അധ്യാപകർക്ക് പഞ്ചായത്ത് തലത്തിൽ വിവിധ വിഷയങ്ങളിൽ വർക്ക്ഷോപ്പുകൾ നടത്തുക.

19. രക്ഷിതാക്കളുടേയും നാട്ടുകാരുടെയും സഹകരണത്തോടെ വിദ്യാലയങ്ങളെ കമ്മ്യൂണിറ്റി സെൻറുകളാക്കി മാറ്റുക

20. ഗുരുകുലം മാതൃകയിൽ സ്കൂൾ കോംപ്ലക്സ്പ്രവർത്തനങ്ങൾ പഞ്ചായത്ത് തലത്തിൽ ചിട്ടയായി സംഘടിപ്പിക്കുക.

21. മുഴുവൻ വാർഡുകളിലും ഒന്നിലേറെ അയൽക്കൂട്ടങ്ങൾ രൂപീകരിക്കുക.

22. ഹൈസ്കൂളുകളിലെ ലാബ് - ലൈബ്രറി സൗകര്യങ്ങൾ പ്രൈമറിസ്കൂളുകൾക്ക് കൂടി പ്രയോചനപ്പെടുത്താൻ അവസരമുണ്ടാക്കുക.

23. പഞ്ചായത്ത് തലത്തിൽ ശാസ്ത്രമേളകളും മറ്റും നടത്തുക.

24. എല്ലാ സ്കൂളുകളിലും സാഹിത്യസമാജങ്ങളുംസയൻസ് ക്ലബ്ബുകളും ആരംഭിക്കുക.

25. പഞ്ചായത്ത് തലത്തിലും വാർഡ്തലത്തിലും വിദ്യാഭ്യാസസമിതികൾ രൂപീകരിച്ച് സ്കൂളുകളുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുക.

26. 2, 3.5. വാർഡുകളിൽ പെട്ട കോട്ടൂര് ഒരു എൽ. പി. സ്കൂൾ ഇല്ല. ഈ ഭാഗങ്ങളിലുള്ള കുട്ടികൾ 2 കി. മീറ്റർ ദൂരം നടന്നാണ് വിദ്യാഭ്യാസം നടത്തുന്നത്. ഈ പരിതസ്ഥിതിയിൽ അധികം കുട്ടികളും വിദ്യാഭ്യാസം നേടാനാവാതെ പോകുകയാണ്.

◆◆◆◆◆

പട്ടിക-7

അക്കാദമിക് നിലവാരം

		കുട്ടികളുടെ പൊതുനിലവാരം					SSLC വിജയശതമാനം				
ക്രമനമ്പർ	സ്കൂളിന്റെ പേര്	30%ത്തിൽതാഴമാർക്കുവാങ്ങുന്നകുട്ടികൾ	30-40%മാർക്ക് നേടുന്നവർ	40-50%മാർക്ക് നേടുന്നവർ	50-60%മാർക്ക് നേടുന്നവർ	60-70%മാർക്ക് നേടുന്നവർ	91-92	92-93	93-94	94-95	95-96
1	ആഡൂര് വെസ്റ്റ് L.P.S					31					
2	ആഡൂര് സെന്റെറ്ട്രൽ L.P.S		2	11	1	14					
3	ആഡൂര് ഈസ്റ്റ് L.P.S		17	24	18	26					
4	കാടാച്ചിറ H.S	320	252	121	67	43	44	24	19	23	17
5	കടമ്പൂർനോർത്ത് U. P.S		252	3	39	66					
6	കടമ്പൂർ ദേവീവിലാസംL.P.S		3	15	22	51					
7	കാടാച്ചിറ L.P.S		5	12	35	43					
8	കോട്ടൂർ മാപ്പിള L.P.S	15	34	24	12	3					
9	ഒരികര L.P.S	15	5	1	6	25					
10	കടമ്പൂർH.S	175	108	91	97	197	51	34	54	64	65
11	കടമ്പൂർ SOUTH L.P.S	2	4	3	15	16					
12	കടമ്പൂർ EAST U.P.S	65	53	34	18	22					

പട്ടിക- 2

ഭൗതികസാഹചര്യങ്ങൾ

ക്രമ നമ്പർ	സ്കൂൾ കോഡ്	സ്ഥല വിസ്തീർണ്ണം	കെട്ടിടം			കെട്ടിടങ്ങളുടെ വിനിയോഗം				മൂത്രപ്പുര		കക്കൂസ്		വൈദ്യുതി		കളിസ്ഥലം		കിണർ	
						ലാബ്		ലൈബ്രറി		ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
			സ്ഥിരം	അസ്ഥിരം	താത്കാലികം	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല										
1	01	4 സെ	1	-	-	✓	-	✓	-	-	✓	-	✓	-	-	-	✓	✓	-
2	02	8 സെ	2	1	-	✓	-	✓	-	-	✓	-	✓	-	✓	-	✓	-	✓
3	03	10 സെ	1	1	-	✓	-	✓	-	-	✓	-	✓	✓	-	-	✓	-	✓
4	04	6 ഏക്കർ	7	2	-	✓	-	✓	-	✓	-		-	✓	-	✓	-	✓	-
5	05	72 സെ	4	1	-	✓	-	✓	-	✓	-	-	✓	-	✓	✓	-	-	✓
6	06	4 സെ	2	1	-	✓	-	✓	-	✓	-	-	✓	-	✓	-		-	✓
7	07	40 സെ	2	1	-	✓	-	✓	-	✓	-	-	✓	-	✓	✓	-	-	✓
8	08	13 സെ	1	-	-	✓	-	✓	-	-	✓		-	-	✓	✓	-	-	✓
9	09	24 സെ	1	1	-	✓	-	✓	-	-	✓	-	✓	-	✓	✓	-	✓	-
10	10	37 ഏക്കർ	6	-	-	✓	-	✓	-	✓	-	✓	-	✓	-	✓	-	✓	-
11	11	22 സെ	2	-	-	✓	-	✓	-	✓	-	-	✓	-	✓	✓	-	-	✓
12	12	35 സെ	2	-	-	✓	-	✓	-	-	✓	-	✓	-	✓	-	✓	✓	-

പട്ടിക-4

മൊത്തം കുട്ടികളുടെ എണ്ണം

ക്രമനമ്പർ	സ്കൂൾ												
	വർഷം	01	02	03	04	05	06	07	08	09	10	11	12	ആകെ
1	1991-92	126	105	145	782	177	136	149	180	102		76	300	
2	92-93	121	107	141	755	164	137	142	172	105		76	310	
3	93-94	109	103	139	739	156	143	139	157	92		74	297	
4	94-95	107	102	149	738	155	141	139	158	81		78	272	
5	95-96	114	90	149	726	152	143	130	154	83		83	238	

പട്ടിക-3

ക്രമനമ്പർ	ഒന്നാം തരത്തിലെ കുട്ടികളുടെ എണ്ണം												
	വർഷം	01	02	03	04	05	06	07	08	09	10	11	12	ആകെ
1	1991-92	20	24	27	-	12	22	23	34	23	-	10	21	216
2	92-93	20	35	32	-	20	30	15	25	25	-	18	16	236
3	93-94	18	18	20	-	17	27	24	18	17	-	22	12	193
4	94-95	21	22	54	-	17	31	22	32	22	-	21	18	260
5	95-96	25	18	24	-	12	26	15	32	21	-	20	13	206

പട്ടിക- 1

ക്രമനമ്പർ	സ്കൂൾ കോഡ്	സ്കൂളിന്റെ പേര്	വാർഡ്	ഉടമസ്ഥത				വിഭാഗം				പ്രദേശം
			നമ്പർ	സർക്കാർ	അർദ്ധസർക്കാർ	സ്വകാര്യം	അംഗീകൃതം	എൽ.പി	യു.പി	സെക്കന്ററി	ഹയർ സെക്കന്ററി	ഗ്രാമം
1	1	ആഡൂര് വെസ്റ്റ് L.P.S	I	-	-		-		-	-	--	✓
2	2	ആഡൂര് സെൻട്രൽ L.P.S	II	-	-		-		-	-	-	✓
3	3	ആഡൂര് ഈസ്റ്റ് L.P.S	II	-	-		-		-	-	-	✓
4	4	കാടാച്ചിറ H.S	II	-	-		-	-	-		-	✓
5	5	കടമ്പൂർനോർത്ത് U. P.S	IV	-	-		-	-		-	-	✓
6	6	കടമ്പൂർ ദേവീവിലാസംL.P.S	IV	-	-		-		-	-	-	✓
7	7	കാടാച്ചിറ L.P.S	V	-	-		-		-	-	-	✓
8	8	കോട്ടൂർ മാപ്പിള L.P.S	V	-	-		-		-	-	-	✓
9	9	ഒരികര L.P.S	V	-	-		-		-	-	-	✓
10	10	കടമ്പൂർH.S	VIII	-	-		-	-	-		-	✓
11	11	കടമ്പൂർ SOUTH L.P.S	IX	-	-		-		-	-	-	✓
12	12	കടമ്പൂർ EAST U.P.S	IX	-	-		-	-		-	-	✓
		ആകെ		-	-	12	-	8	2	2	-	12



പാർപ്പിടവും സാമൂഹ്യക്ഷേമവും

പ്രകൃതി ശക്തികളിൽ നിന്ന് രക്ഷനേടാൻ വനവാസിയായ മനുഷ്യൻ പാർപ്പിടങ്ങൾ പണിതിരുന്നു. കാലം പുരോഗമിച്ചതോടെ ഇവയുടെ രൂപ ഭാവങ്ങളിൽ വലിയ മാറ്റം വന്നു.

പാർപ്പിടമില്ലായ്മ കേവലം നാല് ചുവരുകളുടെയും അതിന്റെ മീതെ ഒരു കൂരയുടെയും മാത്രം പ്രശ്നമല്ല. മാന്യമായ പാർപ്പിടം അടിസ്ഥാന പരമായ ഒരു മനുഷ്യാവകാശമാണ്. ഒട്ടേറെ സാമൂഹ്യ സാംസ്കാരിക സാമ്പത്തിക രാഷ്ട്രീയ ഘടകങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു. വ്യക്തിയുടെ ആരോഗ്യത്തിന്റെ എന്നപോലെ സമൂഹത്തന്റെയും ആരോഗ്യകരമായ നിലനില്പിന്റെ പ്രശ്നമാണിത്. അതുകൊണ്ട് തന്നെ പാർപ്പിടം ഇല്ലാത്തവർക്ക് അതുണ്ടാക്കി കൊടുക്കുക എന്നത് സമൂഹത്തിന്റെ കടമയാണ്. ഭൂമിയിലെമുഴുവൻ ജനങ്ങൾക്കും ആഹാരവും വസ്ത്രവും ഇന്ന് ഉല്പാദിപ്പിക്കപ്പെടുന്നുണ്ട്. അവയുടെ സമമായ വിതരണത്തിലെ പ്രശ്നമുള്ളൂ. എന്നാൽ പാർപ്പിടത്തിൻറ കാര്യത്തിൽ വിതരണം മാത്രമല്ല ഉല്പാദനവും നടത്തണം. 2000ാം ആണ്ടോടെ എല്ലാവർക്കും പാർപ്പിടം എന്നാണ് കേന്ദ്രസർക്കാർ ആവിഷ്കരിച്ച പാർപ്പിടനയരേഖയിൽ പ്രധാനമായും വിഭാവനം ചെയ്യുന്നത്.

1. വാസയോഗ്യമായ വീടുകളുടെ നിർമ്മാണം ക്രമമായി വർദ്ധിപ്പിക്കുക.
2. സ്വന്തമായി വീടില്ലാത്ത എല്ലാ കുടുംബങ്ങൾക്കും അവരവരുടെ കഴിവിനനുസരിച്ചിട്ടുള്ള പാർപ്പിടം നിർമ്മിക്കുന്നതിനുള്ള പ്രോത്സാഹനവും സഹായവും നൽകുക. ഇത്തരം മോശമായ വീടുകളുടെ കേടുപാടുകൾ തീർക്കുക. അറ്റകുറ്റപ്പണികൾ ചെയ്യുന്ന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നിവയും ഇതിൽ ലക്ഷ്യം വെയ്ക്കുന്നു.

നമ്മുടെ നാട്ടിൽ തുടർന്നു പോന്നിരുന്ന കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യ - നമ്മുടെ കാലാവസ്ഥയ്ക്ക് ചേർന്ന തരത്തിലുള്ളതാണെങ്കിലും അത്തരം വീടുകളുടെ നിർമ്മാണ ച്ചിലവ് ഇന്ന് വളരെ കൂടുതലാണ്. മരത്തിന്റെ ദൗർലഭ്യമാണ് പ്രധാന കാരണം. 1970 കളോടെയാണ് നമ്മുടെ നാട്ടിൽ കോൺക്രീറ്റ് വീടുകൾ പ്രത്യക്ഷപ്പെട്ട് തുടങ്ങുന്നത്. ഇന്ന് ഗൾഫ് മലയാളികൾ അവരുടെ വരുമാനത്തിന്റെ സിംഹഭാഗവും

ഉപയോഗപ്പെടുത്തുന്നത് ചെലവേറിയ മണിമന്ദിരങ്ങൾ നിർമ്മിക്കാൻ മാത്രമാണ്. വീട് അന്തസ്സിന്റെ പ്രതീകമായി മാറിയതോടെ ഇത്തരം കുടുംബങ്ങൾക്കുണ്ടാകുന്ന ദുരിതങ്ങൾ കുറച്ചൊന്നുമല്ല. വീടിന്റെ വില കാലക്രമത്തിൽ വർദ്ധിക്കുന്നു എന്നു പറയുന്നത് വിഢ്ഢിത്തമാണ്. വീട് ഉണ്ടാക്കുന്നതിനുള്ള പ്രധാന ഉദ്യേശം വില്പനയല്ലല്ലോ. കൂടുതൽ തുക ചെലവാക്കി വീട് നിർമ്മിക്കുന്നതിലും അർത്ഥമില്ല. നമ്മുടെ പൂർവ്വികർ നിർമ്മിച്ച വീടുകൾ പഴഞ്ചനെന്ന് മുദ്രകുത്തി പൊളിച്ചു പണിയുന്ന രീതിയാണല്ലോ ഇപ്പോഴുള്ളത്. ഇത് തന്നെയായിരിക്കും നമ്മുടെ പിൻതലമുറക്കാരും ചെയ്യുന്നത്. വീട് നിർമ്മിക്കാൻ ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളിൽ ഇഷ്ടികയും, വെട്ടുകല്ലു മൊഴികെ മറ്റെല്ലാം കേരളത്തിന് പുറത്ത് നിന്ന് കൊണ്ടു വരുന്നവയാണ്. മാർബിൾ, ഗ്രാനൈറ്റ്, കടപ്പ എന്നിവയുടെ കടത്തു കൂലി ഇനത്തിൽ വലിയ തുക സംസ്ഥാനത്തിന് നഷ്ടപ്പെടുന്നുണ്ട്.

3. കടമ്പൂർ പഞ്ചായത്തിലെ ആകെ ഭവനങ്ങളുടെ വിവരം

കോൺക്രീറ്റ്	ഓടിട്ടത്	ഓലമേഞ്ഞത്	കുടിൽ	ആകെ
676	22627	112	25	3440

ദുർബല ജനവിഭാഗങ്ങളുടെ പാർപ്പിട പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കുന്നത് ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ചേലോറ ഭവന നിർമ്മാണ സഹകരണസംഘത്തിൻറയും മറ്റ് സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഭവന നിർമ്മാണ വായ്പയും കൊണ്ടാണ്.

പ്രശ്നങ്ങൾ:

1. സ്ഥിര വരുമാനമില്ലാത്ത സാധാരണക്കാരന് ഭവന നിർമ്മാണ വായ്പ ലഭിക്കുന്നില്ല.
2. ഭവന നിർമ്മാണ വായ്പയുടെ പലിശ നിരക്ക് അധികമാണ്.
3. ഭവന നിർമ്മാണ സാധന സാമഗ്രികളുടെ അമിതമായ വിലക്കയറ്റവും കൂലി നിർണ്ണയവും പ്രശ്നമാണ്.
4. വയലുകൾ നികത്തി വീടുണ്ടാക്കുന്ന പ്രവണത മറ്റു പഞ്ചായത്തുകളിലെന്ന പോലെ ഇവിടെയും കണ്ടുവരുന്നു.
5. വായ്പാ വ്യവസ്ഥകൾ സങ്കീർണ്ണമാണ്.
6. വിദഗ്ദ്ധരുടെ സേവനം ആവശ്യത്തിനു ലഭിക്കുന്നില്ല.
7. ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുള്ള സഹായ നിർദ്ദേശങ്ങൾ ലഭിക്കുന്നില്ല.

നിർദ്ദേശങ്ങൾ:-

1. ഭവന നിർമ്മാണ വായ്പാ സഹകരണ സംഘത്തിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.

2. ഭവന നിർമ്മാണ തൊഴിലാളി സഹകരണ സംഘം രൂപീകരിച്ച് തൊഴിലാളികൾക്ക് ചിലവ് കുറഞ്ഞ വീട് നിർമ്മിക്കുന്ന പുതിയ സാങ്കേതിക വിദ്യയിൽ പരിശീലനം നൽകുക.
3. ചിലവ് കുറഞ്ഞ പുതിയ കെട്ടിട നിർമ്മാണ വസ്തുക്കളുടെ വികസനം ഉറപ്പാക്കുക.
4. നിർമ്മിതി കേന്ദ്രത്തിൻറയും മറ്റും സഹായത്തോടെ ചെലവു കുറഞ്ഞതും ഈ നാടിന് ചേർന്നതുമായ കെട്ടിടനിർമ്മാണ സാങ്കേതിക വിദ്യ.
5. വീട് ആഡംബര പൂർണ്ണമായി മാറ്റുന്ന പ്രവണത തടയുന്നതിനുവേണ്ടി ബോധവൽക്കരണം നടത്തുക.
6. ആഡംബര പ്രധാനമായ കെട്ടിട നിർമ്മാണ പദാർത്ഥങ്ങളിൽ ഉയർന്ന നികുതി ചുമത്തുക.
7. 3 ലക്ഷത്തിലേറെ ചെലവിട്ടുകൊണ്ട് നിർമ്മിക്കുന്ന വീടുകൾക്ക് ഉയർന്ന നികുതി ചുമത്തുക.
8. വയൽ നികത്തി വീടുകൾ നിർമ്മിക്കുന്നത് നിരുത്സാഹപ്പെടുത്താൻ കനത്ത ലെവി ചുമത്തുക.

ഒരു കാലത്ത് നമ്മുടെ നാട്ടിൽ നിലനിന്നിരുന്ന ഫ്യൂഡൽ വ്യവസ്ഥകൾ വലിയ വിഭാഗം ജനങ്ങളുടെ പിന്നോക്കാവസ്ഥയ്ക്ക് കാരണമായിരുന്നു സമൂഹത്തിലെ ദുരാചാരങ്ങളുടെ വിഷ്മതകൾ കൂടുതലായി അനുഭവിക്കേണ്ടിവന്നത് ഇവരായിരുന്നു രാജ്യത്തിൻറ സമഗ്രവികസനത്തിനായി പഞ്ചവത്സരപദ്ധതികൾ ആരംഭിച്ചതോടെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ നിലനിൽപിനായി വികസന ബ്ലോക്കുകൾ നിലവിൽ വന്നു. അങ്ങനെ ഗ്രാമസേവകൻ വഴി സഹായമെത്തിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചു.

IRDP സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വിവരം

വാർഡ്നമ്പർ	ആകെ കുടുംബങ്ങൾ	SC/ST കുടുംബാംഗങ്ങൾ	സഹായം ലഭിച്ച കുടുംബങ്ങൾ	SC/ST കുടുംബാംഗങ്ങൾ	സഹായം ലഭിച്ചതു വഴി ദാരിദ്ര്യ രേഖക്കുതുകളിൽ	ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള
I	87	1	12		8	87
II	97	2	14	1	7	97
III	68	2	17		12	68
IV	85	1	11	1	6	85
V	81	3	15	3	10	81
VI	107	2	7	12	4	107
VII	85	5	10	4	6	85
VIII	93	7	21	7	16	95
IX	69	5	14	5	9	69

സ്വാതന്ത്ര്യസമരവും തുടർന്നുവന്ന കർഷകമുന്നേറ്റങ്ങളും പിന്നീട് വന്ന ഭൂപരിഷ്കരണ നിയമവും സമ്പത്തിന്റെ വിതരണം നാട്ടിൽ ഏറെക്കുറെ നീതി പൂർവ്വകമാകാൻ സഹായിച്ചു. കേന്ദ്ര സംസ്ഥാന ഗവൺമെൻറുകളുടെ വിവിധ പദ്ധതികൾ പൂർണ്ണമായും വിജയിച്ചില്ലെങ്കിലും വലിയൊരളവോളം ജനങ്ങൾക്ക് സഹായമെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട് DWCRA സ്കീം പ്രകാരം (സ്ത്രീകളുടെയും കുട്ടികളുടെയും പുരോഗതി ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന പദ്ധതി) നമ്മുടെ പഞ്ചായത്തിൽ രണ്ട് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട് ഡയറി യൂണിറ്റ്, റെഡീമെയ്ഡ് ഗാർമെൻറ് യൂണിറ്റ്. ട്രൈസം പദ്ധതി പ്രകാരം നമ്മുടെ പഞ്ചായത്തിൽ 17 പേർക്ക് പരിശീലനം ലഭിച്ചിട്ടുണ്ട്. ഇതിൽ 13 പേർ സ്വയം തൊഴിൽ കണ്ടെത്തി ബാക്കിയുള്ളവർ തൊഴിലാളികളായി ജോലിചെയ്യുന്നു.IRDP സർവ്വേ പ്രകാരം പഞ്ചായത്തിലെ സാനിറ്ററി ക്ളാസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം 500 ആണ്.

സാനിറ്ററി ക്ളാസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം	വിവിധപദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം	പൂർത്തീകരിച്ചവയുടെ എണ്ണം	ഇനികക്കൂസുകൾ വേണ്ട കുടുംബളുടെ എണ്ണം
500	20	19	480

വിധവാ പെൻഷൻ,വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, ക്ഷയരോഗ പെൻഷൻ, കാൻസർ, കുഷ്ടം എന്നീ രോഗങ്ങൾ ബാധിച്ചവർക്കുള്ള പെൻഷനുകൾ എന്നിവ കൊടുത്തു വരുന്നു. പ്രകൃതിക്ഷോഭത്തിനിരയായവർക്ക് 24 മണിക്കൂറിനകം ധനസഹായം ലഭിക്കാറുണ്ട്. സാധുക്കളായ വിധവകളുടെ മക്കളുടെ വിവാഹത്തിനുള്ള ധനസഹായം വില്ലേജാഫീസ് വഴി വിതരണം ചെയ്യുന്നു.

ഭവന നിർമ്മാണ വായ്പയുടെ ഒന്ന്, രണ്ട്, മൂന്ന് ഘട്ടങ്ങളും കൈരളി ഭവന നിർമ്മാണ പദ്ധതികളും പഞ്ചായത്തിൽ നടപ്പിലായിക്കഴിഞ്ഞു. പഞ്ചായത്തിൽ നിന്നും ഭൂരഹിത കർഷകതൊഴിലാളികൾക്ക് 4 സെൻറ് അനുവദിക്കുന്ന സ്കീം പ്രകാരം 14 പേർക്ക് പട്ടയം അനുവദിച്ചു.

അങ്കണവാടികൾ

നമ്മുടെ പഞ്ചായത്തിൽ 8 അങ്കണവാടികളുണ്ട്. ഇതിൽ 3 അങ്കണവാടികൾക്ക് സ്വന്തമായി കൊട്ടിടമുണ്ട്. വിവിധ സാമൂഹ്യ ക്ഷേമപദ്ധതികൾ അങ്കണ വാടികൾ മുഖേന നടപ്പിലാക്കി വരുന്നുണ്ട്.

പ്രശ്നങ്ങൾ:

1.IRDP പദ്ധതി പ്രകാരം ധനസഹായം വാങ്ങാൻ അർഹതയുള്ളവർ അതിനായി മുന്നോട്ട് വരുന്നില്ല.

2. ധനസഹായം വാങ്ങുന്നവൻ അത് ശരിയാം വണ്ണം പ്രയോജനപ്പെടുത്തുന്നില്ല.

3. സഹായമായി ലഭിക്കുന്ന തുക തീരെ അപര്യാപ്തമാണ്.

4. സഹായ പദ്ധതികളെപ്പറ്റി ജനങ്ങൾ യഥാസമയം അറിയുന്നില്ല.

സാധ്യതകൾ

1. ദാരിദ്ര്യ നിർമ്മാർജനത്തിനായി ആവിഷ്കരിക്കപ്പെട്ട ക്ഷേമപദ്ധതികളെ കുറിച്ചുള്ള അറിവ് സാമൂഹ്യപ്രവർത്തകർ യഥാർത്ഥ ഉപഭോക്താക്കളിൽ എത്തിക്കേണ്ടതാണ്.

2. സന്നദ്ധസംഘടനകളും മറ്റും മുൻകൈ എടുത്ത് DWCRA യൂണിറ്റുകൾ ആരംഭിക്കാൻ സ്ത്രീകളെ പ്രോൽസാഹിപ്പിക്കണം.

3. ട്രൈസം പദ്ധതി പ്രകാരം സ്വയം തൊഴിൽ പരിശീലനം നേടുന്നവർക്ക് തൊഴിൽ ചെയ്യാനുള്ള പ്രോൽസാഹനവും പ്രേരണയും നൽകുക.

4. അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

5. അങ്കണവാടി ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുക.

6. എല്ലാ വാർഡിലും ചുരുങ്ങിയത് ഓരോ അങ്കണവാടികളെങ്കിലും വേണം.



സംസ്കാരം

സംസ്കാരം ഉത്തര കേരളത്തിന്റെ സാംസ്കാരിക പൈതൃകം ഉൾക്കൊള്ളുന്നതാണ് കടമ്പൂരിന്റെ സംസ്കാരം. പഞ്ചായത്തിലെ ജനതയുടെ ഭൂരിഭാഗവും ഹിന്ദുക്കളാണ്. രണ്ടാമത് മുസ്ലീങ്ങളും. കൃസ്ത്യാനികളുടെ എണ്ണം വിരലിലെണ്ണാവുന്നത് മാത്രം. ഹിന്ദുക്കളിൽ കൂടുതലും പിന്നോക്കക്കാർ. പട്ടികജാതിക്കാർ വളരെ ചെറിയ ശതമാനമേയുള്ളൂ. (ആകെ ജനസംഖ്യയുടെ 1.3 %)

വിവാഹം ജനനം മരണം എന്നിവയോടനുബന്ധിച്ചുള്ള പരമ്പരാഗതാചാരങ്ങൾ ഹിന്ദു-മുസ്ലീം-വിഭാഗങ്ങളുടെ ഇടയിലുണ്ട്. ഹിന്ദുക്കളുടെ പുല-ബാലായ്മ എന്നിവ ഇന്ന് പ്രധാനമായും ആചരിക്കുന്നത് ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട കുടുംബങ്ങൾ മാത്രമാണ്. ബലി, ചാവ്, അടിയന്തരം തുടങ്ങിയ അനുഷ്ഠാനങ്ങളും വളരെ കുറഞ്ഞിരിക്കുന്നു. വിവാഹ ചടങ്ങുകൾ ആഡംബരത്തിന്റേയും പരിഷ്ക്കാരത്തിന്റെയും പ്രകാശപൂരത്തിലാണ്. നാദസ്വരകച്ചേരികളുടെയും, ബാൻറ് വാദ്യത്തിന്റെയും ശബ്ദ വീചികൾക്കുപകരം വീഡിയോ ക്യാമറയ്ക്ക് അകമ്പടി സേവിക്കുന്ന വൈദ്യുത മോട്ടോറിന്റെ പ്രകമ്പനമായി മാറിയിരിക്കുന്നു.

ദൃഷ്ടി ദോഷത്തിൽ ഉഴിഞ്ഞ് മാറ്റൽ,അരിയും ഭസ്മവുമിടൽ ഭൂത-പ്രേതബാധ ഒഴിപ്പിക്കാൻ മന്ത്രച്ചരട് കെട്ടൽ, ജപിച്ചൂതൽ, എന്നിവയിൽവിശ്വസമുള്ളവർ ഇന്ന്തീരെ കുറവാണ്.
പൈങ്കുറ്റി, മുത്തപ്പൻ വെള്ളാട്ടം, തിരുവപ്പന, വടക്കേവാവ്, (വടക്കിനിവാവ്) ഗണപതിഹോമം എന്നിവ ഇപ്പോഴുമുണ്ട്.

തീർത്ഥാടനം പ്രധാനമായും ശബരിമലയിലേക്കും മെക്കയിലേക്കും തന്നെ. വർഷംതോറും പഞ്ചായത്തിൽ ഐശ്വര്യം വിതറാൻ മൗനാനുഗ്രഹവുമായി എത്തുന്ന കേളിയാത്ര' ത്തെ കൂടാതെ '' ഹര ഹരോ ഹര'' മന്ത്രവുമായി കാവടിയേന്തിയ പളനി തീർത്ഥാടകരുടെ ഒരു സംഘവും അന്യദേശങ്ങളിൽ നിന്ന് ഇവിടെ എത്താറുണ്ട്. കോതാമൂരിയും, ആടിവേടൻ മാരും പഞ്ചായത്തിലെ ജനങ്ങൾക്ക് വെരും ഓർമ്മമാത്രമായി. അതത് സമുദായങ്ങളിലെ പുത്തൻ തലമുറയ്ക്ക് അതിനോട്താത്പര്യമില്ലാത്തത് തന്നെ കാരണം. ഭാഗ്യദൗർഭാഗ്യങ്ങളുടെ പ്രവാചകൻമാരായ പക്ഷിശാസ്ത്രക്കാരും, കൈനോട്ടക്കാരം നാടോടികളുടെ കൂട്ടത്തിൽ ഇവിടെ എത്താറുണ്ട്.

ഒരു കാലത്ത് നമ്മുടെ വയലേലകളിൽ നിന്ന് നാട്ടിപ്പാട്ടും മറ്റും ഒഴുകിയെത്താറുണ്ടായിരുന്നു.ഇതു കൂടാതെ വാമൊഴിയായി മാത്രം നിലനിന്നുപോന്ന അസംഖ്യം പാട്ടുകൾ ഇവിടെ പ്രചാരത്തിലുണ്ടായിരുന്നു.പനോന്നേരി ശിവക്ഷേത്രവും കീർത്തി മംഗലം വാസുദേവ ക്ഷേത്രവും ഇണ്ടേരിശിവക്ഷേത്രവും പ്രധാന ആരാധനാലയങ്ങളുടെ കൂട്ടത്തിൽപ്പെടുന്നു. അതിപുരാതനം എന്ന് വിശ്വസിക്കപ്പെടുന്ന കീർത്തി മംഗലം ക്ഷേത്രത്തിന്റെ നവീകരണപ്രവർത്തനം നടന്നിട്ട് രണ്ട് ദശാബ്ദമേ ആയുള്ളൂ. അവിടെ പ്രതിഷ്ഠ നവീകരണപ്രവർത്തനങ്ങൾ അടുത്ത കാലത്താണ് നടന്നത്. തെയ്യകോലങ്ങൾ കെട്ടിയാടപ്പെടുന്ന കാവുകളിൽ ശ്രദ്ധേയങ്ങളാണ് പനിച്ചിക്കാവും, പൂങ്കാവും. ഈ രണ്ടു കാവുകളിലും ഒന്നൂറ് നാല്പത് (ഒന്നുകുറവ് നാല്പത് - 39) തെയ്യങ്ങൾ മൂന്ന് ദിവസങ്ങളിലായി കെട്ടിയാടപ്പെടുന്നു. ആകർഷകങ്ങളായ തിരുമുടിയോടുകൂടിയ'ആര്യകന്നികളും' സമീപ പ്രദേശത്തെ ക്ഷേത്രങ്ങളിലൊന്നും കണ്ടുവരാത്ത ചുവന്ന ഗുളികനും പനച്ചിക്കാവിലെ സവിശേഷതയാണ്. കടമ്പൂരിലെ പൂങ്കാവിൽ

വർഷത്തിൽ രണ്ടു തവണയായി ഉത്സവം നടത്തപ്പെടുന്നു. ഇവിടുത്തെ ഗുരിക്കന്മാരും രക്തചാമുണ്ഡിയേശ്വരിയും ഏറ്റവും പ്രസിദ്ധിയാർജ്ജിച്ചതാണ്.

മേടം 20ം തീയ്യതി മാവിലാക്കാവിലെ ദൈവത്താറോടൊപ്പം കാടാച്ചിറ വഴി കച്ചേരിക്കാവിലെത്തുന്ന വൃതാനുഷ്ഠരായ 'അടി കൈക്കോൻ' മാർ കാടാച്ചിറയിലെ അരയാൽത്തറയുടെ മുന്നിൽവച്ച് '' തിക്കലിൽ'' ഏർപ്പെടുന്നു. തുടർന്ന് കച്ചേരിക്കാവിൽ രണ്ട് ഗ്രൂപ്പുകളായി തിരിഞ്ഞ് (മൂത്തകൂർവാട്, ഇളയ കൂർവാട്) മത്സരിച്ച് ' അവിൽക്കൂട് പിടുത്തവും 'അടിയും' നടത്തുന്നു. ജില്ലയുടെ വിവിധ ഭാഗങ്ങളിഗ നിന്നും ആബാലവൃദ്ധം ജനങ്ങളും അന്നേദിവസം ഇവിടെ എത്തിച്ചേരുന്നു. മുഴപ്പിലങ്ങാട് ശ്രീകൂർമ്പ ക്ഷേത്രത്തിലെ ഉത്സത്തിനോടനുബന്ധിച്ചുള്ള കലശങ്ങളുടെ ഘോഷയാത്രയും ഈ പ്രദേശത്തിനേറതായ ഉത്സ പ്രതീതിയാണുളവാക്കുന്നത്

ഭഗവതിക്കാവുകളിൽ നിന്ന് വർഷന്തോറുമുള്ള വാളെഴുന്നള്ളത്ത് ഇന്ന് അ പ്രത്യക്ഷമായിരിക്കുന്നു. കൊട്ടിയൂരിലേക്കുള്ള നെയ്യമൃത് എഴുന്നെള്ളത്തും. ഇളനീരാട്ടത്തിനുള്ള ഇളനീർക്കാവെഴുന്നള്ളത്തും മുമ്പ് കാൽനടയായുള്ള തീർത്ഥാടനത്തിന്റെ ഭാഗമായിരുന്നുവെങ്കിൽ. ഇന്ന് മറ്റുള്ള ഭക്തരൊക്കെ സ്പെഷൽ ബസ്സുകളുടെയും മറ്റ് വാഹനങ്ങളുടെയും സൗകര്യങ്ങൾ ഉപയോഗപ്പെടുത്തികൊണ്ട് തീർത്ഥാടനം നടത്തുന്ന ശൈലിയായി മാറിയിരിക്കുന്നു.

ഓണം, വിഷു, പൂരം, ചെറിയ പെരുന്നാൾ, നബിദിനം, ഉറൂസ്, കൃസ്തുമസ് എന്നിവ ഈ പഞ്ചായത്തിൽ ആഘോഷിക്കപ്പെടുന്നുണ്ട്.

പഞ്ചായത്തിൽ 3 ക്ഷേത്രങ്ങളും 20 കാവുകളും 7 മുസ്ലീം പള്ളികളുമാണുള്ളത്. കൃസ്ത്യാനികക്ക് പഞ്ചായത്തിൽ ആരാധനാലയങ്ങളില്ല. വിവിധ ജാതിമത വിഭാഗങ്ങൾ ഇവിടെ സൗഹാർദ്ദത്തോടെ കഴിയുന്നു.

കേരളത്തിൽ വായനശാലകളും കലാസാംസ്കാരിക സ്ഥാപനങ്ങളും ദേശീയ പ്രസ്ഥാനത്തോടൊപ്പമാണല്ലോ ഉയർന്നുവന്നത്. ഗ്രാമോദ്ധരണ വായനശാല ഗ്രാമോദയ വായനശാല, ദേശീയവായനശാല തുടങ്ങിയ പേരുകളിൽ നിന്ന് ഈ പ്രദേശത്തെ സാംസ്കാരികര സ്ഥാപനങ്ങളുടെ ആവിർഭാവം ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായിട്ടുള്ളവയാണെന്ന് വ്യക്തമാണ്. പഞ്ചായത്തിൽ 7 ഗ്രന്ഥാലയങ്ങളും 11 വായനശാലകളും 27 കലാകായിക സ്ഥാപനങ്ങളുമുണ്ട്. സ്ഥിരമായി ഏതിലെങ്കിലും പരിശീലനം നൽകുന്ന കലാ-കായിക സ്ഥാപനങ്ങളൊന്നും ഇന്നില്ല. ക്ഷേത്രങ്ങളുടെ ഉത്സവത്തോടനുബന്ധിച്ചും മറ്റുമുള്ള കോൽക്കളി പരിശീലനം, പഴങ്കഥയായി മാറിയിരിക്കുന്നു. ഗ്രന്ഥശാലകളുടെ പ്രവർത്തനം തൃപ്തികരമാണെന്ന് പറഞ്ഞ് കൂടാ. ലൈബ്രറി സെസ് പിരിക്കുന്നുണ്ടെങ്കിലും ലൈബ്രറി സൗകര്യങ്ങൾ ഉപയോഗപ്പെടുത്താനുള്ള ബോധവൽക്കരണം നടക്കുന്നില്ല.ഇലക്ട്രോണിക് മാധ്യമങ്ങളുടെ കടന്നുകയറ്റം ലക്ഷ്യബോധത്തോടെയുള്ള വായനയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഡിഷ് ആൻറിന ടി. വി.കൾപഞ്ചായത്തിൽ എത്തിയിട്ടുണ്ട്. ഇത്തരം മാധ്യമങ്ങളിൽകൂടിയുള്ള പാശ്ചാത്യ സംസ്കാരത്തിന്റെ സംപ്രേക്ഷണം സമൂഹത്തെ വിനാശകരമായ പതനത്തിലേക്ക് എത്തിക്കുന്നതിനെ പ്രതിരോധിക്കുന്ന സാംസ്കാരിക പ്രവർത്തങ്ങൾ ഉയർന്നുവരേണ്ടതണ്ട്.

നാടകരംഗത്ത് പഞ്ചായത്തിന് ദീർഘകാലത്തെ പ്രതാപത്തിന്റെ ചരിത്രം തന്നെയുണ്ട്. കാടാച്ചിറ ഹൈസ്കൂളിന്റെ വാർഷികാഘോഷങ്ങളിൽ വിദ്യാർത്ഥികളും അധ്യാപകരും സ്ഥിരമായി നാടകങ്ങൾ അ വതിപ്പിച്ചിരുന്നു. സംസ്ഥാന സ്കൂൾ യുവജനോത്സവങ്ങളിൽ നാടക മത്സരത്തിൽ ഈ സ്കൂളിന്റെ നാടകങ്ങൾക്ക് പലതവണ ഒന്നാം സ്ഥാനം നേടാൻ കഴിഞ്ഞിരുന്നു. അവിടുത്തെ അധ്യാപകരായ ടി. വി. ബാലൻമാസ്റ്റർ പരേതനായ കെ. പി. അച്ചുതൻ മാസ്റ്റർ എന്നിവർ അക്കാലത്ത് അറിയപ്പെടുന്ന നാടക പ്രവർത്തകരായിരുന്നു. അച്ചുതൻ മാസ്റ്റർ രചനയും സംവിധാനവും നിർവ്വഹിച്ച 'പയ്യം വെള്ളിച്ചന്തു'

എന്ന നാടകം അനേകം സ്റ്റേജുകളിൽ അവതരിപ്പിക്കപ്പെട്ടിരുന്നു. ആഡൂരിൽ ഉണ്ടായിരുന്ന നടന നികേതനം എ. കെ. ജി. സ്മാരക കലാസമിതിയും കടമ്പൂരിലെ പി. കെ. ജി.സ്മാരക സ്പോർട്സ് ആൻഡ് ആർട്സ് ക്ലബ്ബും ആഡൂരിലെ യുവകലാവേദിയും പല നാടകങ്ങൾ അവതരിപ്പിച്ചിരുന്നു. കാടാച്ചിറയിൽ ഗ്രാമോദയ. കലാസമിതിയും ആഡൂറിലെ ചന്ദ്രതാര കലാസമിതിയുമാണ് ഇന്നു പഞ്ചായത്തിൽ പ്രവൃത്തിക്കുന്ന നാടകസംഘങ്ങൾ. സ്ഥിരമായി വാർഷികാഘോഷം നടത്താറുള്ളത്. കടമ്പൂരിലെ സൗപർണ്ണിക പാട്യം ഗോപാലൻ സ്മാരക വായനശാല, യുവചേതന പനോന്നേരി എന്നിവ മാത്രമാണ്. മലയാള സിനിമക്ക് അന്തരാഷ്ട്ര തലത്തിൽ ബഹുമതി നേടികൊടുക്കുകയും അവാർഡുകൾ ലഭിക്കുകയും ചെയ്ത പ്രശസ്ത സിനിമാ സംവിധായകനായ ടി. വി. ചന്ദ്രൻ ('പൊന്തൻ മാട' ഓർമ്മകൾ ഉണ്ടായിരിക്കണം' കടമ്പൂർദേശക്കാരനാണെന്നത് പഞ്ചായത്തിന് അഭിമാനിക്കാവുന്നതാണ്. പഞ്ചായത്തിലെ പ്രശസ്തനായ നാദസ്വരവിദ്വാൻ ആണ്ടി ഭാഗവതർ ഒരു തവണ പഞ്ചായത്ത് ംഗമായും പ്രവർത്തിച്ചിട്ടുണ്ട്. ഇന്നു പ്രഗത്ഭനായ യുവസംഗീതജ്ഞൻ ഷാജി കാടാച്ചിറയും നാടക ഗാനമെഴുതി പ്രശസ്തിയാർജ്ജിച്ച കടമ്പൂർ രാജനും ഈ പഞ്ചായത്തിലാണ്. 1966 ൽ കടമ്പൂർ സാഹിത്യസമാജം 'വെൺ മുകിൽ' എന്നപേരിൽ ഒരു സോവനീർ അച്ചടിച്ച് പ്രസിദ്ധീകരിച്ചിരുന്നു. കണ്ടം ചിറക്കൽ എടക്കാട് പി. കെ. വിജയരാഘവൻ മാസ്റ്റർ, മുരളികാടാച്ചിറ, കെ. കെ. നാരായണൻ മാസ്റ്റർ, കെ. കെ. ഗോവിന്ദൻ മാസ്റ്റർ തുടങ്ങിയവർ സാഹിത്യരംഗത്ത് വ്യക്തി മുദ്ര പതിപ്പിച്ചവരാണ്.

കരാട്ടയെ പ്രതികരിച്ച് ഒരു പുസ്തകം രചിച്ച സി. ഗംഗാധരന്റെ സേവനം ആ രംഗത്ത് വിലപ്പെട്ടതാണ്.യുവ എഴുത്തുകാരുടെ ഒരു നിര വളർന്നുവരുന്നു എന്നത് ശുഭോ ദർക്കമാണ്.കടമ്പൂരിന്റെ കായിക താല്പര്യം ഇന്നുകുട്ടികളുടെ ക്രിക്കറ്റ് ജ്വരത്തിൽ മാത്രം ഒതുങ്ങി നില്കുന്നു. സർവ്വീസസ്സിനു വേണ്ടി കളിച്ച പനോന്നേരി കെ. യം. കരുണാകരനും മുല്ലപ്പള്ളി ദാസനും പഴയ ഫുട്ബോൾ താരങ്ങളാണ്. വനിത ബാസ്കറ്റ് ബോളിൽ സംസ്ഥാന തലത്തിൽ പങ്കെടുത്ത ഒരു താരമായിരുന്നു. കെ.രോഹിണി, ആഡൂർ കമാൻഡോസ്സിന്റെ നേതൃത്വത്തിൽ നടത്തുന്ന ജില്ലാതല കബടി മത്സരമാണ് ഇന്നു പഞ്ചായത്തിൽ പത്തു വർഷത്തിലേറെ ആയി നടന്നുവരുന്ന ഏക ടൂർണ്ണമെൻറ്. പഞ്ചായത്തിനും ഒരു സ്റേറഡിയം ഉണ്ടെങ്കിലും അതിന്റെ പണി പൂർത്തീകരിച്ചിട്ടില്ല. അതിനാൽ അതു ഉപയോഗപ്പെടുത്താനോ കായിക മേളകൾ അവിടെ വെച്ചു നടത്തുവാനോ സാധിക്കുന്നില്ല.

പഞ്ചായത്തിൽ സാംസ്കാരിക നിലയം പ്രവർത്തിക്കുന്നുണ്ട്.ഇവിടെ സൗകര്യങ്ങൾ ഇനിയും മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്.മാതൃഭൂമി, മനോരമ, ദേശാഭിമാനി കേരളകൌമുദി ചന്ദ്രിക എന്നീ മലയാള ദിനപത്രങ്ങളും ഹിന്ദു, ഇന്ത്യൻ എക്സ് പ്രസ്സ് എന്നീ ഇംഗ്ലീഷ് ദിനപത്രങ്ങളും കൂടാതെ സായാഹ്ന പത്രങ്ങളും പഞ്ചായത്തിൽ പ്രചാരത്തിലുണ്ട്. മാത്രമല്ല മലയാളത്തിൽ പ്രസിദ്ധീകരിക്കുന്ന ഒട്ടുമിക്കവാറും വാരികകളും മാസികകളും പഞ്ചായത്തിൽ ലഭിക്കുന്നുണ്ട്.

ശാസ്ത്രസാഹിത്യപരിഷത്ത് പുരോഗമന കലാസാഹിത്യ സംഘം, ലോഹ്യ വിചാര വേദി, രാഷ്ട്രീയപാർട്ടികളുടെ സാംസ്കാരിക സംഘടനകൾ എന്നിവയും ഈ പഞ്ചായത്തിൽ ഘടകങ്ങളായുണ്ട്. ഇന്ത്യൻ നാഷന ൽ കോൺഗ്രസ്സ് , ബി. ജെ. പി. കമ്മ്യൂണിസ്റ്റ് പാർട്ടി, മുസ്ലീംലീഗ് എന്നിവയായിരുന്നു പഞ്ചായത്തിലെ ആദ്യകാല രാഷ്ട്രീയ പാർട്ടികൾ. ഇന്നു കേരളത്തിൽ നിലവിലുള്ള മിക്കവാറും എല്ലാ രാഷ്ട്രീയ പാർട്ടികളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

കടമ്പൂർ പഞ്ചായത്തിലെ ആരാധനാലയങ്ങൾ

1. പനോന്നേരി ശിവക്ഷേത്രം
2. കളരിവട്ടം കാവ്
3. മേപ്പാട് കാവ്
4. പനച്ചിക്കാവ്
5. നെല്ലിയോട്ട് ശ്രീ കൂർമ്പ
6. താഴെകണ്ടി കാവ്
7. കരിപ്പാച്ചാൽ വയനാട്ട് കുലവർ കാവ്
8. കോട്ടൂർ കുനമ്പ്രം വയനാട്ട് കുറവൻ കാവ്
9. പൂത്രിക്കോവിൽ
10. മപേണ്ട്യൻ മംപുരക്കൽ
11. പുത്തരിക്കൽ ഭഗവതി
12. കച്ചേരിക്കാവ്
13. മണ്ടോത്ത് കാവ്
14. ശ്രീ കീർ മംഗലം വാസുദേവക്ഷേത്രം
15. വലിയ മുറ്റം ക്ഷേത്രം
16. മലയന്റെ വളപ്പിൽ കാവ്
17. കൂലോത്ത് കാവ്
18. പുതിലാട്ട് മംപ്പുര
19. പൂങ്കാവ് ക്ഷേത്രം
20. മുച്ചിലോട്ട് ഭഗവതി ക്ഷേത്രം
21. പുത്തൻപുര മുത്തപ്പൻ ക്ഷേത്രം
22. പൂശാരി കോവിൽ
23. ശ്രീ ധർമ്മശാസ്താ ക്ഷേത്രം കണ്ണാടിച്ചാൽ
24. മസ്ജിദുൽ ജലാൽ – കാടാച്ചിറ
25. മൈദ്രാസ് പള്ളി– കോട്ടൂർ
26. മസ്ജിദുൻ– നൂറൈനി – കോട്ടൂർ
27. കരിപ്പായി പള്ളി– കോട്ടൂർ
28. മസ്ജിദുൻ നൂറാനി– കണ്ണാടിച്ചാൽ

29. ജുമാ മസ്ജിദ്- ആഡൂർ

30. ഇണ്ടേരി അമ്പലം- കടമ്പൂർ

31. കുന്നത്ത് പള്ളി- എടക്കാട്

32. മേലേടത്ത് ആശാരിക്കാവ്- കടമ്പൂര്

33. മാർക്കറ്റ് പള്ളി - കാടാച്ചിറ

വായനശാലകളും ഗ്രന്ഥാലയങ്ങളും

1. ആശാൻ സ്മാരക ജ്ഞാനപ്രദായിനി
വായനശാല ആൻഡ് ഗ്രന്ഥാലയം, കടമ്പൂർ

2. ദേശ സേവിനി വായനശാല ആൻഡ് ഗ്രന്ഥാലയം, കടമ്പൂർ

3. നിത്യാനന്ദവായനശാല ആൻഡ് ഗ്രന്ഥാലയം, കടമ്പൂർ

4. ദേശീയ വായനശാല ആൻഡ് ഗ്രന്ഥാലയം, കടമ്പൂർ

5. ഗ്രാമോദയ വായനശാല ആൻഡ് ഗ്രന്ഥാലയം, കാടാച്ചിറ

6.ഗ്രാമോദ്ധാരണ വായനശാല ആൻഡ് ഗ്രന്ഥാലയം, കടമ്പൂർ

7. പാട്യം ഗോപാലൻ സ്മാരക വായനശാല ആൻഡ് ഗ്രന്ഥാലയം, കടമ്പൂർ

8. ഒരികര വായനശാല

കല-കായിക സ്ഥാപങ്ങൾ

1. യുവചേതന, പനോന്നേരി

2. ന്യൂസ്റ്റാർ ആർട്സ് ആൻഡ് ഗ്രന്ഥാലയം, പനോന്നേരി

3. പ്രിയദർശിനി ആർട്സ് ആൻഡ് ഗ്രന്ഥാലയം, പനോന്നേരി

4. കമാൻറോസ്- ആഡൂര്

5. അഴീക്കോടൻ സ്മരാക മന്ദിരം- ആഡൂര്

6. എ. കെ. ജി. കലാസമിതി -ആഡൂര്

7. കൃഷ്ണപിള്ള സ്മാരക ക്ലബ്ബ്- ആഡൂര്

8. ചാമ്പ്യൻ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ്, ആഡൂര്

9. അനൂപ് സ്മാരക ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ, ആഡൂര്

10. കണ്ണൻ സ്മാരക ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ്, ആഡൂര്

11. ചന്ദ്രതാര കലാസമിതി - ആഡൂര്

12. ലാൽ ബഹദൂർ മന്ദിരം- കടമ്പൂര്

13. പി. കെ. ജി. മെമ്മോറിയൽ ആർട്സ് സ്പോർട്സ് ക്ലബ്ബ്, കടമ്പൂര്

14. അമ്പലത്തിൽ കരുണാകരൻ സ്മാരക സ്പോർട്സ് ക്ലബ്ബ്, കടമ്പൂര്

15. റെഡ്സ്റ്റാർ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ്, കോട്ടൂർ

16. പാട്യം ഗോപാലൻ സ്മാരക സ്പോർട്സ് ക്ലബ്ബ്, മേലേ കോട്ടൂർ

17. പി. പി. ബാലൻ സ്മാരക ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ്, കാടാച്ചിറ

18. കൃഷ്ണപ്പിള്ള ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ്, കാടാച്ചിറ

19. ജ്വാല ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ്, കാടാച്ചിറ

20 സൗപർണ്ണിക ആർട്സ് ക്ലബ്ബ്, കടമ്പൂര്.

21. എ. കെ.ജി. സ്മാരക ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ്, കടമ്പൂർ

22. സാസ്കാരിക നിലയം – കടമ്പൂര്

23. പ്രിയദർശിനിയൂത്ത് സെൻറർ – എടക്കാട്

24. യുവശക്തി– ആഡൂർ

25. റെഡ് യങ്ങ്സ് – എടക്കാട്

26. ടി. വി. അനന്തൻ സ്മാരക ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ്, കടമ്പൂര്

27. റെഡ് സ്റ്റാർ സ്പോർട്സ് ക്ലബ്ബ്, കോട്ടൂര്

28. പ്രിയദർശിനി ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ്, കോട്ടൂർ

പ്രശ്നങ്ങൾ

1. നാടിൻെറ സാംസ്കാരിക പാരമ്പര്യത്തിൻെറ സൂചകങ്ങളായ നാടൻ പാട്ടുകളും മറ്റും വിസ്മൃതമായകൊണ്ടിരിക്കുന്നു.
2. കലാസമിതികളും ക്ലബ്ബുകളും വേണ്ടത്ര സജീവമല്ല.
3. മുൻ കാലങ്ങളിലുള്ളതുപോലെ കായ്യമായ ടൂർണ്ണമെൻറുകളൊന്നും ഇപ്പോൾ നടക്കുന്നില്ല.
4. കടമ്പൂര് പഞ്ചായത്തിൽ സമ്പന്നമായ പുസ്തകശേഖരമുള്ള ഒരു ഗ്രന്ഥാലയമില്ല.
5. വായനശാലകളിലെ പുസ്തകം ഉപയോഗപ്പെടുത്തുന്നവരുടെ എണ്ണം കുറവാണ്.
6. മിക്ക വായനശാലകളിലും സൗകര്യങ്ങൾ പരിമിതമാണ്. പുസ്തകങ്ങൾ ആകർഷകമായ വിധത്തിൽ പ്രദർശിപ്പിച്ചുകൊണ്ട് സൂക്ഷിക്കാൻ പറ്റിയ ചില്ലലമാരകളൊന്നും മിക്ക വായനശാലകളുമില്ല
7. കുട്ടികൾക്ക് നാടൻ കളികളിൽ താല്പര്യമില്ല
8. തുടർച്ചയായി പ്രവർത്തിക്കുന്ന നാടകസംഘങ്ങളില്ല.
9. വർഷത്തിൽ ഒരു പരിപാടി പോലും നടത്താത്ത വയാണ് പല ക്ലബ്ബുകളും.
10. സാഹിത്യ വാസനയുള്ളവരെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളൊന്നും സംഘടിതമായ രൂപത്തിൽ നടക്കുന്നില്ല.
11. സ്കൂളുകളുടെ വാർഷികങ്ങൾ നടക്കാറേ ഇല്ല.
12. പഞ്ചായത്ത് സാംസ്കാരിക നിലയവും സ്റ്റേഡിയവും ജനങ്ങൾക്ക് വേണ്ടത്ര പ്രജോയനപ്പെടുന്നില്ല.

സാധ്യതകൾ

1. കലാസമിതികൾ മുഖേന സംഗീതം, നൃത്തം എന്നിവ പരിശീലിപ്പിക്കുക.
2. നാടൻ പാട്ടുകളും മറ്റും എഴുതി യെടുത്തും റിക്കാർഡ് ചെയ്തും സൂക്ഷിക്കാൻ പഞ്ചായത്തിലെ കലാസ്ഥാപനങ്ങളെ ചുമതപ്പെടുത്തുക.
3. സ്കൂൾ വാർഷികങ്ങളും മറ്റും നടത്താൻ രക്ഷാകർത്തൃസമിതികൾ മുൻകയ്യെടുക്കുക.
4. കയ്യെഴുത്ത് മാസികകളുടെ പഞ്ചായത്ത് തല മത്സരം നടത്തുക.
5. പഞ്ചായത്ത് തലത്തിൽ സ്പോർട്സ് കൗൺസിൽ രൂപീകരിക്കുക.
6. വായനശാലകളിലെ പുസ്തകങ്ങൾ കൂടുതലായി ഉപയോഗപ്പെടുത്തുന്ന വായനക്കാർക്ക് പ്രോത്സാഹനങ്ങൾ നല്കുക.
7. നാടൻ കളികളും മറ്റും സ്കൂൾ തലത്തിൽ പരിശീലിപ്പിക്കുകക.
അവയിൽ മത്സരങ്ങൾ നടത്തുക.
8. പഞ്ചായത്ത് സ്റ്റേഡിയം, സാംസ്കാരിക നിലയം എന്നിവയുടെ മേൽനോട്ടത്തിന് ജനകീയ കമ്മിറ്റികൾ രൂപീകരിക്കുക.
9. പുസ്തകങ്ങളെക്കുറിച്ചും സിനിമകളെക്കുറിച്ചുമെല്ലാമുള്ള ചർച്ചകൾ സംഘടിപ്പിക്കുക.
10. പഞ്ചായത്തിൽ വീഡിയോക്ലബ്ബുകൾ സ്ഥാപിച്ച് കലാമൂല്യമുള്ള ചിത്രങ്ങൾ പ്രദർശിപ്പിക്കുക.
11. പഞ്ചായത്ത് തലത്തിൽ കലാ-കായിക മേളകൾ നടത്തുക.
12. അവശകലാകാരന്മാർക്ക് ധനസഹായം ലഭ്യമാക്കുക.



വനിതാക്ഷേമം

സാക്ഷരതക്കും വിദ്യാഭ്യാസ നിലവാരത്തിനും അനുപൂരകമായി സ്ത്രീയുടെ സാമൂഹ്യപദവി ഉയർന്നില്ല എന്ന കേരളത്തിന്റെ പൊതു അവസ്ഥ തന്നെയാണ് ഈ പഞ്ചായത്തിലും നിലനിൽക്കുന്നത്. ഒട്ടേറെ വിലക്കുകളെ നേരിട്ട് കൊണ്ടാണ് ഒരു പെൺകുട്ടിക്ക് വളരേണ്ടിവന്നിരുന്നത്. ശീലാവതി, സാവിത്രി തുടങ്ങിയവരെയാണ് മുൻകാലങ്ങളിൽ മാതൃകയായി പെൺകുട്ടികൾക്ക് മുമ്പിൽ അവതരിപ്പിച്ചിരുന്നത്. മുതിർന്ന സ്ത്രീകൾ പോലും ആൺകുട്ടികളുടെ മുന്നിൽ ഇരിക്കരുത്, ഭർത്താവിന്റെ പേര് പറഞ്ഞു പോകരുത്, എന്നിങ്ങനെയുള്ള ധാരണകൾ പ്രബലമായിരുന്നു. പെൺകുട്ടികളുടെ ജനനം ഇപ്പോഴും പലരും സന്തോഷപൂർവ്വം സ്വാഗതം ചെയ്യുന്നില്ല. ആൺകുട്ടിയും പെൺകുട്ടിയും ഉള്ള കുടുംബത്തിൽ ഒരാൾക്ക് മാത്രമേ വിദ്യാഭ്യാസം നൽകാൻ സൗകര്യമുള്ളൂവെങ്കിൽ പെൺകുട്ടികളാവും മിക്കപ്പോഴും തഴയപ്പെടുക.

സ്ത്രീകൾ ചെയ്യുന്നതെല്ലാം അധമമായ തൊഴിലുകളാണെന്ന് വരുത്തിത്തീർക്കുക. ആ തൊഴിലുകൾ ഒരു കാരണവശാലും പുരുഷന്മാർ ചെയ്യരുത്. എന്ന് വരുത്തുക, മാസമുറപോലും സ്വാഭാവികമായ ജീവശാസ്ത്ര ധർമ്മങ്ങളിൽ അശുദ്ധി ആരോപിക്കുക. ഏതെങ്കിലും നിലയിൽ വ്യക്തിത്വം പ്രകടിപ്പിക്കുന്നവരെയെല്ലാം പിഴച്ചവരായി മുദ്ര കുത്തുക. തുടങ്ങിയ രീതികളിലൂടെ സമൂഹത്തിൽ സ്ത്രീകളെ രണ്ടാം കിടക്കാരാക്കുന്ന ഒരു സമീപനമാണ് വർഷങ്ങളായി ഇവിടെയും നിലനിന്നിരുന്നത്. കുടുംബങ്ങളിൽ സ്ത്രീകളുടെ അഭിപ്രായങ്ങൾക്ക് പരിഗണന ഉണ്ടായിരുന്നില്ല. പുരുഷന്റെ സ്വത്തിനുള്ള അനന്തരാവകാശിയെ പ്രസവിക്കാനുള്ള ഒരു ഉപകരണം മാത്രമായാണ് സ്ത്രീകളെ കണ്ടുപോന്നിരുന്നത്.

കാർഷികജോലികളിൽ ക്ലേശം കൂടുതലുള്ള ഞാറു നടൽ, കൊയ്യൽ കളപറിക്കൽ പോലുള്ള ജോലികളാണ് സ്ത്രീകൾക്കായി മാറ്റിവെച്ചിരുന്നത്. എന്നാൽ ഇത്തരം ജോലിക്ക് കുറഞ്ഞ കായികബലമേ ആവശ്യമുള്ളൂ എന്ന് വരുത്തി തീർത്തുകൊണ്ട് കുറഞ്ഞ കൂലി മാത്രമേ സ്ത്രീകൾക്ക് നൽകിയിരുന്നുള്ളൂ.

ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യയായ 16441 പേരിൽ 8574 പേരും സ്ത്രീകളാണ്. സ്ത്രീകളിൽ 6903 പേർ സാക്ഷരരാണ്. പുരുഷൻമാരുടെ സാക്ഷരതാനിരക്കിനേക്കാൾ അല്പം കുറവാണ് സ്ത്രീകളുടെ സാക്ഷരതാ നിരക്ക്.

ജനസംഖ്യ			സാക്ഷരർ			
സ്ത്രീ	പുരു	ആകെ	സ്ത്രീ	ശതമാനം	പുരു	ശതമാനം
8574	7877	16441	6903	-	6697	-

തൊഴിൽ പങ്കാളിത്തത്തിൽ സ്ത്രീകൾ വളരെ പിന്നിലാണ്. വിവിധ മേഖലകളിൽ പണിയെടുക്കുന്ന സ്ത്രീകളുടെ എണ്ണം പട്ടിക തിരിച്ച് താഴെ ചേർക്കുന്നു.

	പുരു	സ്ത്രീ.
തൊഴിലെടുക്കുന്നവർ	2900	798
കർഷകർ	47	14
കർഷകത്തൊഴിലാളി	174	104
മൃഗസംരക്ഷണം	103	20
മത്സ്യബന്ധനം	-	-
കൽപ്പണി	7	1
നിർമ്മാണത്തൊഴിലാളികൾ	166	27
ബീഡിതെറുപ്പ്	-	-
(സഹകരണ മേഖല)	157	176
വ്യാപാരം	779	19

സ്വന്തമായി വരുമാനമില്ലാത്തവരാണ് ബഹു ഭൂരിപക്ഷം സ്ത്രീകളും. വ്യക്തിപരമായ ചെറിയ ആവശ്യങ്ങൾക്കു പോലും പുരുഷൻമാരെ ആശ്രയിക്കണമെന്നത് അവരുടെ വ്യക്തിത്വ വികസനത്തെ സാരമായി ബാധിക്കുന്നുണ്ട്.

കാർഷികമേഖലയിലും നിർമ്മാണരംഗത്തും സ്ത്രീകൾക്ക് പുരുഷൻമാരേക്കാൾ കുറഞ്ഞ കൂലി മാത്രമേ ലഭിക്കുന്നുള്ളൂ. സമൂഹത്തിലെ ആവശ്യങ്ങൾ സ്ത്രീക്കും പുരുഷനും ഒരുപോലെ ആണെന്നിരിക്കെ സ്ത്രീ പുരുഷ തൊഴിലാളികളുടെ കൂലിയിലെ അന്തരം ഒരു തരത്തിലും ന്യായീകരിക്കാവുന്നതല്ല.

അടുത്ത കാലത്തായി തയ്യൽ ബീഡി മേഖലകളിൽ സ്ത്രീ തൊഴിലാളികളുടെ പങ്കാളിത്തം കൂടുന്നുണ്ട്. കൂടുതലും സ്ത്രീകൾ മാത്രം ജോലി ചെയ്യുന്ന സ്വകാര്യ ബീഡി

മേഖലയിൽ അവർ കടുത്ത ചൂഷണത്തിന് വിധേയമാകുന്നുണ്ട്.

സ്ത്രീകൾ പണിയെടുക്കുന്ന മിക്ക സ്ഥാപനങ്ങളിലും പ്രാഥമിക ആവശ്യങ്ങൾക്കു വേണ്ട മൂത്രപ്പുരയോ കക്കൂസോ ഇല്ല.

സ്ത്രീകൾ ജോലിചെയ്യുന്ന സ്ഥാപനങ്ങളോടനുബന്ധിച്ച് ക്രഷറുകൾ അത്യന്താപേക്ഷിതമാണ്. പ്രകൃത്യാകിട്ടുന്ന മുലപ്പാൽ കുഞ്ഞിന്റെ ആരോഗ്യത്തിന് ഉത്തമമാണെന്നിരിക്കെ കുഞ്ഞിനെ മുലയൂട്ടാനുള്ള അമ്മയുടെ കടമ നിറവേറ്റപ്പെടുന്നില്ല. ആരോഗ്യമുള്ള ശിശുക്കൾ നാടിന്റെ സമ്പത്താണ്. അവർ രാഷ്ട്രത്തിന്റെ ഭാവി നിർണ്ണയിക്കേണ്ടവരാണ്. ആ അർത്ഥത്തിൽ കുട്ടികളുടെ ആരോഗ്യത്തിനും ബുദ്ധിപരമായ വികാസത്തിനും ഉതകുന്ന രീതിയിൽ അവർക്ക് സംരക്ഷണം കിട്ടേണ്ടതുണ്ട്. ഒരു അളവുവരെ ക്രഷേകൾ തൊഴിൽ ചെയ്യുന്ന അമ്മമാർക്ക് അനുഗ്രഹമാണ്.

വീടുകളിൽ നിന്ന് സ്ത്രീകൾ പുറത്തിറങ്ങാതിരുന്ന പഴയ പതിവ് ഇപ്പോൾ വലിയൊരളവുവരെ മാറിയിട്ടുണ്ട്. പെൺകുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കാൻ രക്ഷിതാക്കൾ താല്പര്യം കാണിക്കുന്നുണ്ട്.

റേഷൻ കടകളിലും ചന്തകളിലും മാവേലി സ്റ്റോറുകളിലും സാധനങ്ങൾ വാങ്ങാൻ വരുന്നത് ഇന്ന് കൂടുതലും സ്ത്രീകളാണ്.

നമ്മുടെ പഞ്ചായത്തിലെ വനിതകളുടെ കൂട്ടത്തിൽ ആദ്യം എടുത്തു പറയേണ്ട ഒരു പേര് കൗമുദി ടീച്ചറുടേതാണ് . ഹരിജൻ ഫണ്ടിലേക്ക് സംഭാവന സ്വീകരിക്കാനായി വടകരയിലെത്തിയ ഗാന്ധിജിക്ക് തന്റെ ആഭരണങ്ങൾ മുഴുവൻ സംഭാവന ചെയ്ത ബാലിക, ഗാന്ധിയൻ ആദർശങ്ങൾ പരിപാലിച്ചു കൊണ്ട് ഇപ്പോൾ കാടാച്ചിറ ഹൈസ്ക്കൂളിനടുത്ത് താമസിക്കുന്നു.

പനോന്നേരിയിലെ ഇന്നത്തെ സ്ക്കൂൾ ഗേൾസ് റേഞ്ച് സ്കൂളായി പ്രവർത്തിക്കുന്ന കാലത്ത് അവിടെ അദ്ധ്യാപകരായി പ്രവർത്തിച്ചിരുന്നത് മുഴുവനും വനിതകളായിരുന്നു. ഇപ്പോൾ പഞ്ചായത്തിലെ എല്ലാ സ്ക്കൂളുകളിലേയും അദ്ധ്യാപകരിൽ ഭൂരിഭാഗവും വനിതകളാണ്. കടമ്പൂര് പഞ്ചായത്തു രൂപീകരിക്കപ്പെട്ടതിനുശേഷം നടന്ന തെരെഞ്ഞടുപ്പിൽ

ഇപ്പോഴുള്ള 3 വനിതാ അംഗങ്ങൾക്കും പുറമേ 3 വനിതകൾ ഇതിന് മുമ്പ് തെരെഞ്ഞെടുക്കപ്പെട്ടിരുന്നു. ശ്രീമതി ഓമന ടീച്ചർ 1979 ലും, സി.ഒ. മീനാക്ഷിയമ്മ, ശ്രീമതി. വി.ആർ കൗസല്യ എന്നിവർ 1988 ലും തെരെഞ്ഞെടുക്കപ്പെട്ടു. പുതിയ പഞ്ചായത്തീരാജ്

നിയമമനുസരിച്ച് മൂന്നിലൊന്ന് സീറ്റുകൾ വനിതകൾക്കായി സംവരണം ചെയ്തപ്പോൾ 4,6,7 എന്നീ വാർഡുകൾ സ്ത്രീ സംവരണമായി. കുമാരി സാവിത്രി രാഘവൻ, ശ്രീമതി. കെ.ശാരദ, ശ്രീമതി.കെ രോഹിണി എന്നിവരാണ് ഈ വാർഡുകളിൽ നിന്ന് തെരെഞ്ഞെടുക്കപ്പെട്ടത്. പ്രസിഡൻറ് സ്ഥാനം വനിതാ സംവരണമായതിനാൽ ആ സ്ഥാനത്തേക്ക് ശ്രീമതി.കെ. രോഹിണി തെരെഞ്ഞടുക്കപ്പെട്ടു.

1990-ൽ നടന്ന സാക്ഷരതായജ്ഞത്തിൽ സ്ത്രീകൾ സജീവ പങ്കാളികളായി പ്രവർത്തിച്ചിട്ടുണ്ട്. സ്ത്രീകൾ ഇൻസ്ട്രക്ടർമാരായിരുന്ന ക്ലാസുകളാണ് ഏറ്റവും ഫലപ്രദമായതെന്ന് പൊതുവായി വിലയിരുത്തപ്പെട്ടിട്ടുണ്ട്.

രാഷ്ട്രീയ സംഘടനകളിലും മറ്റു ബഹുജന സംഘടനകളിലും സ്ത്രീകളുടെ എണ്ണം ജനസംഖ്യാനുപാതമനുസരിച്ച് തീരേ കുറവാണ്. മഹിളാസംഘടനകളുടേതൊഴിച്ചാൽ ഒരു സംഘടനക്കും വനിതാ നേതൃത്വം ഇല്ല. രാഷ്ട്രീയ പാർട്ടികളുടെ നേതൃത്വത്തിലടക്കം സ്ത്രീകൾക്ക് പ്രത്യേക സംവരണം ഏർപ്പെടുത്തിക്കൊണ്ട് സ്ത്രീകളെ പൊതുധാരയിലേക്ക് കൊണ്ടുവരാനുള്ള ശ്രമം നടത്തേണ്ടതാണ്.

സ്ത്രീകൾ പൊതുരംഗത്ത് വരാതിരിക്കുന്നതിനുള്ള ഒരു കാരണം സമൂഹത്തിലെ പുരുഷൻമാർ പൊതുവെ വനിതകൾ പൊതുരംഗത്ത് വരുന്നത് ഇഷ്ടപ്പെട്ടിരുന്നില്ല. പെൺകുട്ടികളെ വിവാഹ കമ്പോളത്തിലെ നല്ല ചരക്കാക്കാനുള്ള രക്ഷിതാക്കളുടെ പരിശ്രമം സ്ത്രീകളെ പൊതുരംഗത്തു നിന്നും മാറ്റി നിർത്തുന്നു. ജാതീയവും മതപരവുമായ വിലക്കുകൾ, സ്വന്തമായ ഇച്ഛാശക്തിയുടെ അഭാവം എന്നീ കാരണങ്ങളാൽ സ്ത്രീകൾ പൊതുരംഗത്തേക്ക് വരാൻ മടിക്കുന്നു.

അടുക്കള ജോലി സ്ത്രീ മാത്രം ചെയ്യേണ്ടതാണെന്ന മനോഭാവം അഭ്യസ്തവിദ്യർ പോലും വെച്ചു പുലർത്തുന്നുണ്ട്. തൊഴിലെടുക്കുന്ന സ്ത്രീകൾ പോലും അടുക്കള ജോലി ഒറ്റയ്ക്ക് ചെയ്യാൻ നിർബന്ധിതരാകുന്നത് അവരുടെ ജോലി ഭാരം ഇരട്ടിക്കുന്നു. വീട്ടുജോലികൾ പങ്കുവെക്കാൻ പുരുഷൻ തയ്യാറാകണം. ആൺകുട്ടികളും പെൺകുട്ടികളുമുള്ള വീടുകളിൽ മുറ്റമടിക്കുക, പാത്രം കഴുകുക, വസ്ത്രങ്ങൾ കഴുകുക എന്ന ജോലികൾ പെൺകുട്ടികളെക്കൊണ്ട് മാത്രം ചെയ്യിക്കുന്ന ശീലം മാറ്റേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിൽ മഹിളാസമാജങ്ങൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. ഒരു വനിതാ സഹകരണ സംഘം രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

5ാം വാർഡിൽ DWCRA യൂണിറ്റുണ്ട്. IRDP സ്കീമിൽ പ്രവർത്തിക്കുന്ന ഫാൻസി ആൻറ് ഗാർമെൻറ്സ് ഉണ്ട്.

ചാരായ നിരോധനം കൊണ്ട് ഏറെ ആശ്വാസമായിട്ടുള്ളത് സ്ത്രീ സമൂഹത്തിനാണ്. എങ്കിലും മദ്യപാനത്തിൻെറ ദുരിതങ്ങളിൽ നിന്ന് സ്ത്രീ തീർത്തും മോചിതയായി എന്നു പറഞ്ഞു കൂടാ. വ്യാജ മദ്യവില്പന ബഹുജന പങ്കാളിത്തത്തോടെ തടയണം. ജനകീയ ബോധവല്ക്കരണത്തോടെ പഞ്ചായത്ത് മദ്യ വിമുക്തമാക്കണം.

കണ്ണൂർ ജില്ലയിലെ പ്രത്യേകതയാണ്, ഇവിടെ സ്ത്രീധനം എന്ന അർബുദം പിടിപെട്ടിട്ടില്ല എന്നത്. ആ പ്രത്യേകത നമ്മുടെ പഞ്ചായത്തിനും ബാധകമാണ്.

ചില പ്രത്യേക സമുദായങ്ങളിൽ മാത്രമേ സ്ത്രീധനം നിലനിൽക്കുന്നുള്ളൂ. നമ്പൂതിരിമാർ, മുസ്ലീങ്ങൾ എന്നിവരുടെ ഇടയിൽ സ്ത്രീധനം ഇല്ലെങ്കിലും വിവാഹം കഴിഞ്ഞു ഭർത്തൃഗൃഹത്തിലേക്ക് പോകുമ്പോൾ വീട്ടു സാധനങ്ങളും മറ്റും കൊണ്ട് പോകുന്ന പതിവ് ചുരുക്കം ചില സമുദായങ്ങളിലും വ്യക്തികളിലും നിലനിൽക്കുന്നുണ്ട്. ആഭരണങ്ങളുടെ കാര്യത്തിൽ നിഷ്കർഷിച്ചു പറയുന്നവരും ചുരുക്കമായുണ്ട്. എന്നാൽ സ്ത്രീധന പീഡനം എന്ന നിലയ്ക്കുള്ള സംഭവങ്ങളൊന്നും പഞ്ചായത്തിൽ ഉള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

പഞ്ചായത്തിൽ സിനിമാതിയേറ്ററുകളില്ലെങ്കിലും മറ്റ് തിയേറ്ററുകളുടെ സിനിമാ പരസ്യങ്ങൾ പഞ്ചായത്തിൽ അങ്ങിങ്ങ് പ്രദർശിപ്പിക്കുന്നുണ്ട്. ഇത്തരം പരസ്യങ്ങളിൽ നല്ലൊരു പങ്ക് സ്ത്രീകളെ ആഭാസകരമായി ചിത്രീകരിക്കുന്നവയാണ്. സ്ത്രീകളോട് അനാരോഗ്യകരമായ മനോഭാവം വളർന്ന് വരാൻ ഇത്തരം പോസ്റ്ററുകൾ ഇടയാക്കുന്നുണ്ട്.

<u>പ്രശ്നങ്ങൾ</u>:-

1. സ്ത്രീകളുടെ സാമൂഹ്യപദവി പിന്നോക്കമാണ്.
2. സ്ത്രീകളിൽ സ്ഥിരമായ വരുമാനമുള്ളവർ വളരെ ചെറിയ ശതമാനമേ ഉള്ളൂ.
3. പൊതുരംഗത്തേക്ക് വരുന്ന സ്ത്രീകളെ സമൂഹം വേണ്ടനിലയിൽ പ്രോത്സാഹിപ്പിക്കുന്നില്ല.
4. ചുരുക്കം ചില വിഭാഗങ്ങളുടെ ഇടയിൽ സ്ത്രീധനത്തിൻെറ പ്രശ്നങ്ങളുണ്ട്.
5. സ്ത്രീധനമില്ലെങ്കിലും പെൺകുട്ടികളുടെ വിവാഹത്തിന് ആഭരണങ്ങൾ, വീട്ടുപകരണങ്ങൾ എന്നിവയുടെ പേരിൽ പരോക്ഷമായ നിർബന്ധങ്ങൾ ഉണ്ടാകുന്നുണ്ട്.
6. സ്ത്രീകളുടെ സ്വയം തൊഴിൽ സംരംഭങ്ങൾ വിജയത്തിലെത്തിയിട്ടില്ല.
7. അടുക്കളജോലിയുടെ ഭാരം സമൂഹം വേണ്ടനിലയിൽ വിലയിരുത്തപ്പെടാതെ പോകുന്നു.
8. തൊഴിൽസ്ഥാപനങ്ങളോടനുബന്ധിച്ച് റിക്രിയേഷൻ ഇല്ല.

9. സ്ത്രീകൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് വേണ്ട പ്രത്യേക പ്രാഥമിക സൗകര്യങ്ങളൊന്നും ഇല്ല.

10. കാർഷികമേഖലയിലും നിർമ്മാണ മേഖലയിലും സ്ത്രീകളുടെ കൂലി നിരക്ക് കുറവാണ്.

11. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം തീരെ കുറവാണ്.

12. അസംഘടിതമായ സ്വകാര്യ ബീഡി മേഖലയിൽ സ്ത്രീകൾക്ക് കുറഞ്ഞ കൂലി മാത്രമേ കിട്ടാറുള്ളൂ.

13. സ്ത്രീകളെ ആഭാസകരമായി ചിത്രീകരിക്കുന്ന പോസ്റ്ററുകൾ പ്രദർശിപ്പിക്കാറുണ്ട്

14. ഗ്രന്ഥശാലകൾ സ്ത്രീകൾക്ക് സൗകര്യപ്രദമായ സമയങ്ങളിൽ തുറന്നു പ്രവർത്തിക്കുന്നില്ല.

<u>സാധ്യതകൾ</u>:-

1. വാർഡുകൾ തോറും സ്ത്രീകളെ സംഘടിപ്പിച്ചുകൊണ്ട് വനിതാ സമിതികൾ രൂപീകരിക്കുക

2. പഞ്ചായത്ത് തലത്തിൽ മാതൃസംഘങ്ങൾക്ക് ഒരു കോ-ഓർഡിനേഷൻ കമ്മറ്റി രൂപീകരിക്കുക.

3. പുരുഷന്മാരെക്കൂടി പങ്കെടുപ്പിച്ചുകൊണ്ടുള്ള സ്ത്രീ വിദ്യാഭ്യാസ ക്ലാസുകൾ സംഘടിപ്പിക്കുക.

4. സ്ത്രീകൾക്കായി നേത്ര പരിശീലന ക്ലാസുകൾ നടത്തുക.

5. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സ്ത്രീകൾക്ക് പ്രത്യേകമായ പരിശീലനം നല്കുക.

6. സ്ത്രീധനത്തിനെതിരെ ബോധവൽക്കരണം നടത്തുക.

7. വനിതാ തൊഴിൽ സംരഭകയൂണിറ്റുകൾക്ക് വിദഗ്ദ്ധരുടെ സേവന നിർദ്ദേശങ്ങൾ ലഭ്യമാക്കുക.

8. തൊഴിൽ സ്ഥാപനങ്ങളിൽ റിക്രിയേഷൻ തുടങ്ങുക.

9. എല്ലാസ്ഥാപനങ്ങളിലും സ്ത്രീകൾക്ക് വെണ്ട സൗകര്യങ്ങൾ ഉണ്ടെന്ന് വരുത്തുക.

10. അടുക്കള ജോലികളിൽ സ്ത്രീകളെ സഹായിക്കണമെന്ന ബോധം ആൺകുട്ടികളിലുണ്ടാക്കാൻ അതു സംബന്ധമായ വിദ്യാഭ്യാസം സ്കൂൾ തലത്തിൽ നല്കുക.

11. എല്ലാ മേഖലയിലും സമാനമായ ജോലിക്ക് തുല്യവേതനം എന്ന് അംഗീകരിപ്പിക്കുക

12. ഗ്രന്ഥാലയങ്ങളും മറ്റും ആഴ്ചയിൽ രണ്ടു ദിവസമെങ്കിലും പകൽ സമയങ്ങളിൽ തുറന്ന് പ്രവർത്തിക്കുക. വായനാ ശാലകളോടനുബന്ധിച്ച് സ്ത്രീകളുടെ വായനാ സംഘങ്ങൾ രൂപീകരിക്കുക.

13. അശ്ലീല പോസ്റ്ററുകൾ ഒഴിവാക്കുക. പഞ്ചായത്തിന്റെ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന പോസ്റ്ററുകളെല്ലാം പഞ്ചായത്ത് ഓഫീസിൽ കാണിച്ച് സീൽ

ചെയ്യണമെന്ന് നിഷ്കർഷിക്കുക.

14. അംഗൻവാടികൾ കേന്ദ്രീകരിച്ച് മഹിളാ സമാജങ്ങൾ രൂപീകരിക്കുക.

15. വനിതാ - കായിക കലാപ്രതിഭകൾക്ക് പഞ്ചായത്ത് തലത്തിൽ പ്രത്യേക പ്രോത്സാഹനങ്ങൾ നല്കുക.

16. വിധവാ പെൻഷൻ മക്കളിൽ ആൺകുട്ടികൾക്ക് 18 വയസ്സ് എന്നത് 25 വയസ്സ് വരെ ഉയർത്തണം.

പട്ടികജാതി/പട്ടികവർഗ്ഗക്ഷേമം

കടമ്പൂര് ഗ്രാമപഞ്ചായത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ കോളനികളില്ല. പഞ്ചായത്തിൽ 39 പട്ടികജാതി കുടുംബങ്ങളുണ്ട്. സ്ത്രീകളും പുരുഷൻമാരും കുട്ടികളും ഉൾപ്പെടെ 207 പേരാണ് ഈ വിഭാഗത്തിൽ നമ്മുടെ പഞ്ചായത്തിലുള്ളത്. വാർഡ് തിരിച്ചുള്ള ജനസംഖ്യയ്ക്ക് ചുവടെ പട്ടിക നോക്കുക. ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 1.3% ആണ്. പട്ടികജാതി ജനവിഭാഗങ്ങളുടെ പൊതു അവസ്ഥയിൽ നിന്ന് ഏറെയൊന്നും വ്യത്യസ്ഥമല്ല. നമ്മുടെ പഞ്ചായത്തിലെയും സ്ഥിതി. ഏറെ കുടുംബങ്ങളും ദാരിദ്ര്യരേഖയ്ക്ക് കീഴിൽ വരുന്നവയാണ്. വളരെ തുച്ഛമായ ഭൂമി മാത്രമേ ഇവരുടെ കൈവശമുള്ളൂ. മിക്കവരുടെയും കൈവശമുള്ള ഭൂമി 10 സെൻറിൽ താഴെയാണ്. അതിൽ തന്നെ മൂന്ന് സെൻറിനും താഴെയാണ്. അതിൽ തന്നെ മൂന്ന് സെൻറും 2 സെൻറും ഭൂമിയുളളവരാണ് ഭൂരിഭാഗവും. ഏഴാം വാർഡിൽ ഒരാൾക്ക് സ്വന്തമായി സ്ഥലവും വീടുമില്ല. ഇതര ജനവിഭാഗളെ അപേക്ഷിച്ച് ഉന്നത വിദ്യാഭ്യാസം സിദ്ധിച്ചവർ ഇവരുടെ ഇടയിൽ കുറവാണ്. ഇടയ്ക്ക് വെച്ച് സാമ്പത്തിക പ്രയാസം മൂലം പഠനം നിർത്തിയവരാണ് കൂടുതലും. എന്നാൽ ഇവർക്കിടയിൽ നിരക്ഷരർ കുറവാണ്.

തൊഴിൽ പരമായി നോക്കുകയാണെങ്കിൽ സർക്കാർ അർദ്ധ സർക്കാർ, ബാങ്കിംഗ് എന്നീ മേഖലയിൽ ജോലിചെയ്യുന്ന പതിമൂന്ന് പേരെ ഉള്ളൂ. മറ്റുള്ളവർ കൂലിവേല, തുണിനെയ്ത്ത് അലക്ക്, ബീഡി, മത്സ്യബന്ധനം, കൃഷിപ്പണി മറ്റ് പരമ്പരാഗത തൊഴിലുകൾ എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നു. തൊഴിൽ രഹിതരും ഇവരുടെ ഇടയിലുണ്ട്. സമൂഹത്തിൽ പ്രകടമായ വിവേചനമൊന്നും അനുഭവപ്പടുന്നില്ലെങ്കിലും ഇവരുടെ സാമൂഹ്യ പദവി മെച്ചപ്പെട്ടതല്ല. അപകർഷതാബോധവും ആത്മവിശ്വാസക്കുറവും ഇപ്പോഴും പലരിൽനിന്നും വിട്ടുമാറിയിട്ടില്ല. രാഷ്ട്രീയ പാർട്ടികളുടെയോ ബഹുജന സംഘടനകളുടെയോ നേതൃസ്ഥാനങ്ങളിൽ ആരും തന്നെ എത്തിപ്പെട്ടിട്ടില്ല. സഹകരണ സ്ഥാപനങ്ങളിലും മറ്റും സംവരണം ചെയ്ത സ്ഥാനങ്ങളിൽ ചിലർ പ്രവർത്തിക്കുന്നുണ്ട് വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, എന്നിവയ്ക്ക് അപേക്ഷ നൽകികാത്തിരിക്കുന്നവരുണ്ട്.

പട്ടികജാതി കുടുംബങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ തൃപ്തികരമല്ല. 14 വീടുകൾക്ക് സ്വന്തമായി കിണറില്ല. 19 വീടുകളിൽ കക്കൂസുമില്ല. ഇതിൽ 9ാം വാർഡിലെ അടുത്തടുത്തുള്ള

നാല് വീടുകളിൽ ആർക്കും കക്കൂസില്ല. ഇവർ പൊതുവായി ഒരു കിണറാണ് ഉപയോഗിക്കുന്നത്. 8ാം വാർഡിൽ അടുത്തടുത്തുള്ളമൂന്ന് വീട്ടുകാർക്ക് കക്കൂസില്ല. ഇവരും പൊതുവായി ഒരു പൊതു കിണറാണ് വെള്ളത്തിന് വേണ്ടി ഉപയോഗിക്കുന്നത്. സാമ്പത്തിക പ്രയാസവും സ്ഥലമില്ലായ്മയുമാണ് ഇവർക്ക് കക്കൂസും കിണറും നിർമ്മിക്കാൻ വയ്യാതെ പോയത്. 2ാം വാർഡിൽ ഒരു കുടുംബം സംഗീത ക്ലാസ്സ് നടത്തിയും 9ാം വാർഡിൽ ഒരു സ്ത്രീ പായ മെടഞ്ഞുമാണ് ഉപജീവനം നടത്തുന്നത്. ഈ വാർഡിൽ ചകിരി തൊഴിലാളികളുമുണ്ട്.

ജനസംഖ്യ ഒറ്റ നോട്ടത്തിൽ

വാർഡ് നമ്പർ	വീടുകൾ	ജനസംഖ്യ		കുട്ടികൾ	ആകെ
		പുരുഷൻമാർ	സ്ത്രീകൾ		
I	2	4	3	1	8
II	3	5	9	4	18
III	1	3	4	2	9
IV	1	3	3	7	13
V	3	9	5	4	18
VI	2	3	8	3	14
VII	8	17	15	11	43
VIII	13	23	27	13	63
IX	6	7	7	7	21
ആകെ	39	74	81	52	207

പ്രശ്നങ്ങൾ.

1. 14 വീടുകൾക്ക് സ്വന്തമായി കിണറില്ല.
2. കൈവശ ഭൂമി മിക്കവർക്കും പത്ത് സെൻറിൽ താഴെയാണ്.
3. വിദ്യാഭ്യാസത്തിൽ വേണ്ടത്ര പുരോഗതി ഉണ്ടായിട്ടില്ല.
4. വിദ്യാഭ്യാസത്തിനുള്ള ആനുകൂല്യങ്ങൾ പരിമിതമാണ്.
5. തൊഴിലില്ലായ്മ കൂടിവരുന്നു.
6. മൂന്നു വീടുകൾ ഓല മേഞ്ഞവയാണ്.
7. വീടു വെയ്ക്കാൻ സ്ഥലമില്ലാത്ത ഒരാളുണ്ട്.

8. പത്തൊൻപത് വീടുകളിൽ കക്കൂസില്ല.
9. വീടുനിർമ്മിക്കാൻ നൽകുന്ന ധന സഹായം പരിമിതമാണ്.
10. രോഗചികിത്സയ്ക്കും മറ്റും സഹായം ലഭിക്കുന്നില്ല.
11. ക്ഷേമപദ്ധതികളെപറ്റി പലരും അജ്ഞരാണ്.
12. സമൂഹത്തിന്റെ നേതൃസ്ഥാനത്തേക്ക് എത്തിപ്പെടാൻ അവസരം ലഭിക്കുന്നില്ല.
13. 18 വീടുകളിൽ വൈദ്യുതി ലഭ്യമായിട്ടില്ല.
14. ലോണുകളും മറ്റും ഉപയോഗപ്പെടുത്താനുള്ള ആത്മവിശ്വാസമില്ല.

സാധ്യതകൾ

1. പരമ്പരാഗത തൊഴിലുകളുടെ നവീകരണം, വൈവിധ്യവൽക്കരണം
2. വനിതകൾക്കായി പ്രത്യേക തൊഴിൽ പരിശീലനം.
3. സ്വയം തൊഴിൽ സംരഭകത്വം പ്രോത്സാഹിപ്പിക്കാൻ പരിശീലനക്ലാസുകൾ.
4. പഠനം നിർത്തിയവരെ കണ്ടെത്തി തുടർ വിദ്യാഭ്യാസം നൽകുക.
5. നേതൃത്വ പരിശീലനവും മറ്റും നൽകുക.
6. ബോധവൽക്കരണക്ലാസ്സുകൾ നടത്തുക.
7. പട്ടികജാതിക്കാരുടെ വീടുകൾ അറ്റകുറ്റപ്പണി നടത്തുക.
8. പട്ടികജാതി കലാകാരന്മാർക്ക് പ്രോൽസാഹനം നല്കുക
9. പട്ടികജാതി കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിച്ചു കൊടുക്കുക.
10. കിണറുകൾ നിർമ്മിച്ചുകൊടുക്കുകയോ ജലവിതരണ സംവിധാനം ഏർപ്പെടുത്തുകയോ ചെയ്യുക.

സഹകരണം

ഒന്നും രണ്ടും ലോകമഹായുദ്ധങ്ങളെത്തുടർന്നുള്ള ക്ഷാമവും കരിഞ്ചന്തയും പൂഴ്ത്തിവെപ്പും വ്യാപകമായപ്പോൾ സാധാരണക്കാർക്ക് താങ്ങാനാവാത്ത വായ്പാ വ്യവസ്ഥകളും കഴുത്തറുപ്പൻ പലിശയും ചുമത്തി രംഗത്തെത്തിയ ഹുണ്ടികക്കാരിൽ നിന്നും മോചനം കാംക്ഷിച്ചുകൊണ്ടാണ് നമ്മുടെ പഞ്ചായത്തിൽ ക്രഡിറ്റ് മേഖലയിൽ സഹകരണ സംഘങ്ങൾ രൂപീകൃതമായത്. 1915 ൽ രൂപീകരിച്ച അത്തരം ഒരു സംരംഭമാണ് ഇന്ന് കാടാച്ചിറ സർവ്വീസ് സഹകരണ ബേങ്ക് എന്ന പേരിൽ പ്രവർത്തിക്കുന്നത്.

തുടർന്ന് 1939 ൽ ഇന്നത്തെ കടമ്പൂർ സർവ്വീസ് സഹകരണ ബേങ്കിന്റെ ആദ്യരൂപമായ കടമ്പൂർ ഐക്യനാണയ സംഘവും 1964 ൽ കൺസ്യൂമർ മേഖലയിലെ ആദ്യ സംരംഭമായ കാടാച്ചിറ കസ്യൂമർ കോ-ഓപ് സ്റ്റോറും 1981 ൽ ആഡൂർ ക്ഷീരവ്യവസായ സഹകരണ സംഘവും രൂപീകൃതമായി. 1950 കളിലെ ക്ഷാമകാലത്ത് ചൊവ്വ കേന്ദ്രീകരിച്ച് രൂപീകരിച്ച പി. സി. സി. (പ്രൊകൂർമെൻറ് ഏൻറ് കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് ഇന്നത്തെ സഹകരണ റൂറൽ ബേങ്കായിത്തീർന്നത്. പ്രസ്തുത ബേങ്കിന്റെ രണ്ടു ബ്രാഞ്ചുകൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവക്കെല്ലാംമപുറമെ ജില്ലാ കോ-ഓപ് ബേങ്കിന്റെ ഒരു ശാഖ, കടമ്പൂർ പഞ്ചായത്ത് സഹകരണ സംഘം, കയർ വ്യവസായ സഹകരണ സംഘങ്ങൾ രണ്ട് സ്കൂൾ സഹകരണ സംഘങ്ങൾ എന്നിവയും സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്.

പൊതുജനങ്ങളിൽ ഭൂരിഭാഗവും വിവിധ സഹകരണ സ്ഥാപനങ്ങളിൽ അംഗങ്ങളാണ്. ക്രഡിറ്റ് സംഘങ്ങളിലെല്ലാം നല്ല ജനകീയ ബന്ധങ്ങളും ഇടപാടുകളുമുണ്ടെങ്കിലും ഇവയെല്ലാം ലാഭകരമായി പ്രവർത്തിക്കുന്നു എന്നു പറഞ്ഞുകൂടാ. ബേങ്കുകൾ കാർഷിക കാർഷികേതര വായ്പകൾ വിതരണം ചെയ്യുന്നുണ്ട്. ജില്ലാ ബേങ്കിന്റെ എടക്കാട് ശാഖയിൽ നിന്നും ചേലോറ ഹൗസിംഗ് കോ-ഓപ് സൊസൈറ്റിയിൽ നിന്നുമാണ് ഭവന നിർമ്മാണ വായ്പകൾ ലഭിക്കുന്നത്.

ആഡൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ക്ഷീരവ്യവസായസഹകരണസംഘം നല്ല പ്രവർത്തനം കാഴ്ചവെക്കുന്നുണ്ടെങ്കിലും ഉപഭോക്താക്കളുടെ ആവശ്യത്തിനനുസരിച്ച് പാൽ വിതരണം ചെയ്യാൻ ഈ സംഘത്തിന് കഴിയുന്നില്ല. എടക്കാട് ക്ഷീര സംഘത്തിന്റെ യൂനിറ്റുകളും നമ്മുടെ പഞ്ചായത്തിൽ നിന്ന് പാൽ ശേഖരിക്കുകയും വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. എടക്കാട് കാടാച്ചിറ എന്നിവിടങ്ങളിൽ മിൽമ ബൂത്ത് പ്രവർത്തിക്കുന്നത് ഏറെക്കുറെ ആശ്വാസകരമാണ്.

കേരള ദിനേശ് ബീഡി സഹകരണ സംഘത്തിന്റെ ചാല, തോട്ടട യൂനിറ്റുകളുടെ നിരവധിവർക്ക് ഷെഡ്ഡുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ബീഡിമേഖല നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധി തൊഴിലാളികളെ ഇതര തൊഴിലുകളിലേക്ക് വഴി മാറ്റിക്കൊണ്ടിരിക്കുകയാണ്. മിക്ക വർക്ക്ഷെഡ്ഡുകളിലും പുരുഷതൊഴിലാളികളേക്കാൾ സ്ത്രീതൊഴിലാളികളാണ് കൂടുതൽ. സഹകരണ മേഖലയിൽ ഒട്ടനവധി പരീക്ഷണങ്ങൾക്ക് സാധ്യതയും സൗകര്യവുമുള്ളതാണ് നമ്മുടെ പഞ്ചായത്ത്. ഇതര പ്രദേശങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ നമ്മുടെ വളർച്ച പരിമിതമാണ്. പോരായ്മകൾ പരിഹരിച്ച് സാധ്യതകളെ ചൂഷണം ചെയ്യാൻ നമുക്ക് കഴിയേണ്ടതുണ്ട്.

പ്രശ്നങ്ങൾ

1. പ്രാഥമിക ബേങ്കുകളുടെ പ്രവർത്തനപരിധിയിൽ ജില്ലാബേങ്കിന്റെ ശാഖകൾ തുറക്കുന്നത പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്
2. വർദ്ധിച്ചു വരുന്ന അടവുബാക്കി ഓരോ സ്ഥാപനത്തിന്റേയും പുരോഗതിക്ക് തടസ്സമാവുന്നു
3. വ്യവസായ മേഖലയിലെ മൂലധനക്കുറവ്
4. ആധുനിക വൽക്കരണത്തിന്റെ അഭാവം
5. ഉപഭോക്താക്കളുടെ ആവശ്യാനുസരണം പാൽലഭ്യമാക്കാൻ ക്ഷീരസംഘത്തിന് കഴിയുന്നില്ല.
6. സ്കൂൾ സഹകരണ സംഘങ്ങൾ പുസ്തകങ്ങൾ മാത്രമേ വിതരണം ചെയ്യുന്നുള്ളൂ.
7. കാർഷിക വായ്പകളുടെ വിനിയോഗം ഉറപ്പാക്കാത്തതിനാൽ കാർഷിക മേഖല തകർച്ചയിൽ തന്നെ.

സാദ്ധ്യതകളും നിർദ്ദേശങ്ങളും

1.പ്രാഥമിക സഹകണ ബേങ്കുകളുടെ മേഖലയിൽ ജില്ലാ ബേങ്കിന്റെ ബ്രാഞ്ചുകൾ തുറക്കുന്നത ഒഴിവാക്കപ്പെടണം
2. കാർഷിക വായ്പകളുടെ വിനിയോഗം ഉറപ്പാക്കേണ്ടതുണ്ട്.
3. സ്വയംതൊഴിൽ, ചെറുകിട വ്യവസായങ്ങൾ എന്നിവക്കായി നൽകുന്ന വായ്പകൾ പരിമിതമാണ്.ഇത പരിഹരിക്കാനാവണം.
4. വായ്പാ നിബന്ധനകൾ ഉദാരമാക്കണം.
5. ബേങ്കുകൾ നൽകുന്ന വിവിധയിനം കാർഷിക വായ്പകളെകുറിച്ച് കൃഷിക്കാരെഅറിയിക്കുന്നതിനുള്ള നടപടികൾവേണം.
6. പാൽക്ഷാമം പരിഹരിക്കുന്നതിന് അത്യുൽപാദന ശേഷിയുള്ള പശുക്കളെ വിതരണം ചെയ്യാനാവണം
7.പശുവിനെ വാങ്ങുന്നതിനുള്ള വായ്പകളും ഉദാരവ്യവസ്ഥയും ഉണ്ടാവണം.
8. ക്ഷീരോൽപന്ന നിർമ്മാണയൂനിറ്റുകൾ വിപുലീകരിക്കണം
9. കൂടുതൽ പാൽ സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കണം.
10. പ്രവർത്തന മൂലധനത്തിന്റെ അഭാവത്തിൽ പ്രയാസമനുഭവിക്കുന്ന സ്ഥാപനങ്ങളെ സർക്കാർ ഷെയർ നൽകി സഹായിക്കുക.
11. വിവിധ സഹകരണ സ്ഥാപനങ്ങളുടെ ഭരണസമിതിക്കും ജീവനക്കാർക്കും പരിശീലനം നൽകുക.
12. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവു തടയാൻ പ്രാദേശികാടിസ്ഥാനത്തിൽ സഹകരണ സ്റ്റോറുകൾ ആരംഭിക്കുക.
13. ഉപഭോക്തൃ കാൻറീൻ ആരംഭിക്കുക. (എടക്കാട് കാടാച്ചിറ എന്നിവടങ്ങളിൽ)
14. എല്ലാ യു. പി. സ്കൂളിലും സ്കൂൾ സഹകരണ സംഘങ്ങൾ രൂപീകരിക്കണം. എൽ.പി. സ്കൂളുകളെ ഇവയുമായ.ി ബന്ധിപ്പിക്കണം.
15. യൂനിഫോറങ്ങൾ ഉൾപ്പെടെ സ്കൂൾകുട്ടികൾക്കാവശ്യമുള്ള മുഴുവൻ സാധനങ്ങളും സ്കൂൾ സഹകരണ സംഘങ്ങളിലൂടെ വിതരണം ചെയ്യണം.
16. സ്കൂൾ സംഘങ്ങളുടെ ഷേർ സംഖ്യ വർദ്ധിപ്പിച്ച് കൂടുതൽ കാര്യക്ഷമമാക്കി പ്രവർത്തിക്കണം. ഇവയുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി ജീവനക്കാരെ നിയമിക്കണം.
17. രജിസ്റ്റർ ചെയ്തിട്ടുള്ളതും പ്രവർത്തന രഹിതവുമായ സംഘങ്ങളെ അവയുടെ സാദ്ധ്യതക്കനുസരിച്ച് പുനരുജ്ജീവിപ്പിക്കണം.
18. മുട്ട ഉൽപാദനം, കോഴി, ആട്, പന്നി, ഇറച്ചി ഉൽപാദന വിതരണ സഹകരണ സംഘങ്ങൾ രൂപീകരിക്കണം.

19. വിവിധോദ്ദേശ്യസഹകരണ സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്.

20. പഞ്ചായത്തിൽ മാത്രം പ്രവർത്തിക്കുന്ന ഹൗസിംഗ് സൊസൈറ്റികൾ രൂപീകരിക്കാവുന്നതാണ്.

21. സംഘത്തിന്റെ പ്രവർത്തന പരിധിയിൽ സ്ഥിരതാമസക്കാരും പ്രായപൂർത്തിയായവരുമായ മുഴുവൻപേരെയും സഹകരണ സ്ഥാപനങ്ങളിൽ അംഗങ്ങളാക്കുകയും ഓരോ കുടുംബത്തിന്റെയും ആവശ്യങ്ങൾ കണ്ടറിഞ്ഞ് അവരെ സഹായിക്കാൻ ഉതകുന്ന വിധം പരിപാടികൾ ആസൂത്രണം ചെയ്യുകയും വേണം.

22. കൂട്ടുകൃഷി സംരംഭങ്ങളെ പ്രോൽസാഹിപ്പിക്കണം. സഹകരണാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി നടത്തി ആഴ്ചചന്തകളിലൂടെ ഇവ വിതരണം ചെയ്യാൻ കഴിയണം.

23. അയൽക്കൂട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ സംഘടിപ്പിക്കുക.

24. മാനേജ്മെൻറ് പരിശീലനം. എല്ലാ വിഭാഗം സംഘങ്ങൾക്കും ലഭ്യമാക്കുക.

25. തൊഴിലാളികൾക്കും ജീവനക്കാർക്കും പ്രത്യേക പഠന ക്ലാസ്സുകൾ സംഘടിപ്പിക്കുക.

26. സംഘങ്ങളുടെ പ്രവത്തനം കാര്യക്ഷമമാക്കാൻ മാനേജ്മെൻറ് തൊഴിലാളി ഐക്യം ഉറപ്പാക്കുക.

27. പഞ്ചായത്തിന്റെ വികസന പദ്ധതികളുമായി ബന്ധിപ്പിച്ചുകൊണ്ട് മാർക്കറ്റിംഗ് സർവ്വീസ് സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

28. സോഷ്യൽ ഓഡിറ്റിംഗ് നടപ്പാക്കുക.

29. ജനറൽ ബോഡികളിൽ പങ്കാളിത്തം വർദ്ധിപ്പിക്കുക.



വിഭവ സമാഹരണം

സാമ്പത്തികശേഷിയിൽ വളരെ പിന്നിൽ നില്ക്കുന്ന ഒരു പഞ്ചായത്താണ് കടമ്പൂർ ധനശേഷിയുള്ള കുടുംബങ്ങൾ പോലും പഞ്ചായത്തിൽ കുറവാണ്. ആധുനിക വ്യവസായങ്ങളൊന്നും തന്നെ പഞ്ചായത്തിലേക്ക് കടന്നു വന്നിട്ടില്ല. കാർഷികമേഖലയിൽ നിന്നുള്ള വിഭവ സാധ്യതകളാണ് നമ്മുടെ പഞ്ചായത്തിൽ കൂടുതലായിട്ടുള്ളത്. കാർഷിക മേഖലയുടെ തകർച്ച, കൃഷി ഭൂമി തരിശിടൽ, നികത്തൽ എന്നിവ വിഭവ സാദ്ധ്യതകളെ മങ്ങലേൽപിക്കുന്നുണ്ടെങ്കിലും ഗ്രാമസഭകളിൽ നടന്ന ചർച്ചകൾ ഈ മാന്ദ്യം മാറ്റിയെടുക്കാനുള്ള ആത്മ വിശ്വാസം പകരുന്നവയാണ്.

നമ്മുടെ പഞ്ചായത്തിലെ പ്രധാന വ്യവസായമായ ബീഡി വ്യവസായവും പ്രതിസന്ധിയെ അഭിമുഖീകരിക്കുന്നു. കൈത്തറി മേഖല തീർത്തും പരിക്ഷീണമായിരിക്കുന്നു. കെട്ടിട നികുതി, തൊഴിൽ നികുതി സർവീസ് ചാർജ് ലൈസൻസ് ഫീസ് വസ്തു കൈമാറ്റ നികുതി എന്നിവയ്ക്ക് പുറമേ വിവിധ പദ്ധതികളുടെ പേരിൽ അനുവദിച്ചു കിട്ടുന്ന ധനസഹായം മാത്രമാണ് പഞ്ചായത്തിന്റെ മുഖ്യ വരുമാനം. കെട്ടിടങ്ങളുടെ എണ്ണം ഓരോ വർഷവും വർദ്ധിച്ചു വരുന്നതായി കാണാം. പഞ്ചായത്തിന്റെ വരുമാനം പ്രധാനമായും ഭരണച്ചെലവിനും റോഡ് നിർമ്മാണത്തിനുമാണ് ചെലവഴിച്ചത് എന്ന് കാണാം.

കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ

	1991-92	1992-93	1993-94	1994-95	1995-96
കെട്ടിടങ്ങളുടെ എണ്ണം	4055	4201	4316	4423	4550

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	ഒന്നിൽ കൂടുതൽ നിലകളുള്ള കെട്ടിടങ്ങൾ	മേൽപ്പുരയുടെ സ്വഭാവം ഒരു നിലയുള്ള കെട്ടിടങ്ങൾ			
			കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ
1.	487	111	86	209	78	3
2.	661	102	96	333	128	2
3.	498	91	92	250	65	
4.	439	114	44	222	55	4
5.	491	33	47	392	15	6
6.	438	11	66	317	38	6
7.	313	40	24	226	11	10
8.	374	24	40	284	21	5
9.	689	7	157	478	36	11
ആകെ	4390	533	682	2711	447	47

പഞ്ചായത്തിന്റെ വരവ് സംബന്ധിച്ച വിവരങ്ങൾ(1995 to1996)

ഇനം	ധനാഭ്യർത്ഥന	പിരിച്ചത്
കട്ടിടനികുതി	126669.00	126669.00
സർവീസ് ചാർജ്	212442.56	212442.56
തൊഴിൽ നികുതി	98790.00	97518.00
ചന്തവരവ്	520.00	520.00
ലൈസൻസ് ഫീസ്	11798.00	11798.00
വസ്തുകൈമാറ്റനികുതി	156437.00	
ഡപ്പോസിറ്റ്	8911.35	8911.00
മറ്റുള്ളവ	24578.75	-

നമ്മുടെ പഞ്ചായത്തിലെ പ്രധാന ധനകാര്യ സ്ഥാപനങ്ങൾ കാടാച്ചിറ സർവീസ് സഹകരണ ബേങ്ക്, കടമ്പൂർ സർവീസ് സഹകരണ ബാങ്ക്, പൊവ്വ സർവീസ് സഹകരണ റൂറൽ ബാങ്കിന്റ

ശാഖ, ജില്ലാ സഹകരണ ബേങ്കിന്റെ ശാഖ, വിജയാ ബാങ്ക് എന്നിവയാണ്. മനുഷ്യവിഭവം ഏറ്റവും പ്രധാനപ്പെട്ട വിഭവമാണ് .പുതിയ റോഡുകളുടെ നിർമ്മാണം, ജല സേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ ,കിണർ വൃത്തിയാക്കൽ, ശുചീകരണ പ്രവർത്തനം തുടങ്ങിയവ മനുഷ്യാദ്ധ്വാനശേഷി ഉപയോഗിച്ച് ചെയ്യാവുന്ന പ്രവർത്തനങ്ങളാണ്. ഗൾഫ് മലയാളികളായ വലിയൊരു വിഭാഗം നമ്മുടെ നാട്ടിലുണ്ട്. ഇവരെക്കൂടി പങ്കാളികളാക്കി ഇവരെക്കൊണ്ട് ഗ്രാമീണ വ്യവസായങ്ങളിൽ മുതൽ മുടക്കിച്ച് അവരുടെ മൂലധനത്തിൽ അർഹമായ ഡിവിഡൻറും നലകിയാൽ ഏത് വ്യവസായത്തിനും സാമ്പത്തികം പ്രശ്നമാവില്ല. നാട്ടിലേക്ക് മടങ്ങുന്ന ഗൾഫ് മലയാളികളും പുനരധിവാസത്തിനും ഇതുവഴി സാധിക്കും.

ലൈസൻസ് ഫീസ് സംബന്ധിച്ചവിവരങ്ങൾ

	സ്ഥാപനങ്ങളുടെ എണ്ണം					
	വ്യവസായം	ഹോട്ടലുകൾ	സാധാരണ കടകൾ	മറ്റുള്ളവ ഫീസ് .	ആകെ	വ്യാപാരം
1.	2		14.	3	19	619.50
2.	1		29	6	36	1210.00
3.	2	2	24	4	32	1013.00
4.	--		14	3	17	512.50
5.	2	1	36	10	49	2220.95
6.	--	2	14	3	19	520.00
7.	1		8	1	10	380.25
8.	2.	--	12	3	17	606.25
9.	3	5	115	17	140	4715.75

വിഭവങ്ങളെപ്പറ്റി ആലോചിക്കുമ്പോൾ മനുഷ്യ വിഭവത്തിന് മുൻഗണന നൽകേണ്ടതാണ് പഞ്ചായത്ത് തലത്തിൽ നടത്താവുന്ന ഒട്ടേറെ പദ്ധതികളെ സംബന്ധിച്ചുള്ള ഉപദേശ നിർദ്ദേശങ്ങൾ നൽകാൻ വൈദഗ്ദ്ധ്യമുള്ള ആളുകൾ പഞ്ചായത്തിൽത്തന്നെയുണ്ട് അവരുടെ സേവനം വിവിധ വികസനരംഗങ്ങളിൽ ഉപയോഗപ്പെടുത്താൻ കഴിയണം. നാട്ടിലെ ബഹുജനസംഘടനകളുടെ സഹകരണത്തോടെ റോഡുകളുടെ അറ്റകുറ്റപണി, ശുചീകരണപ്രവർത്തനങ്ങൾ കിണറുകളും കുളങ്ങളും വൃത്തിയാക്കൽ എന്നിവ ചെയ്യാവുന്നതാണ്.

പഞ്ചായത്തിന്റെ തനതുവരുമാനത്തിന് പുറമെ പ്രാദേശികതലത്തിൽ സമാഹരിക്കാവുന്ന സാമ്പത്തിക വരുമാനങ്ങൾ കണ്ടെത്തണം. ഗൾഫുരാജ്യങ്ങൾ മറ്റ്

വിദേശരാജ്യങ്ങളിലുമായി ജോലി ചെയ്യുന്നവരുടെ വിവരങ്ങൾ ശേഖരിച്ചുകൊണ്ട് ഉല്പാദനക്ഷമമായ മേഖലകളിൽ അവരുടെ പണം നിക്ഷേപിക്കാൻ അവരെ പ്രേരിപ്പിക്കാവുന്നതാണ് ജനകീയ സമിതികളുടെ നേതൃത്വത്തിൽ നടക്കുന്ന സംരംഭങ്ങൾ ക്ക് ധനസഹായം നൽകാൻ ബാങ്കുകളും മറ്റ് ധനകാര്യ സ്ഥാപനങ്ങളും തയ്യാറാകണം ദേശീയ സമ്പാദ്യ പദ്ധതിയിലും മറ്റും മുഴുവൻ കുടുംബങ്ങളെയും അംഗമായി ചേർത്ത് കൊണ്ട് അതിന്റെ വിഹിതം പഞ്ചായത്തിന് പ്രയോജനപ്പെടുത്താവുന്നതാണ്




ഉപസംഹാരം

പഞ്ചായത്തിന്റെ രൂപീകരണശേഷം ആദ്യമായാണ് ഇത്തരത്തിൽ ഒരു വികസന റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നത്. 12 വികസന മേഖലകളിലെ പ്രശ്നങ്ങളും സാധ്യതകളുമാണ് ഈ റിപ്പോർട്ടിൽ മുഖ്യമായും ഉൾക്കൊള്ളിച്ചിരിക്കുന്നത്. അതോടൊപ്പം പഞ്ചായത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വിവരങ്ങളും ഭൂപ്രകൃതിയെ സംബന്ധിച്ച വിവരങ്ങളും സാമൂഹ്യസംസ്കാരിക പശ്ചാത്തലവും ഹ്രസ്വമായി വിവരിച്ചിരിക്കുന്നു. കൃത്യമായ സാമൂഹ്യ സാമ്പത്തിക സർവ്വേയോ വിഭവ ഭൂപട നിർമ്മാണമോ നടന്നിട്ടില്ലാത്തതിനാൽ ഈ റിപ്പോർട്ടും വളരെ കൃത്യതയുള്ള ഒന്നാണെന്ന് പറഞ്ഞുകൂടാ. എന്നാൽ ചുരുങ്ങിയ സമയത്തിനുള്ളിൽ ആകാവുന്നത്ര കൃത്യതയോടെയാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ഈ പ്രദേശത്തിന്റെ വികസനത്തിൽ വിലപ്പെട്ട സംഭാവനകൾ നല്കിയ എത്രയോ വ്യക്തികളുടെയും സംഘങ്ങളുടെയും പേരുകൾ ഈ റിപ്പോർട്ടിൽ വിട്ടുപോയിട്ടുണ്ട്. നാടിന്റെ സമഗ്രമായ ഒരു ചിത്രം തയ്യാറാക്കുന്നതിനുള്ള ഒരു തുടക്കമായി മാത്രമേ ഇതിനെ കണക്കാക്കേണ്ടതുള്ളൂ. കടമ്പൂര് പഞ്ചായത്തിന്റെ സമഗ്രമായ വികസനത്തിന് സഹായകമാകുന്ന നിർദ്ദേശങ്ങൾ ഈ റിപ്പോർട്ട് ചർച്ചയുടെ ഭാഗമായി ഉണ്ടാകണമെന്ന് മുഴുവൻ പൗരജനങ്ങളോടും അഭ്യർത്ഥിക്കുന്നു.

Published by Desamithram Kannur-670001, Phone- 69823
D.T.P Layout Future Vision, Thalassery. Phone 233 272.

കടമ്പൂർഗ്രാമപഞ്ചായത്ത്

പൊതുവിദ്യാലയങ്ങൾ



1	ആഡൂര് വെസ്റ്റ് L.P.S
2	ആഡൂര് സെൻട്രൽ L.P.S
3	ആഡൂര് ഈസ്റ്റ് L.P.S
4	കാടാച്ചിറ H.S
5	കടമ്പൂർനോർത്ത് U. P.S
6	കടമ്പൂർ ദേവീവിലാസംL.P.S
7	കാടാച്ചിറ L.P.S
8	കോട്ടൂർ മാപ്പിള L.P.S
9	ഒരികര L.P.S
10	കടമ്പൂർH.S
11	കടമ്പൂർ സൗത്ത് L.P.S
12	കടമ്പൂർ ഈസ്റ്റ് U.P.S

